# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഫെബ്രുവരി 24 | ദീപം 54 | നാളം 45 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org




## യോഗി പറഞ്ഞതല്ല ലോകം കണ്ട കേരളം




പ്രഫ. റോണി കെ. ബേബി


ഉത്തർപ്രദേശ് നിയമസഭാതിരഞ്ഞെടുപ്പുപ്രചാരണ വേളയിൽ നേട്ടമുണ്ടാക്കാൻ ലക്ഷ്യം വച്ചുകൊണ്ട് യോഗി ആദിത്യനാഥ് നടത്തിയ അബദ്ധജടിലമായ കേരളവിരുദ്ധപ്രസംഗം വലിയ ചർച്ചയായിരിക്കുകയാണ്. കേരളം, കശ്മീർ, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളെപ്പോലെ ഉത്തർപ്രദേശ് ആകാതിരിക്കാൻ വോട്ടു ചെയ്യുമ്പോൾ സമ്മതിദായകർ ശ്രദ്ധിക്കണമെന്നായിരുന്നു യോഗിയുടെ വിവാദപ്രസ്താവന. സാമൂഹികസുരക്ഷാമേഖലകൾ ഉൾപ്പെടെ വിവിധ രംഗങ്ങളിൽ ലോകത്തിനുതന്നെ മാതൃകയായ കേരളത്തിന്റെ നേട്ടങ്ങൾ മറച്ചുവച്ചുകൊണ്ട് ബിജെപി നേതാക്കളുടെ ഭാഗത്തുനിന്ന് ആദ്യമായിട്ടല്ല ഇത്തരം പരാമർശങ്ങൾ ഉണ്ടാകുന്നത്. കഴിഞ്ഞ ലോകസഭാതിരഞ്ഞെടുപ്പുസമയത്ത് കേരളത്തിൽ എത്തിയ നരേന്ദ്രമോദി കേരളത്തെ സൊമാലിയയുമായി സാമ്യപ്പെടുത്തി നടത്തിയ പ്രസംഗം വലിയ വിമർശനങ്ങൾക്കു കാരണമായിരുന്നു.

കേരളത്തിനെതിരേയുള്ള യോഗിയുടെ പ്രസ്താവനയ്ക്കെതിരെ വലിയ വിമർശനമാണ് രാജ്യത്തിന്റെ പല ഭാഗങ്ങളിൽനിന്നും ഉയരുന്നത്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, ശിശുമരണ നിരക്ക്, പോഷകാഹാരനിലവാരം, ഭരണനൈപുണ്യം, അഴിമതി, മനുഷ്യവിഭവശേഷി വികസനം, ക്രമസമാധാനനിലവാരം തുടങ്ങിയ വിവിധ സൂചകങ്ങൾ വച്ചുകൊണ്ടു പരിശോധിക്കുമ്പോൾ താരതമ്യത്തിനുപോലും ഇടയില്ലാത്തവിധം കേരളത്തെ മോശമാക്കാനും ഉത്തർപ്രദേശിനെ മഹത്ത്വവത്കരിക്കാനുമുള്ള യോഗിയുടെ വിവാദപരാമർശം അദ്ദേഹത്തിനു നേരേതന്നെ തിരിച്ചടിക്കുന്ന കാഴ്ചയാണു കാണുന്നത്.

യോഗിയുടെ സ്വന്തം പാർട്ടിയായ ബിജെപി ഭരിക്കുന്ന കേന്ദ്രസർക്കാർതന്നെ തയ്യാറാക്കുന്ന വികസനസൂചികകളിൽ എല്ലാ രംഗത്തും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനമാണു കേരളം എന്നത് മറച്ചുവച്ചുകൊണ്ടാണ് മലയാളനാടിനെ മനഃപൂർവം ഇകഴ്ത്തിക്കാട്ടുന്ന പ്രസ്താവനയുമായി യോഗി രംഗത്തുവന്നിരിക്കുന്നത്. പുറത്തുവരുന്ന വികസനസൂചികകളിൽ എല്ലാ രംഗത്തും ഉത്തർപ്രദേശ് ഏറ്റവും പിന്നിലാണ് എന്ന യാഥാർത്ഥ്യം നിലനിൽക്കുമ്പോളാണ് കേരളത്തെ താറടിക്കാനും അപമാനിക്കാനുമുള്ള ആസൂത്രിതശ്രമം യോഗി ആദിത്യനാഥ് നടത്തിയിരിക്കുന്നത്. നീതി ആയോഗിന്റെയും കേന്ദ്രസർക്കാരിന്റെയും കണക്കുകൾപ്രകാരം, മനുഷ്യവികസനസൂചികകളിൽ മിക്കതിലും കേരളം ഒന്നാമതും ഉത്തർ പ്രദേശ് ഏറെ പിന്നിലുമാണ്. കഴിഞ്ഞ വർഷം നീതി ആയോഗ് പുറത്തിറക്കിയ സുസ്ഥിരവികസനലക്ഷ്യസൂചികയിലെ 15 വിഷയങ്ങളിൽ 13 എണ്ണത്തിലും യുപി കേരളത്തിന് ഒരുപാടു പിന്നിലാണ്. ഏറ്റവുമൊടുവിൽ നീതി ആയോഗ് പുറത്തുവിട്ട കേവല ദാരിദ്ര്യസൂചികയിൽ ഏറ്റവും ഉയർന്ന നിലവാരത്തിൽ കേരളം നിൽക്കുമ്പോൾ യോഗിയുടെ യുപിയാണ് ഇന്ന് ഇന്ത്യയിൽ ഏറ്റവുമധികം അതിദരിദ്രരുള്ള സംസ്ഥാനം.

▶ 8

## റഷ്യ – യുക്രെയ്ൻ സംഘർഷം ആശങ്കയുണർത്തി വൻശക്തികൾ




തോമസ് കുഴിഞ്ഞാലിൽ


രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകംകണ്ട ഏറ്റവും വലിയ പടയൊരുക്കം ഭീതി ജനിപ്പിച്ചിരിക്കുകയാണ്. ഹിറ്റ്ലറെ തോല്പിക്കാൻ പടക്കോപ്പുകളുമായി ബെർലിനിലേക്കു കുതിച്ചെത്തിയ പട്ടാളത്തെക്കാൾ വലിയ സൈനികസന്നാഹമാണ് അയൽരാജ്യമായ യുക്രെയ്നു ചുറ്റും റഷ്യ വിന്യസിപ്പിച്ചിരിക്കുന്നത്. വടക്ക് ബെലാറൂസിന്റെ അതിർത്തിയിലും കിഴക്ക് റഷ്യൻ അതിർത്തിയിലും പടിഞ്ഞാറ് മോൾഡോവയുടെ അതിർത്തിയിലുമായി 1,30,000 റഷ്യൻ സൈനികരാണ് യുദ്ധസജ്ജരായി നില്ക്കുന്നത്. യുക്രെയിന്റെ തെക്കൻ അതിർത്തി പങ്കിടുന്ന കരിങ്കടലിലും അസോവ് ഉൾക്കടലിലും ആണവമിസൈലുകളുമായി 150 ഓളം യുദ്ധക്കപ്പലുകളും അന്തർവാഹിനികളും അണിനിരന്നുകഴിഞ്ഞു.

1991 ൽ അവിഭക്ത സോവിയറ്റുയൂണിയനിൽനിന്നു സ്വാതന്ത്ര്യം നേടിയ യുക്രെയ്ൻ ഭൂവിസ്തൃതിയിൽ റഷ്യ കഴിഞ്ഞാൽ യൂറോപ്പിലെ രണ്ടാം സ്ഥാനക്കാരാണ്. 6,03,700 ചതുരശ്രകിലോമീറ്റർ (കേരളത്തിന്റെ 15 ഇരട്ടി) വിസ്തൃതിയുള്ള യുക്രെയിനിലെ ജനസംഖ്യ 5 കോടിയാണ്. യുഎസിനും ആസ്ട്രേലിയയ്ക്കും ഒപ്പം ഏറ്റവും കൂടുതൽ ഗോതമ്പ് കയറ്റി




അയയ്ക്കുന്നതും യുക്രെയ്നാണ്. സോവിയറ്റു ഭരണകാലത്ത് ശക്തമായിരുന്ന വ്യാവസായികമേഖലയുടെ തകർച്ചമൂലം യൂറോപ്പിൽ 23-ാം സ്ഥാനത്തേക്കു തള്ളപ്പെട്ട് ഏറെക്കുറെ ദരിദ്രരാജ്യമായി.

▶ 12

# നിലപാടുകളിൽ നിറം കലർത്താത്ത ഇടയശ്രേഷ്ഠൻ

## മാർ ജോസഫ് പവ്വത്തിൽ പറയേണ്ടതു പറയും; പറയേണ്ടതുമാത്രം.

■ ജോൺസൺ വേങ്ങത്തടം



മാർ ജോസഫ് പവ്വത്തിൽ ഒരു പാഠപുസ്തകമാണ്. അതിലെ ഓരോ അക്ഷരവും വാക്കും നൽകുന്ന ശക്തി വിശ്വാസികൾക്കും സഭയ്ക്കും സമൂഹത്തിനും ഒരു കരുത്താണ്. മതമായാലും രാഷ്ട്രീയമായാലും വിദ്യാഭ്യാസമായാലും ഓരോ വ്യക്തിയും അറിയേണ്ട പാഠമാണ് അദ്ദേഹം. വിശ്വാസികൾ എന്നും മനസ്സിൽ പ്രതിഷ്ഠിക്കുന്ന ഒരു പിതാവ്, സഭ എന്നും താലോലിക്കുന്ന വിശ്വാസതീക്ഷ്ണമതി, സമൂഹം എന്നും കൊതിക്കുന്ന ഒരു ഹീറോ - ഇതാണ് മാർ ജോസഫ് പവ്വത്തിൽ.

സീറോ മലബാർ സഭയുടെ ഇന്നത്തെ വളർച്ചയ്ക്കു പിന്നിൽ മാർ ജോസഫ് പവ്വത്തിലിന്റെ കയ്യൊപ്പു പതിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ നിലപാടും ദർശനങ്ങളും വിശ്വാസവും ഈ വളർച്ചയ്ക്കു വളവും വെള്ളവും നൽകി. പ്രാർത്ഥനയിലൂടെ ദൈവത്തെ കൂട്ടുപിടിച്ച് അദ്ദേഹം നേടിയെടുത്തതാണ് ഈ ശക്തി. ദൈവവചനത്തെ മുറുകെപ്പിടിച്ചുള്ള ജീവിതം. എന്നാൽ, തിന്മയ്ക്കും അഴിമതിക്കുമെതിരേ വിട്ടുവീഴ്ചയില്ലാത്ത നിലപാട്. 'നിലപാടുകളുള്ള സഭയുടെ ഇടയൻ' എന്നതാണ് അഭിവന്ദ്യ പവ്വത്തിൽ പിതാവിനെ വ്യത്യസ്തനും കുലീനനുമാക്കുന്നത്. എത്ര പേർ വേഷം കെട്ടിയാടിയാലും, എത്ര ജനക്കൂട്ടം തിങ്ങിനിറഞ്ഞാലും വേറിട്ടു തലയുയർത്തി നിൽക്കുന്ന ഇടയശ്രേഷ്ഠൻ. അദ്ദേഹത്തിന്റെ സാന്നിധ്യം നമ്മൾ തിരിച്ചറിയുമ്പോൾ നമ്മൾ ഒറ്റയ്ക്കല്ല, സഭയെ ആക്രമിക്കാൻ ഒരു തിന്മയുടെ ശക്തിക്കും കഴിയില്ലെന്ന ബോധ്യം നമ്മളിൽ ജനിക്കുന്നു. സഭാത്മകസാമൂഹിക ജീവിതത്തിൽ വിശ്വാസിസമൂഹം ജനഹിതമല്ല ദൈവഹിതമാണു തേടേണ്ടതെന്ന നിലപാടുള്ള മാർ ജോസഫ് പവ്വത്തിൽ സഭയ്ക്കും സമൂഹത്തിനുംവേണ്ടി ഒരുപോലെ നീതി തേടി.

പറയേണ്ടതു പറയും, പറയേണ്ടതുമാത്രം പറയും എന്നു പവ്വത്തിൽ പിതാവിനെക്കുറിച്ച് അഭിവന്ദ്യ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ പറഞ്ഞതെത്ര ശരിയാണെന്നു സഭ തിരിച്ചറിയുന്നു. പറയേണ്ടതു പറയുമ്പോഴും ആരോടും ശത്രുതാമനോഭാവം കാണിക്കാറില്ല. ആരോടും എനിക്ക് ശത്രുതയില്ലെന്നു പവ്വത്തിൽ പിതാവ് വ്യക്തമാക്കുന്നു. എന്നാൽ, എത്ര അധികാരമുള്ള ഭരണകർത്താക്കളോടും ശക്തമായി പറയേണ്ടതു പറയാനും എഴുതാനും തന്റേടമുള്ള തീക്ഷ്ണതയുള്ള പിതാവാണ് മാർ ജോസഫ് പവ്വത്തിലെന്നു കാലം തെളിയിച്ചു. വിശ്വാസത്തിനുവേണ്ടി വിട്ടുവീഴ്ചയില്ലാത്ത നിലപാടു സ്വീകരിച്ച പിതാവിന്റെ ഓരോ വാക്കും നെഞ്ചിലേറ്റുന്ന സഭാമക്കളാണ് ഇവിടെയുള്ളത്. പതിഞ്ഞ ശബ്ദത്തിൽ പറയും; എന്നാൽ, വാക്കുകൾ ചാട്ടുളിപോലെയാണ്. ഭരണഘടന ഉറപ്പുനൽകുന്ന ന്യുനപക്ഷാവകാശങ്ങൾ ധ്വംസിക്കപ്പെട്ടപ്പോഴെല്ലാം പവ്വത്തിൽ പിതാവ് തന്റെ തൂലികയ്ക്കു മൂർച്ചകൂട്ടി. സഭയെ പ്രതിക്കൂട്ടിലാക്കി ഒരു അധികാരിക്കും മുന്നോട്ടു പോകാൻ സാധിക്കില്ല. അതിന് അദ്ദേഹത്തിന്റെ തൂലിക സമ്മതിക്കില്ല. ജനപ്രീതിനോക്കി പിതാവ് ഒരിക്കലും പ്രതികരിച്ചിട്ടില്ല. ഭൂരിപക്ഷത്തിനു സുഖിക്കുന്നതോ സുഖിക്കാത്തതോ എന്നും ചിന്തിക്കാറില്ല. മതത്തെക്കുറിച്ചും രാഷ്ട്രത്തെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും വ്യക്തമായ ബോധ്യത്തോടെ സമൂഹത്തോടു സംവദിക്കാനുള്ള കഴിവാണ് പിതാവിനെ ഈ കാലഘട്ടത്തിന്റെ പ്രവാചകനാക്കി മാറ്റുന്നത്. ന്യൂനപക്ഷാവകാശധ്വംസനങ്ങളും വിദ്യാഭ്യാസസ്വാതന്ത്ര്യനിഷേധവും എന്നതുപോലെ അദ്ദേഹത്തിനു സന്ധി ചെയ്യാനാവാത്ത രണ്ടു യാഥാർത്ഥ്യങ്ങളാണ് ഈശ്വരനിഷേധവും മതവിരുദ്ധതയും. ക്രൈസ്തവ വിശ്വാസം, ആരാധനക്രമം, വിദ്യാഭ്യാസം, ന്യൂനപക്ഷാവകാശസംരക്ഷണം, സഭാവിജ്ഞാനീയം, സാമൂഹികജീവിതം എന്നിങ്ങനെ നിരവധി വിഷയങ്ങളിലുള്ള അദ്ദേഹത്തിന്റെ നിലപാട് സഭയ്ക്കും സമൂഹത്തിനുംവേണ്ടി മാത്രമാണ്.


പിതാവിന്റെ ഇടയനടുത്ത ശുശ്രൂഷയിൽ ആപ്തവാക്യമായി തിരഞ്ഞെടുത്തത് 'സത്യത്തിലും സ്നേഹത്തിലും' എന്നതാണ്. ചങ്ങനാശേരി അതിരൂപതയുടെ അധ്യക്ഷനായിരുന്ന വേളയിലും, ദേശീയ കത്തോലിക്കാ മെത്രാൻ സമിതി, കേരള കത്തോലിക്ക മെത്രാൻ സമിതി എന്നിവയുടെ പ്രസിഡന്റായിരുന്ന കാലഘട്ടത്തിലുമെല്ലാം അദ്ദേഹത്തിന്റെ തീക്ഷ്ണത ദർശിക്കാത്തവരില്ല. ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ ചെയർമാൻ ആയിരുന്ന കാലഘട്ടത്തിൽ വിദ്യാഭ്യാസസംരക്ഷണത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പോരാട്ടം കേരളം കണ്ടതാണ്. ദൈവസന്ദേശവും ദൈവഹിതവും ഒരുപോലെ വെളിപ്പെടുത്തുന്നവൻ, ദൈവഹിതത്തെ സന്ദേഹമില്ലാതെ ധൈര്യപൂർവം സാക്ഷിക്കുന്നവൻ എന്നിങ്ങനെ പവ്വത്തിൽ പിതാവ് വേറിട്ടുനിൽക്കുന്നു. ദൈവത്തിന്റെ നാവായി ലോകത്തിൽ വർത്തിക്കാനും ജനത്തിന്റെ നാവായി ദൈവതിരുമുമ്പിൽ വ്യാപരിക്കാനുമാണ് തന്റെ ഇടയനടുത്ത ശുശ്രുഷയിൽ പിതാവ് ശ്രദ്ധിച്ചിരുന്നത്. അളന്നുതൂക്കിയുള്ള സംസാരശൈലിയാണ് പിതാവിന്റേത്.

**മാർ ജോസഫ് പവ്വത്തിൽ മെത്രാഭിഷേക സുവർണജൂബിലിനിറവിൽ**

സഭയെക്കുറിച്ച് ആഴമായ അറിവും ഉൾക്കാഴ്ചയുമുള്ള പിതാവിനു വിവിധ സാമൂഹികപ്രശ്നങ്ങളിൽ സഭയുടെ ആധികാരികമായ നിലപാടും ദർശനവും എന്താണെന്നു വ്യക്തമാണ്. സാമൂഹികപ്രാധാന്യമുള്ള വിഷയങ്ങളിൽ നിസംഗത പാലിക്കയല്ല, ക്രിയാത്മകമായി പ്രതികരിക്കുക എന്ന നിലപാട് ജീവിതത്തിൽ വ്യക്തമാക്കിയ പിതാവാണ് മാർ പവ്വത്തിൽ. വിശ്വാസികളുടെ കാര്യത്തിലായാലും പൊതുസമൂഹത്തിന്റെ കാര്യത്തിലായാലും എല്ലാവർക്കും നന്മയും പുരോഗതിയും എന്നതാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. കേരളസഭയിൽ എന്നല്ല, കേരളത്തിലാകമാനം വിദ്യാഭ്യാസരംഗത്ത് ഇത്രയേറെ മുഴങ്ങിക്കേട്ട ഉറച്ചശബ്ദം വേറേയില്ല.

## പാലാ രൂപതയ്ക്കുവേണ്ടി ഈ വർഷം പൗരോഹിത്യം സ്വീകരിച്ചവർ

പാലാ രൂപതയ്ക്കുവേണ്ടി ഈ വർഷം 12 പേർ പൗരോഹിത്യം സ്വീകരിച്ച് അഭിഷിക്തരായി. ഇടത്തുനിന്ന് (പേര്, മാതൃ ഇടവക ബ്രായ്ക്കറ്റിൽ, ആദ്യനിയമനം ലഭിച്ച പള്ളി എന്നീ ക്രമത്തിൽ): ഫാ. ജൊവാനി കുറുവാച്ചിറ (കടപ്ലാമറ്റം), കാഞ്ഞിരത്താനം, ഫാ. ജോൺ നടുത്തടം (മണ്ണയ്ക്കനാട്), കളത്തൂർ, ഫാ. മാത്യു തയ്യിൽ (കളത്തൂർ), വടകര, ഫാ. മാത്യു തെന്നാട്ടിൽ (കാഞ്ഞിരത്താനം), പൈക, ഫാ. ജോസഫ് ചെങ്ങഴച്ചേരിൽ (അടുക്കം), പ്ലാശനാൽ, ഫാ. ജോസഫ് തോട്ടത്തിൽ (ചൂണ്ടച്ചേരി), കൂട്ടിക്കൽ, ഫാ. അഗസ്റ്റിൻ മേച്ചേരിൽ, (അരുവിത്തുറ), അറക്കുളം ന്യൂ, ഫാ. തോമസ് പ്ലാത്തോട്ടം (മലയിഞ്ചിപ്പാറ), പെരിങ്ങുളം, ഫാ. ജോർജ് ചാത്തൻകുന്നേൽ (ഉള്ളനാട്), മണ്ണാറപ്പാറ, ഫാ. അബ്രാഹം കുഴിമുള്ളിൽ (വലവൂർ), മേലുകാവുമറ്റം, ഫാ. ടോം ജോസ് മാമലശ്ശേരിൽ, (അൽഫോൻസാപുരം), കൊഴുവനാൽ, ഫാ. ജോൺ പുറക്കാട്ടുപുത്തൻപുര (മോനിപ്പള്ളി), പ്രവിത്താനം.


ഫാ. ജൊവാനി കുറുവാച്ചിറ


ഫാ. ജോൺ (ജോണി) നടുത്തടം


ഫാ. മാത്യു (ബോബിൻ) തയ്യിൽ


ഫാ. മാത്യു (ടോണി) തെന്നാട്ടിൽ


ഫാ. ജോസഫ് (ഗോഡ്സൺ) ചെങ്ങഴച്ചേരിൽ


ഫാ. ജോസഫ് (ഡിറ്റോ) തോട്ടത്തിൽ


ഫാ. അഗസ്റ്റിൻ (ഓസ്റ്റിൻ) മേച്ചേരിൽ


ഫാ. തോമസ് (തോമാച്ചൻ) പ്ലാത്തോട്ടം


ഫാ. ജോർജ് (മൈക്കിൾ) ചാത്തൻകുന്നേൽ


ഫാ. അബ്രാഹം (അഖിൽ) കുഴിമുള്ളിൽ


ഫാ. ടോം ജോസ് മാമലശ്ശേരിൽ


ഫാ. ജോൺ (ജോണറ്റ്) പുറക്കാട്ടുപുത്തൻപുര

# മനുഷ്യനെ മറക്കുന്ന ഡിജിറ്റൽസ്വപ്നങ്ങൾ



ടോം ജോസ്
തഴുവംകുന്ന്

**വി**കസനമെന്നതിന്റെ അടിസ്ഥാനമെന്തെന്നു തിരിച്ചറിയാതെ 'ഡിജിറ്റൽ സ്വപ്നം' എന്ന പുതിയ വ്യാഖ്യാനമാണു നമ്മുടെ പ്രസംഗത്തിലുടനീളം ഇപ്പോൾ. ദരിദ്രരേറുന്ന നമ്മുടെ നാട്ടിലെന്തു ഡിജിറ്റൽ കറൻസി? ഭൂമിയിൽ കടുത്ത വരൾച്ചയും സഹികെട്ട വെള്ളപ്പൊക്കവും ജനജീവിതത്തെ ദുസ്സഹമാക്കുമ്പോഴും സ്വപ്നങ്ങളുടെ 'ബഹിരാകാശ' യാത്രയിലാണോ നാമൊക്കെ? ഏതു വികസനവും യാഥാർത്ഥ്യമാക്കുന്നതിനുമുമ്പ് ഓരോ വികസനവും ഇവിടുത്തെ സാധാരണക്കാരിൽ സാധാരണക്കാരെ എങ്ങനെ ബാധിക്കുമെന്നു പഠിക്കണമെന്ന ഗാന്ധിജിയുടെ ചിന്ത നമുക്കു വിലയില്ലാത്തതായോ? നാട്ടിലും വിദേശത്തും ഉയർന്ന പീഠത്തിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന മഹാത്മജിയുടെ പ്രതിമയുടെ 'വേഷം' നമ്മുടെ രാജ്യത്തെ മക്കളോടുള്ള പ്രതിബദ്ധതയുടെ പ്രതിരൂപമാണെന്നു നാം വിസ്മരിക്കരുത്. കോട്ടും സ്യൂട്ടും ഡിജിറ്റൽ സംവിധാനങ്ങളും മാത്രമല്ല വികസനത്തിനാധാരം. ജനസാമാന്യത്തെ പ്രതികൂലമായി ബാധിക്കുന്നതും ഭൂരിപക്ഷത്തെ കടബാധ്യതയിലേക്ക് എത്തിക്കുന്നതുമായ 'കടമെടുപ്പ്' വികസനവും രാഷ്ട്രീയവും ഉപേക്ഷിക്കണം. സകലതും സ്വകാര്യമേഖലയ്ക്കു തീറെഴുതി സ്വസ്ഥമാകാൻ വെമ്പൽ പൂണ്ടിരിക്കുന്ന സർക്കാരുകൾക്കെങ്ങനെയാണ് കെ. റെയിൽ അഥവാ സിൽവർ ലൈൻപോലുള്ള പദ്ധതികളെക്കുറിച്ചു ചിന്തിക്കാനാകുന്നത്?

നിലവിലുള്ള ഗതാഗതസംവിധാനങ്ങളുടെ കാര്യക്ഷമതയെ പുനരുജ്ജീവിപ്പിക്കാനും ശക്തിപ്പെടുത്താനുമാകാത്ത സർക്കാരുകൾക്കു നാടിന്റെ തെക്കുവടക്ക് അതിവേഗ റെയിൽപാതയെക്കുറിച്ചു ചിന്തിക്കാനാകുമോ? ഏറിയാൽ അഞ്ചു വർഷംമാത്രം കാലാവധിയുള്ള ജനാധിപത്യസർക്കാരുകൾക്കു സിൽവർലൈൻ പദ്ധതികളെ തിളക്കമുള്ളതാക്കാൻ അവസരമുണ്ടോ? അഥവാ അടുത്ത സർക്കാർ വരുമ്പോൾ മറ്റൊരു പദ്ധതിയെ സ്വപ്നം കാണുകയും സിൽവർ ലൈനിന്റെ സർവ്വേക്കല്ലുകൾ കാടുകയറി നോക്കുകുത്തികളും സാധാരണക്കാർക്കു ജീവിതക്ലേശം വർധിപ്പിക്കുന്ന തർക്കത്തിന്റെ അതിർത്തിക്കല്ലുകളുമായി മാറില്ലേ? ക്ലേശങ്ങൾക്ക് ഒട്ടും ശമനം വരാത്ത നമ്മുടെ നാട്ടിൽ അടിസ്ഥാനവികസനം ശക്തിപ്പെടുത്തുകയാണു വേണ്ടത്. ഓരോ പൗരന്റെയും കടഭാരം വർദ്ധിപ്പിക്കുന്ന 'കടമെടുപ്പുവികസനം' ഒരു ദുരന്തമാണ്; ഭാവിതലമുറയെ ഇനിയും കുടിയേറ്റക്കാരാക്കുന്നതുമാണ്. അടഞ്ഞുകിടക്കുന്ന കൊട്ടാരസദൃശമായ വീടുകളും 'സനാഥരായ അനാഥ'രുടെ ഗദ്ഗദങ്ങൾ ഏറുന്നതുമായ നമ്മുടെ നാട്ടിൽ കെ. റെയിൽ മാത്രമാണോ പരിഹാരം? ചേരിക്കു മുന്നിലൂടെ പോകുന്ന കെ. റെയിലിനു സിൽവറിന്റെ തിളക്കമോ മഹിമയോ ലഭിക്കുമോ? എളുപ്പത്തിൽ കയറിപ്പറ്റാവുന്നതും വിഷമിച്ചു രക്ഷപ്പെടാവുന്നതുമായ ഒരു കുടുക്കാണ് യഥാർത്ഥത്തിൽ 'കടം' എന്ന രണ്ടക്ഷരം! വ്യക്തിയും സമൂഹവും ഭരണകൂടവും കടത്തിന്റെ കെണിയിലാകുന്ന വികസനത്തിന് ഒരു സ്വപ്നത്തിന്റെ വശ്യതമാത്രമാണ്; യാഥാർത്ഥ്യം തീരെയില്ലെന്നറിയണം.

രാജ്യത്തിന്റെ വികസനത്തിന് ആക്കം കൂടുന്നത് 'എല്ലാവർക്കും തൊഴിൽ' എന്ന യാഥാർത്ഥ്യത്തിലേക്കു നാമെത്തുമ്പോഴാണ്. തൊഴിലിന്റെ അടിസ്ഥാനം സർവകലാശാലായോഗ്യതകൾക്കപ്പുറം അഭിരുചിക്കനുസരണവും പരസ്പരം സഹായിച്ചും സഹകരിച്ചും രാജ്യപുരോഗതിയെയും സുസ്ഥിരജീവിതാവസ്ഥയെയും ലക്ഷ്യം വച്ചുകൊണ്ടുള്ളതുമാകണം. ഉന്നതയോഗ്യതയെക്കാൾ മഹത്ത്വപൂർണമായ 'ജീവിതവീക്ഷണം' പൗരന്മാർ സ്വന്തമാക്കണം. വിദേശത്തുള്ളവർ 'എല്ലാവർക്കും തൊഴിൽ' എന്ന യാഥാർത്ഥ്യത്തിൽ ജീവിക്കുന്നവരാണ്; എന്നാൽ, യോഗ്യതാസർട്ടിഫിക്കറ്റുകളുടെ തലം എവിടെ നിൽക്കുന്നുവെന്നുകൂടി ചിന്തിക്കുക!

നമുക്കിവിടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന വ്യവസായശാലകളും ഇതരപദ്ധതികളുമാണു വികസനത്തിന്റെ രൂപരേഖയിലേക്കു കടന്നുവരേണ്ടത്. പദ്ധതിരേഖയ്ക്കും പദ്ധതിയടങ്കലിനും പദ്ധതികളുടെ പൂർത്തീകരണത്തിനുമിടയിലെ അഴിമതിയുടെയും കാലതാമസത്തിന്റെയും കടമ്പകൾ വികസനത്തിന്റെ ആത്യന്തിക ഗുണഫലത്തിനു വിഘാതം സൃഷ്ടിക്കുന്നില്ലേ? നിക്ഷേപകർ മുന്നോട്ടു വരുമ്പോഴും നിക്ഷേപങ്ങളുടെ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്ന രാഷ്ട്രീയം നമുക്കു ശീലമുണ്ടോ? ഏതു പ്രസ്ഥാനം വന്നാലും വളരെ പെട്ടെന്നുതന്നെ അതു പൂട്ടിക്കുന്ന തൊഴിൽപ്രശ്ന'കൊടികൾ' നമ്മുടെ നാടിന്റെ ശാപമല്ലേ? ആരെതിർത്താലും പദ്ധതി മുന്നോട്ടുപോകുമെന്നു പറയുന്നവർ കെ. റെയിലിന്റെ ലക്ഷ്യം എന്തെന്നു പറയുമോ? ആരാണ് ഇത്ര 'മിന്നൽവേഗ'ത്തിൽ തെക്കുവടക്കു യാത്ര ചെയ്യുന്നവർ? അതും കേരളത്തെ രണ്ടായി കീറിമുറിച്ചുകൊണ്ട്? ഡിജിറ്റൽ സ്വപ്നം എത്ര ഉയർന്നതായാലും നമുക്കിടയിലെ പലവിധ പാർശ്വവത്കരണത്തിനു പരിഹാരമുണ്ടാകേണ്ടേ? ഏതു പദ്ധതിയിലും സ്വന്തം ലാഭം നോക്കുന്ന രാഷ്ട്രീയത്തിനു സിൽവർ ലൈൻ 'അപവാദ'മാകുമോ? കേരളത്തിന്റെ തെക്കുവടക്കു മനുഷ്യജീവിതം എങ്ങനെയെന്നു പഠിക്കുന്നതാണു പ്രധാനം. നിലവിലെ പദ്ധതികളുടെ തിളക്കം യാഥാർത്ഥ്യമായോയെന്നും പഠിക്കണം. ഏതു കാര്യത്തിന്റെയും 'അടിസ്ഥാനശില' സ്ഥാപിക്കുന്നതിൽ പരസ്പരം മത്സരിക്കാതെ, രാഷ്ട്രീക്കാർ ഒരു മേശയ്ക്കു ചുറ്റുമിരുന്നു വേണ്ടതും വേണ്ടാത്തതും തിരിച്ചറിഞ്ഞ് ഒരുമയോടെ പ്രവർത്തിക്കണം. അതിനാണല്ലോ നമ്മുടെ നിയമനിർമാണസഭയൊക്കെ ഉണരേണ്ടത്? ഭൂരിപക്ഷം പാസാക്കുന്നതെല്ലാം ജനക്ഷേമം കൈവരുന്നതാണെന്നു നിർബന്ധമുണ്ടോ? പാവങ്ങളെ ചവിട്ടിനിന്നുകൊണ്ടും, ചവിട്ടിമെതിച്ചുകൊണ്ടുമുള്ള വികസനം ആർക്കുവേണ്ടി?

അഭ്യസ്തവിദ്യരും ബുദ്ധിരാക്ഷസരും മികവുറ്റ സാങ്കേതികവിദഗ്ധരും, സർവോപരി മനുഷ്യവിഭവശേഷിയും നാടുവിടുന്ന ഇന്നത്തെ സങ്കീർണനാളുകളിൽ മലയാളക്കരയുടെ ശോഭയും തിളക്കവും വെറും നിർമാണപ്രവർത്തകരുടെ (അതിഥിത്തൊഴിലാളികൾ) വിയർപ്പിൽ മാത്രം ഒരുക്കുന്നതിൽ ഒരു വിചിന്തനം വേണ്ടേ? സിൽവർ ലൈൻ പ്രാവർത്തികമാക്കാൻ ഓടിനടക്കുമ്പോഴും ഒരു ചോദ്യമുണ്ട്: സിൽവർ ലൈൻ എന്ന സ്വപ്നം യാഥാർത്ഥ്യമായാൽ യാത്രക്കാരായി മലയാളികൾ ഉണ്ടാകുമോ? മലയാളവും ഉണ്ടാകുമോ? ദാരിദ്ര്യത്തിനും പട്ടിണിക്കും വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കും മാറ്റം വരുമോ? പരിസ്ഥിതിയെ തെക്കുവടക്കു തകിടം മറിക്കുന്ന സിൽവർലൈനിനു കേരളത്തെ രണ്ടാക്കുന്ന ഒരു മതിൽസ്വഭാവം ഉണ്ടാകില്ലേ? ദരിദ്രർ പരമദരിദ്രരും സാധാരണക്കാർ ദരിദ്രരും ആകുന്ന പുതിയ ഡിജിറ്റൽ വികസനം ആലോചനയില്ലാത്തതുതന്നെ. പണത്തിനു ക്ഷാമം വരുമ്പോൾ പ്രവാസിമലയാളിയോടു നാടിനെക്കുറിച്ചുള്ള ഓർമപ്പെടുത്തലുണ്ടാകും. പ്രവാസിക്കു മുന്നിലാണല്ലോ നമ്മുടെ വികസനത്വരയുടെ ധാർഷ്ട്യം വിളമ്പുന്നതും!

വികസനമെന്നതിന് ഒരു മുഖ്യധാരാഗുണഫലം ഉണ്ടാകണം. കർഷകർക്കും കാർഷികമേഖലയ്ക്കും ഏറെ പ്രാധാന്യമുള്ള നമ്മുടെ നാട്ടിൽ കാർഷികവിഭവബന്ധിയായ വികസനമോ കർഷകരുടെ വളർച്ചയോ ഉണ്ടാകുന്നുണ്ടോ? വാണിജ്യാടിസ്ഥാനത്തിലുപരി, വ്യാവസായികാടിത്തറയുള്ള നാട്ടിലേ സംതൃപ്തമായ വികസനവും തദ്വാരയുള്ള തൊഴിലവസരങ്ങളും ഉണ്ടാകൂ. സിൽവർലൈൻപോലുള്ള സ്വപ്നപദ്ധതികളെക്കാൾ നാടിനാവശ്യം പുതിയ പുതിയ വ്യവസായശൃംഖലകളാണ്. എന്തു പഠിച്ചാലും എത്ര പഠിച്ചാലും ഈ നാട്ടിൽ ജീവിക്കാനാവശ്യമായ തൊഴിൽ ലഭ്യമല്ലെന്നു യുവാക്കളും പരിണതപ്രജ്ഞരായ പഠിതാക്കളും പറയുന്നത് ഭരണകർത്താക്കൾ മനസ്സിലാക്കാത്തതെന്ത്?



മലയാളക്കരയുടെ വിഭവശേഷിയുടെ വൈശിഷ്ട്യങ്ങളും വൈവിധ്യങ്ങളും എന്തേ ഇന്നും വികസനത്തിന്റെ പുത്തൻമാനം അന്വേഷിക്കുന്നു? മൂല്യവർധിതോത്പന്നങ്ങളിലൂടെ നമ്മുടെ വ്യവസായങ്ങളും കയറ്റുമതിയും തൊഴിൽ സാധ്യതകളും ജീവിതനിലവാരവും മെച്ചമാക്കാമെന്നിരിക്കേ, ഡിജിറ്റൽ സ്വപ്നങ്ങളുടെ ചില്ലുമേടയിലിരുന്നു കൊടിയ ദാരിദ്ര്യത്തിന്റെമേൽ കൊട്ടാരം പണിയരുത്. സാരാംശത്തിൽ വികസനമെന്നതിനു സാധാരണക്കാരുടെ അനുദിനജീവിതസംതൃപ്തിയോളം ഉന്നതിയുണ്ട്; ഉണ്ടാകണം! തിരഞ്ഞെടുക്കപ്പെടുന്ന ചിലരുടെയൊക്കെ ആശയാഭിലാഷങ്ങളുടെ പൂർത്തീകരണത്തിനു പട്ടിണിക്കാരുടെ പഴംകഞ്ഞിയിൽ കൈയിട്ടു വാരരുത്. പ്രകൃതിയെ തകിടം മറിക്കുകയോ താറുമാറാക്കുകയോ ചെയ്യരുത്. ചുരുക്കത്തിൽ, മുഴുവൻ ജനത്തിന്റെയും ആളോഹരി കടം വർധിപ്പിച്ച് വികസനസ്വപ്നാടനത്തിൽപ്പെട്ട് ഉള്ള കഞ്ഞിയിൽ പാറ്റയിടരുതേ! ഡിജിറ്റൽ യുഗത്തിലെ ആധുനിക മലയാളികുടുംബങ്ങൾ, യുവജനങ്ങളായി ആരും ശേഷിക്കാത്ത സാഹചര്യത്തിലേക്കെത്തുന്നുവെന്ന് സർക്കാരുകൾ മറക്കരുത്. വൃദ്ധരുടെ നാടായി മലയാളനാട് മാറുന്നുവെന്നത് ഏതു വികസനത്തിനു നടുവിലും ആശങ്കയുണർത്തുന്നു. നമ്മുടെ മക്കൾക്കു നാട്ടിൽ ജോലി ചെയ്തു ജീവിതം കെട്ടിപ്പടുക്കാൻ അവസരമുണ്ടാകണം; നാട് നാട്ടുകാർക്കു പ്രിയങ്കരമാകണമെങ്കിൽ മാന്യമായി വരുംതലമുറയ്ക്കു ജീവിക്കാനാകണം. ഡിജിറ്റൽ കറൻസിയും ഡിജിറ്റൽ യുഗവും നമ്മുടെ മനുഷ്യത്വത്തെ ഹനിക്കരുത്. ■

---

കവിത

ജി. സുഗത നൂറനാട്

## പാഥേയമില്ലാത്ത പഥിക



ഒറ്റയ്ക്കിരിക്കുമ്പോഴോർക്കുന്നു ഞാനെന്റെ
പൊയ്പ്പോയ കാലവസന്തങ്ങളെ.
എപ്പോഴോ യാത്ര പറഞ്ഞു കടന്നുപോയ്
നഷ്ടസ്വർഗങ്ങളായ് എന്റെ ബാല്യം
മാരിവിൽ വർണങ്ങൾ ചാലിച്ച കൗമാരം,
പൂത്ത തേൻമാവുപോൽ യൗവനവും,
അമ്മതൻ ചാരത്തും ഉമ്മറപ്പടിയിലും,
അമ്മിഞ്ഞപ്പാലിൻ സുഗന്ധവുമായ്
അമ്മ-നിഴലായെന്നാത്മാവിനുള്ളിലെ
മൺചിരാതിൻ നിറദീപമായി.
ജനകന്റെ ഗർജനം - കർണത്തിലിപ്പൊഴും
മാറ്റൊലിക്കൊള്ളുന്ന പേടിസ്വപ്നം!
കൂടപ്പിറപ്പുകൾ വറ്റാത്തുറവയായ്
സ്നേഹക്കലവറ തീർത്തിടുമ്പോൾ,
ഇരുളിലെൻ വഴികാട്ടിയായ ഗുരുജനം
അറിവിന്റെ അക്ഷയഖനികളായി.
പാതിവഴിയിൽ പിരിഞ്ഞുപോയ് തോഴനും
ഈ അപരാഹ്നം വിമൂകമാക്കി.
ഒഴുകുന്ന പുഴയിലെ ഓളങ്ങളിൽ ഞാനെൻ
ഓർമകൾ കടലാസുതോണിയാക്കി.
കാത്തിരിക്കുന്നൂന്നുവടികളുമായെന്റെ
വാർദ്ധക്യം പടിവാതിലോളമെത്തി.
മാടിവിളിക്കുന്നു, പോകട്ടെ; ഞാനിനി
പാഥേയമില്ലാത്ത പഥികയായി.

# അടിമക്കച്ചവടത്തിന് അറുതി വരുത്താൻ



ഫാ. ജോസഫ് നെച്ചിക്കാട്ട്

പൗരാണികലോകത്തിലെ ഏറ്റവും വലിയ അടിമവ്യവസായകേന്ദ്രമായിരുന്നു ഉജീജി. താൻസാനിയായിൽ (ഈസ്റ്റ് ആഫ്രിക്ക) കിഗോമയ്ക്കടുത്തുള്ള ഒരു കൊച്ചുപട്ടണം. അവിടെ ഒരു മാവിൻചുവട്ടിൽ ഒരു ജോടി യുവതികളെ കെട്ടിയിട്ടിരിക്കുകയാണ് (1867). പകൽ മുഴുവൻ അവരെക്കൊണ്ടു പണിയെടുപ്പിക്കുകയും രാത്രിയിൽ പീഡിപ്പിക്കുകയുമായിരുന്നു ഉടമകളുടെ സ്ഥിരം പരിപാടി. എന്തോ പന്തികേടു പറ്റിയതുകൊണ്ടാണ് അവരെ മറിച്ചുവില്ക്കാൻ കൊണ്ടുവന്നിരിക്കുന്നത്. കീറിപ്പറിഞ്ഞ, ഇത്തിരി വസ്ത്രം മാത്രം ധരിച്ച ആ സാധുക്കളുടെ പിറകിൽ സൂചിമുനയുള്ള ചാട്ടകൊണ്ട് ഉടമ തെരുതെരെ കുത്തി. വേദനകൊണ്ടു പുളഞ്ഞ യുവതികളോട് ഉടമ കല്പിച്ചു: "നിവർന്ന് ഇത്തിരികൂടെ ഞെളിഞ്ഞു നില്ക്കൂ."

അടുത്തുവന്ന രണ്ടു കച്ചവടക്കാർ ആകെ മൊത്തം അവരെ പിടിച്ചു നോക്കി വില ചോദിച്ചു: "രണ്ടിനുംകൂടെ 100 ഷില്ലിങ്." വില കേട്ടപാടെ വ്യാപാരികൾ നടന്നകന്നു. രംഗം മുഴുവൻ കണ്ടുകൊണ്ടു നിന്ന ഒരു സ്കോട്ട്ലൻഡുകാരൻ നൂറു ഷില്ലിങ്ങും കൊടുത്ത് അവരെയും കൊണ്ടുപോയി; ആളൊഴിഞ്ഞ ഒരു മൂലയിൽവച്ച് അവരെ വിലങ്ങഴിച്ചുവിട്ടു. അദ്ദേഹമാണ് ആഫ്രിക്ക കണ്ടിട്ടുള്ളതിലേക്കും വലിയ മിഷനറി – ഡേവിഡ് ലിവിങ്സ്റ്റൺ.

1841 മാർച്ചു 14 ഓടുകൂടിയാണ് ലിവിങ്സ്റ്റൺ ആദ്യമായി ആഫ്രിക്കയിലെത്തുന്നത്. അടിമത്തം അവസാനിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ അടങ്ങാത്ത ആഗ്രഹം. അടിമവ്യാപാരികളായ അറബികളുമായി അദ്ദേഹം പലവട്ടം ഏറ്റുമുട്ടിയിട്ടുണ്ട്. അവരിൽനിന്നൊക്കെ അവഹേളനങ്ങളും മർദനങ്ങളും മുറപോലെ ഏറ്റുവാങ്ങിയിട്ടുമുണ്ട്.


ലിവിങ്സ്റ്റണെപ്പറ്റി പടിഞ്ഞാറൻലോകത്തിന് ഏറെക്കാലത്തേക്ക് ഒന്നുമറിഞ്ഞുകൂടായിരുന്നു. അതിനാൽ, ഹെൻറി മോർട്ടോൺ സ്റ്റാൻലി എന്ന അമേരിക്കക്കാരൻ അദ്ദേഹത്തെ തേടിപ്പുറപ്പെട്ടു. 1871 ൽ ഉജീജിയിലെ ഒരു മാവിൻചുവട്ടിനടുത്തുള്ള ചെറ്റക്കുടിലിൽ വച്ച് സ്റ്റാൻലി കണ്ടെത്തുന്നത് പല്ലുകൊഴിഞ്ഞ് അകാലവാർദ്ധക്യം പ്രാപിച്ച ലിവിങ്സ്റ്റണെയാണ്.

സ്റ്റാൻലി ലിവിങ്സ്റ്റണെ കണ്ടുമുട്ടിയിടത്തുള്ള മാവ് ഇന്നില്ല. പക്ഷേ, അവിടെ ഉയർന്നു നില്ക്കുന്ന പല മാവുകളും അടിമകളുടെ കരളലിയിക്കുന്ന കരച്ചിൽ കേട്ടിട്ടുണ്ട്. അവയുടെ തായ്ത്തടികളിൽ അവരുടെ രക്തവും മാംസക്ഷണങ്ങളും പറ്റിപ്പിടിച്ചിട്ടുണ്ടാകണം.

ഒരു തരത്തിൽ പറഞ്ഞാൽ ആഫ്രിക്ക എന്നും അടിമകളുടെ നാടായിരുന്നു–ശതാബ്ദങ്ങൾക്കു മുമ്പു തുടങ്ങിയ ബിസിനസ്. അടിമകളെത്തേടി അറബികൾ ഈസ്റ്റാഫ്രിക്കയിലെത്തിയതിന് ഏതാണ്ടു രണ്ടായിരംകൊല്ലം പഴക്കമുണ്ട്. അടിമക്കച്ചവടത്തിന്റെ ഏറ്റവും വലിയ കേന്ദ്രമായിരുന്നു ഉജീജി. സമീപപ്രദേശങ്ങളിൽ നിന്നെല്ലാം സാധുമനുഷ്യരെ വീടുകയറിയും ഓടിച്ചിട്ടും പിടിച്ചെടുത്ത് കൈകാലുകൾ വരിഞ്ഞുകെട്ടി അവിടുത്തെ മാവിൻചുവടുകളിൽ ബന്ധിച്ചിടുമായിരുന്നു. പിന്നീട്, അവരെ ചങ്ങലകളിൽ കോർത്തുകോർത്തിണക്കി ആയിരത്തഞ്ഞൂറിലധികം കിലോമീറ്ററകലെയുള്ള സാൻസിബാറിലേക്കു നടത്തിയും ഓടിച്ചും കൊണ്ടുപോകും.

ലിവിങ്സ്റ്റൺ വരുമ്പോൾ അടിമകളെ കൂട്ടംകൂട്ടമായി കെട്ടിയിട്ടു വില പേശിയിരുന്ന ധാരാളം കമ്പോളങ്ങൾ ഉജീജിയിലുണ്ടായിരുന്നു.

ഉജീജി വിട്ടാൽ പിന്നീടുള്ള പ്രധാന താവളം തബോറയാണ്. തബോറയിൽനിന്നു നീക്കിയിരുന്ന അടിമകളുടെ അഞ്ചിലൊന്നു മാത്രമേ അറബിനാടുകളിലെത്തിയിരുന്നുള്ളൂ. ബാക്കിയുള്ളവർ വഴിക്കുവച്ചും സാൻസിബാറിൽവച്ചും മരണപ്പെടും. മലമ്പനിയും മാറാവ്യാധിയും പിടിപെട്ട്, നടന്നു തളർന്ന്, പട്ടിണി കിടന്ന്, അടിയും വെടിയുമേറ്റ് എത്രയോ പേർ മരിച്ചുവീണിട്ടുണ്ട്. കേടുവന്ന മത്സ്യങ്ങളെ കുട്ടയിൽനിന്ന് എടുത്തെറിയുന്ന ലാഘവത്തോടെ ആ ശരീരങ്ങൾ വഴിയിലേക്കു തള്ളിയിട്ട് മനുഷ്യത്വമില്ലാത്ത വ്യാപാരികൾ മുമ്പോട്ടു നീങ്ങി. സാൻസിബാറിൽ എത്തിച്ചാൽ അന്ന് ഒരു അടിമയ്ക്ക് ശരാശരി 20 മുതൽ 50 വരെ ഷില്ലിങ് വില കിട്ടുമായിരുന്നു.




ഗോത്രങ്ങൾ തമ്മിലുള്ള യുദ്ധം അന്നു സാധാരണമായിരുന്നു. കീഴടങ്ങുന്നവരെയെല്ലാം ഗോത്രപ്രമാണികൾ അറബികൾക്കു പിടിച്ചു കൊടുക്കും. പകരം അറബികൾ അവർക്കു തോക്കും തുണിയും സമ്മാനിക്കും – നേട്ടം ഇരു കൂട്ടർക്കും! ആനക്കൊമ്പും അടിമകളുമായിരുന്നു അറബികളുടെ പ്രധാനവ്യാപാരം. ആനക്കൊമ്പു ചുമക്കാൻ ആളെ കിട്ടാതിരുന്ന കാലത്ത് അടിമവ്യാപാരം ഇരട്ടി നേട്ടമായിരുന്നു. ആനക്കൊമ്പിനോടൊപ്പം ചുമട്ടുകാരെയും ഒന്നിച്ചു വിറ്റു കാശാക്കാൻ കഴിഞ്ഞു!

ഏതാണ്ട്, നൂറ്റിയമ്പതുലക്ഷത്തോളം അടിമകളെ അങ്ങനെ ആഫ്രിക്കയിൽനിന്ന് അടിച്ചുനീക്കിയിട്ടുണ്ടെന്നാണു കണക്ക്.

ഇവിടേക്കാണ് 'അരുത്', 'അരുത്' എന്ന ശബ്ദമുയർത്തിക്കൊണ്ട് ലിവിങ്സ്റ്റൺ എന്ന മനുഷ്യസ്നേഹി കടന്നുവന്നത്. ജീവിതകാലം മുഴുവൻ അദ്ദേഹം അവരോടൊപ്പംകഴിഞ്ഞു.

മുട്ടുകുത്തി നിന്നു പ്രാർത്ഥിച്ചുകൊണ്ടു മരണമടഞ്ഞ ഒരു മിഷനറിയെക്കുറിച്ചു കേട്ടിട്ടുണ്ടോ? അത് 1873 മേയ് ഒന്നിനു പരലോകം പൂകിയ സാക്ഷാൽ ഡേവിഡ് ലിവിങ്സ്റ്റണായിരുന്നു – അടിമകൾക്കു വേണ്ടി മരണം വരെ ജീവിച്ച വിശുദ്ധൻ.

ലിവിങ്സ്റ്റൺന്റെ തബോറയിലെ വസതി ഇന്നൊരു മ്യൂസിയമാണ്. 'അടിമത്തം അവസാനിപ്പിക്കുന്നവർക്ക് സ്വർഗത്തിൽ സൗഭാഗ്യമുണ്ടാകട്ടേ' എന്ന് അദ്ദേഹം അവിടെ എഴുതിവച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വേദനനിറഞ്ഞ യാത്രാസ്മരണകളും അടിമകളുടെ ദയനീയചിത്രങ്ങളും അവിടെ സൂക്ഷിച്ചിട്ടുണ്ട്. അവയൊക്കെ ക്കാണുമ്പോൾ അറിയാതെ നമ്മുടെ കണ്ണുകൾ നിറയും, ഹൃദയം പിടയും.

അടിമവ്യാപാരം അവസാനിക്കുന്നതു കാണാനുള്ള അവസരം അദ്ദേഹത്തിനുണ്ടായില്ല. എങ്കിലും, ആ മഹാരഥന്റെ ആത്മബലി അനേകരുടെ കണ്ണുകൾ തുറന്നു – അടിമക്കച്ചവടത്തിന് അറുതി വരുത്താൻ പ്രചോദനമായി.

■

ശ്രേഷ്ഠമലയാളം

# ജീവനക്കാരനും ജീവനക്കാരിയും

ഡോ. ഡേവിസ് സേവ്യർ



പ്രാചീനമലയാളത്തിന്റെ സവിശേഷതകൾ മനസ്സിലാക്കാൻ ലീലാതിലകം പ്രയോജനപ്പെടുത്താം. ക്രി.പി. 15–ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതെന്നു കരുതാവുന്ന ഈ ഗ്രന്ഥം ഭാഷാവ്യാകരണത്തെപ്പറ്റി പല ഉൾക്കാഴ്ചകളും നൽകുന്നുണ്ട്. ലീലാതിലകത്തെ ഒഴിവാക്കി നിഷ്കൃഷ്ടമായ പ്രാചീനമലയാളപഠനം നടത്താനാവില്ല. ഭാഷയിലെ ലിംഗവ്യവസ്ഥ ലൗകികമാണെന്ന് ആദ്യം സൂചിപ്പിച്ചത് ലീലാതിലകകാരനാണ്. ഒരു ശബ്ദം കുറിക്കുന്നത് പുരുഷനെയോ സ്ത്രീയെയോ നപുംസകത്തെയോ എന്നു പരിഗണിച്ചാണ് ആ ശബ്ദത്തിന്റെ ലിംഗം നിർണയിക്കുന്നത്. ലീലാതിലകം 27–ാം സൂത്രത്തിന്റെ വൃത്തിയിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. "ഭാഷയിൽ സ്ത്രീലിംഗം, പുല്ലിംഗം, നപുംസകലിംഗം എന്നിങ്ങനെ വ്യവസ്ഥയുള്ളതു ലൗകികമായ സ്ത്രീത്വാദികളെ അനുസരിച്ചാണ്. സംസ്കൃതത്തെപ്പോലെ കേവലം സാങ്കേതികമല്ല.* ഈ രീതി പ്രകൃത്യനുസാരിയും യുക്തിസഹവുമാകയാൽ ഇതിന് സ്വാഭാവികലിംഗവ്യവസ്ഥ (Natural Gender) എന്നു പറയുന്നു. ഭാഷയിൽ 'സചേതന'ങ്ങൾക്കു മാത്രമേ പുല്ലിംഗ–സ്ത്രീലിംഗഭേദം വിവക്ഷിക്കുന്നുള്ളൂ. ജീവനില്ലാത്ത വസ്തുക്കളും വിശേഷബുദ്ധിയില്ലാത്ത ജീവികളും അചേതനങ്ങളാണ്.

ലിംഗനിർണയനത്തിന് പല മാർഗ്ഗങ്ങൾ ഭാഷയിൽ അവലംബിക്കാറുണ്ട്. സ്വതന്ത്രപദങ്ങൾ വഴിയും (പോത്ത് – എരുമ) പ്രത്യയങ്ങൾ ഉപയോഗിച്ചും (സുന്ദരൻ, സുന്ദരി, സുന്ദരം) ആൺ/ പെൺ ചേർത്തും (ആൺകുട്ടി, പെൺകുട്ടി) പുംസ്ത്രീനപുംസകത്വം വ്യക്തമാക്കുന്നു. ഇന്നത്തെ ഭാഷയിൽ കാരൻ/ കാരി പരഭാഗമായി ചേർത്ത് പുസ്ത്വത്തെയും സ്ത്രീത്വത്തെയും സൂചിപ്പിക്കാൻ പ്രയോഗിക്കാറുണ്ട്. കാരി വൈകല്പികമായി കാരത്തിയുമാകും. 'കാരി'യിൽ 'ഇ' പ്രത്യയം കാരത്തിയിൽ 'ത്തി' പ്രത്യയം എന്നതത്രേ അവയ്ക്കു തമ്മിലുള്ള ഭേദം. വേലക്കാരൻ – വേലക്കാരി (വേലക്കാരത്തി), പണക്കാരൻ – പണക്കാരി (പണക്കാരത്തി), തുടക്കക്കാരൻ – തുടക്കക്കാരി (തുടക്കക്കാരത്തി). 'ത്തി' പ്രത്യയത്തിനു മുമ്പിലുള്ള വർണ്ണം താലവ്യമാണെങ്കിൽ 'ത്ത' കാരത്തിനു താലവ്യാദേശം വന്ന് 'ച്ച' കാരമാകും. തേവിടിത്തി–തേവടിച്ചി; ശൂദ്രത്തി–ശൂദ്രച്ചി എന്നിങ്ങനെ രൂപങ്ങൾ.

ഉദ്യോഗസ്ഥവൃന്ദത്തെ സൂചിപ്പിക്കാൻ ജീവനക്കാരൻ, ജീവനക്കാരി (ജീവനക്കാരത്തി) ജീവനക്കാർ എന്നീ വാക്കുകൾ സൗകര്യപൂർവ്വം ഉപയോഗിക്കാറുണ്ട്. പ്രതിഫലം പറ്റി ജോലി ചെയ്യുന്നവരാണ് പൊതുവിൽപ്പറഞ്ഞാൽ ജീവനക്കാർ. ജീവനക്കാരൻ പുല്ലിംഗവും ജീവനക്കാരി സ്ത്രീലിംഗവും ആയിരിക്കേ, 'വനിതാജീവനക്കാരി' എന്ന പ്രയോഗം അശ്രീകരമാണ്. ജീവനക്കാരി സ്ത്രീയായിരിക്കേ വിശേഷണമായി വനിത ചേർക്കുമ്പോൾ ആവർത്തനദോഷമുണ്ടാകുന്നു. ** 'പുരുഷജീവനക്കാരൻ' 'വനിതാജീവനക്കാരി' തുടങ്ങിയ പ്രയോഗങ്ങൾ അരോചകങ്ങൾ ആണല്ലോ. അടിസ്ഥാനഭാഷാ പരിചയം ആർജിക്കാതെ പദസൃഷ്ടിക്കു തുനിഞ്ഞിറങ്ങുന്നതിന്റെ പരിണതഫലങ്ങളാണ് ഇത്തരം വികലപ്രയോഗങ്ങൾ!

* കുഞ്ഞൻപിള്ള, ഇളംകുളം, ലീലാതിലകം (വ്യാഖ്യാനം), എൻ.ബി.എസ്, കോട്ടയം, 1969, പുറം – 87.

** നാരായണൻ, വി.കെ., വാക്കിന്റെ ഇരുളും പൊരുളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020, പുറം – 100.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



വില കെട്ടവ പറയാതെ, സദ്വചനങ്ങൾമാത്രം സംസാരിച്ചാൽ നീ എന്റെ നാവുപോലെയാകും.

ജെറമിയ 15:19

**എഡിറ്റോറിയൽ**

# കുഴിയില്ലാത്ത റോഡുകൾ കേരളത്തിൽ യാഥാർത്ഥ്യമാകുമോ?

**റോ**ഡപകടങ്ങളും മരണങ്ങളും ദിനംപ്രതി കൂടിവരുന്ന ഒരു സാമൂഹികപരിതോവസ്ഥയിലാണ് ഓരോ മലയാളിയും ജീവിക്കുന്നത്. റോഡുസുരക്ഷാനിയമങ്ങളുടെ അഭാവവും ഉള്ളതുതന്നെ കർശനമായി നടപ്പാക്കുന്നതിൽ ബന്ധപ്പെട്ടവർ കാണിക്കുന്ന അലംഭാവവും അവഗണിക്കാവുന്നതല്ല. റോഡുനിർമാണത്തിലെ അശാസ്ത്രീയതയും ഡ്രൈവർമാരുടെ ശ്രദ്ധക്കുറവും യാത്രക്കാർ റോഡുനിയമങ്ങൾ പാലിക്കാത്തതുമുൾപ്പെടെ ഒട്ടേറെ കാരണങ്ങൾ കണ്ടെത്താനുണ്ടെങ്കിലും റോഡിലെ കുഴികളും റോഡരികിലുള്ള ഓടകളും വരുത്തിവയ്ക്കുന്ന അപകടങ്ങളും മരണക്കെണികളും നിസ്സാരവത്കരിച്ചു തള്ളിക്കളയാവുന്നതല്ല.

സംസ്ഥാനത്തെ റോഡുകളിൽ കുഴികളുണ്ടായാൽ 24 മണിക്കൂറിനകം അടയ്ക്കാൻ നടപടിയുണ്ടാവുന്ന വിധത്തിൽ പൊതുമരാമത്തു വകുപ്പ് സംസ്ഥാനത്ത് ആദ്യമായി നടപ്പാക്കുന്ന റണ്ണിങ് കരാർ അങ്ങേയറ്റം അഭിനന്ദനീയമാണ്. പരിപാലനകാലാവധി കഴിഞ്ഞ റോഡുകൾക്കാണ് ഈ കരാർ ബാധകമാകുന്നത്.

ഒരു വർഷത്തേക്കോ അതിൽ താഴെയോ കാലയളവിലേക്കു പൊതുമരാമത്തു വകുപ്പ് ഏർപ്പെടുത്തുന്ന റണ്ണിങ് കരാർ പ്രാവർത്തികമാകുമ്പോൾ, സമയാസമയങ്ങളിൽ വരുന്ന ഓരോ അറ്റകുറ്റപ്പണിക്കും പ്രത്യേക എസ്റ്റിമേറ്റ്, ടെൻഡർ തുടങ്ങിയ സാങ്കേതിക കാലതാമസം ഒഴിവാക്കാനാകുമെന്നതാണു മെച്ചമായി കണക്കാക്കുന്നത്. അറ്റകുറ്റപ്പണി നടത്താൻ വൈകിയതുമൂലം റോഡപകടമുണ്ടായാൽ കരാറുകാരൻ ഉത്തരവാദിയായിരിക്കും. കുഴിയെക്കുറിച്ചു വിവരം ലഭിച്ച് 24 മണിക്കൂറിനകം അറ്റകുറ്റപ്പണി തുടങ്ങിയില്ലെങ്കിൽ പ്രസ്തുത പണിക്കു ചെലവാകുന്ന തുകയുടെ പത്തു ശതമാനം കരാറുകാരൻ പിഴയടയ്ക്കണം. അറ്റകുറ്റപ്പണി നടത്താത്തതുമൂലം പൊതുമരാമത്തുവകുപ്പിനുണ്ടാകുന്ന നഷ്ടങ്ങളും കരാറുകാരനിൽനിന്ന് ഈടാക്കും. ഒരു തവണ അടച്ച കുഴി ആറു മാസത്തിനകം വീണ്ടും രൂപപ്പെട്ടാൽ കരാറുകാരൻ സ്വന്തം ചെലവിൽ അടയ്ക്കണം. അറ്റകുറ്റപ്പണിയിൽ അഞ്ചു തവണയിൽ കൂടുതൽ വീഴ്ച വരുത്തിയ കരാറുകാരനെ ഭാവിയിൽ റണ്ണിങ് കരാറിനു പരിഗണിക്കാനും പാടില്ല തുടങ്ങി ഒട്ടേറെ വ്യവസ്ഥകളാണുള്ളത്.

ജല അതോറിറ്റിയുടെ പൈപ്പ് പൊട്ടിയുണ്ടാകുന്ന കുഴിയടക്കം എല്ലാ ചെറിയ കുഴികളുടെയും ബാധ്യത പുതിയ സംവിധാനത്തിൽ കരാറുകാരന്റേതാണ്. സ്വകാര്യ ഏജൻസിയുടെ പ്രവൃത്തിമൂലമുണ്ടായ കുഴിയാണെങ്കിലും രണ്ടര ചതുരശ്രമീറ്ററിൽ താഴെയെങ്കിൽ റണ്ണിങ് കരാറുകാരൻ അടയ്ക്കണം. റോഡിൽ മാർഗതടസ്സമുണ്ടാകുന്നതെന്തും നീക്കം ചെയ്യേണ്ടതും റണ്ണിങ് കരാറുകാരന്റെ ചുമതലയാണ്.

പദ്ധതിക്കായി ആദ്യഘട്ടത്തിൽ 137.41 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. 117 പദ്ധതികളിലായി 2481.5 കിലോമീറ്റർ റോഡിന്റെ പരിപാലനത്തിനാണ് ആദ്യഘട്ടത്തിൽ തുക ചെലവഴിക്കുന്നത്. കരാറിലുള്ള എല്ലാ വ്യവസ്ഥകളും പ്രായോഗികമാണെന്നു മുൻകൂട്ടി പറയാനാവില്ല. കാരണം, നടപ്പാക്കിത്തുടങ്ങുമ്പോൾ മാത്രമേ അതിന്റെ സാങ്കേതികവശങ്ങൾ ശരിയായി മനസ്സിലാക്കാൻ കഴിയൂ.

ഏതായാലും, നമ്മുടെ റോഡുകളിലുള്ള ചതിക്കുഴികൾക്കും മരണക്കെണികൾക്കും ശാപമോക്ഷമുണ്ടാകുന്നുവെന്നത് ആശ്വാസപ്രദമാണ്. സ്ലാബിട്ടു മൂടാത്ത അഴുക്കുചാലുകളും തുറന്ന ഓടകളും മറ്റും ഗ്രാമങ്ങളിൽ മാത്രമല്ല നഗരങ്ങളിലെയും പതിവു കാഴ്ചയാണ്. ഓരോ ദിവസവുമുണ്ടാകുന്ന റോഡപകടങ്ങൾ കണ്ടും കേട്ടും മനസ്സു മടുത്ത മലയാളിയുടെ മുമ്പിലേക്കാണ് റോഡുകളിലെ കുഴികൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ മോചനമുണ്ടാക്കുന്ന പുതിയ കരാർവ്യവസ്ഥകളുമായി പൊതുമരാമത്തുവകുപ്പു വന്നിരിക്കുന്നത്.

കരാറുകാരനും കോൺട്രാക്ടറും എൻജിനീയറുമുൾപ്പെടെയുള്ള എല്ലാവിഭാഗം ജനങ്ങളുടെയും ഒത്തൊരുമയും കൂട്ടുത്തരവാദിത്വവുമാണ് റോഡിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഏറ്റവും പ്രധാനമായിട്ടുള്ളത്. രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും ഇടയിലുള്ള അവിശുദ്ധ കൂട്ടുകെട്ടുകളും കെടുകാര്യസ്ഥതയും അവസാനിപ്പിക്കാനും റോഡുനിർമാണവും അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ടു കേട്ടുതഴമ്പിച്ച അഴിമതിക്കഥകൾ ഇല്ലാതാക്കാനും പുതിയ കരാർവ്യവസ്ഥകളും നയങ്ങളും കാരണമാകട്ടെ.

■

# മലയോളം വളരണം മലയാളം



പ്രതികരണം

■ ഫാ. തോമസ് പി.

**മാ**തൃഭാഷ മനുഷ്യന്റെ മൗലികാവകാശമാണ്. മാതൃഭാഷാവന്ദനം മാതൃവന്ദനത്തിനും, നിന്ദനം മാതൃനിന്ദനത്തിനും തുല്യമാണ്.

എന്നെ സംബന്ധിച്ചിടത്തോളം മലയാളം സകല ഭാഷകളുടെയും മകുടമാണ്. പദവൈവിധ്യംകൊണ്ടും ശൈലീസൗന്ദര്യംകൊണ്ടും സർവ്വസമ്പന്നമാണത്. മലയാളത്തിന്റെ ലിപിയഴകും മൊഴിയഴകുമൊക്കെ മറ്റേതു ഭാഷയ്ക്കാണുള്ളത്? മലയാളത്തെ മാനിക്കാനും മാനംമുട്ടെ വളർത്താനും ഓരോ മലയാളിക്കും കടമയുണ്ട്.

ഇംഗ്ലീഷിനോടുള്ള അതിരുകവിഞ്ഞതും അനാവശ്യവുമായ അഭിനിവേശവും അന്ധമായ ആരാധനയുംമൂലം തങ്ങളുടെ കുഞ്ഞുങ്ങളെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് ഉന്തിത്തള്ളിവിടുന്ന അപ്പനമ്മമാർ കാലക്രമേണ മലയാളവും ഇംഗ്ലീഷും അറിയാത്തവരായി അവരിൽ പലരെയും മാറ്റുകയാണെന്നതിന് എന്റെ അധ്യാപനജീവിതാനുഭവങ്ങൾ സാക്ഷി. അക്ഷര, വ്യാകരണപ്പിശകുകളില്ലാതെ ഒരു ഖണ്ഡികപോലും ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാനോ സംസാരിക്കാനോ കഴിവില്ലാത്തവരാണ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ഉത്പന്നങ്ങളിൽ നല്ലൊരു ശതമാനവും. കൂടാതെ, മലയാളഭാഷയെ 'മാനം കെടുത്തുന്ന' തരത്തിലുള്ള മൂല്യനിർണയരീതിയിലേക്കാണ് ഇന്നത്തെ പരീക്ഷാഫലങ്ങൾ വിരൽ ചൂണ്ടുന്നത്. മലയാളത്തിൽ സ്വന്തം മേൽവിലാസംപോലും തെറ്റുകൂടാതെ കുറിക്കാൻ കെല്പില്ലാത്ത മുതിർന്ന ക്ലാസ്സുകളിലെ കുട്ടികൾക്കും മലയാളത്തിനു നൂറിൽ നൂറു മാർക്കു കിട്ടുന്നതു കാണുമ്പോൾ അവരുടെ അധ്യാപകരെക്കാൾ കൂടുതൽ 'തല കറങ്ങുന്നത്' ആ കുട്ടികൾക്കുതന്നെയാണ്. അപ്രകാരം മാർക്ക് 'കണ്ണടച്ചുകൊടുക്കുന്നവർ' വാസ്തവത്തിൽ മാതൃഭാഷയെ ആദരിക്കുകയാണോ, ആക്ഷേപിക്കുകയാണോ?

ഇളംതലമുറയ്ക്ക് മലയാളത്തോടുള്ള മമത കുറഞ്ഞുവരുന്നത് പരിതാപകരമാണ്. മലയാളഭാഷ പഠിക്കാനും അതിൽ പ്രാവീണ്യം നേടാനും താത്പര്യമുള്ളവർ വളരെ വിരളമാണ്. അർത്ഥസമ്പുഷ്ടവും കുലീനവുമായ പല മലയാളപദങ്ങളും പ്രയോഗങ്ങളും മലയാളികൾ മറന്നുപോയിരിക്കുന്നു. മലയാളത്തിൽ സംസാരിക്കുന്നത് കുറച്ചിലാണെന്ന തോന്നലുള്ളതുകൊണ്ടാണ് ന്യൂജൻ മലയാളികൾ ഇടയ്ക്കിടെ ഇംഗ്ലീഷ് വാക്കുകൾ അർത്ഥമറിയാതെയാണെങ്കിലും സംഭാഷണത്തിൽ തിരുകിക്കേറ്റുന്നത്. മലയാളം പത്രവും പുസ്തകവും സ്റ്റാറ്റസിനു ചേരാത്തതാണെന്ന മിഥ്യാധാരണമൂലമാണ് മുഴുവൻ മനസ്സിലാകുന്നില്ലെങ്കിലും ഇംഗ്ലീഷിലുള്ളവ വായിക്കുന്നതും കൂടെക്കൊണ്ടുനടക്കുന്നതും. ദൗർഭാഗ്യവശാൽ, പച്ചവെള്ളംപോലെ മാതൃഭാഷ പറയുന്നവരെക്കാൾ പൊട്ടത്തെറ്റിൽ മുറിയിംഗ്ലീഷ് പറയുന്നവർക്കാണ് കൈയടിയും പ്രോത്സാഹനവും. ചിലരുടെയെങ്കിലും സംസാരവും സ്വഭാവവും ശ്രദ്ധിച്ചാൽ അവർക്കു മാതൃഭാഷയോട് എന്തോ ശത്രുതയും അറപ്പുമുണ്ടെന്നു തോന്നിപ്പോകും.



വളർച്ച മന്ദീഭവിച്ച ഒരു മരമാണ് മലയാളം എന്നെഴുതുന്നതിൽ വല്ലാത്ത വിഷമമുണ്ട്. ഭാഷയ്ക്കാവശ്യമായ പോഷണം നല്കുന്നവർ അധികമില്ല. ആധുനികമലയാളസാഹിത്യരചനകൾ പലതും ഭാഷാകതിരിനെ ബാധിച്ചിരിക്കുന്ന 'മുഞ്ഞ'യാണ്. ആധുനികസാഹിത്യം എന്ന പേരിൽ പുറത്തിറങ്ങുന്ന ഉറക്കപ്പിച്ചു പറയുന്നതുപോലെയുള്ള കവിതകളും, ഇതര രചനകളും മലയാളഭാഷയുടെ അന്തസ്സിന് അപമാനമാണ്. എഴുത്തുശൈലിയിലേക്കുള്ള വർത്തമാനശൈലിയുടെ കടന്നുകയറ്റവും അതിപ്രസരവും രചനകളുടെ നിലവാരം കാര്യമായ വിധത്തിൽ കുറയ്ക്കുന്നു. ഭാഷയെ കൂടുതൽ ലളിതവത്കരിക്കാനായി നടത്തുന്ന പല പരിശ്രമങ്ങളും സത്യത്തിൽ അതിനെ മുരടിപ്പിക്കുകയാണു ചെയ്യുന്നത്. മധുരമലയാളം മലയാളികൾക്കു ഭാവിയിൽ അന്യമായിപ്പോകുമോ എന്ന ആശങ്കയും അസ്ഥാനത്തല്ല. ഡോ. ഡേവിസ് സേവ്യർ കൈകാര്യം ചെയ്യുന്ന 'ശ്രേഷ്ഠമലയാളം' എന്ന പംക്തി പ്രസിദ്ധീകരിക്കുന്നതിലൂടെ മലയാളഭാഷ ശരിയായി ഉപയോഗിക്കാൻ മലയാളികളെ സഹായിക്കുന്ന 'ദീപനാളം' വാരികയുടെ സംരംഭങ്ങൾ ഈ അവസരത്തിൽ അഭിനന്ദനാർഹമാണ്.

ഭാഷയാണ് ഭൂഷണം. മാതൃഭാഷയായ മലയാളം സ്വരശുദ്ധമായി മൊഴിയാനും, തെറ്റില്ലാതെ എഴുതാനും, സ്ഫുടമായി വായിക്കാനുമുള്ള കഴിവിലാണ് മലയാളികൾ ഏറ്റവുമധികം അഭിമാനിക്കേണ്ടത്. പച്ചമലയാളം പറഞ്ഞുപറഞ്ഞു മലയാളി മടുക്കണം. കേരളനാട്ടിലെ കാറ്റിന്റെ ചൂളംവിളിയിലും, ഒഴുകുന്ന പുഴകളുടെ ഓളക്കൊലുസുകളിലും കിളികളുടെ കളമൊഴിയിലും മഴത്തുള്ളിക്കിലുക്കത്തിലും മരങ്ങളുടെ മർമരത്തിലുമൊക്കെ മലയാളത്തിന്റെ മധുസ്വനം മുഴങ്ങിനില്ക്കണം. മലയോളം വളരണം മലയാളം.

■

# അധികസൗകര്യങ്ങളാൽ മുഖം മിനുക്കി ആധുനികലോകം



ടോണി ചിറ്റിലപ്പള്ളി

13.8 ബില്യൺ വർഷങ്ങൾക്കുമുമ്പും 100 ട്രില്യൺ വർഷങ്ങൾക്കുശേഷവുമുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന ഒരേയൊരു സ്പീഷിസാണ് മനുഷ്യൻ. സാങ്കേതികരംഗത്തെ പരിണാമം എന്നത്തെക്കാളും വേഗത്തിലാണു സംഭവിച്ചുകൊണ്ടിരിക്കുന്നത്. സാങ്കേതികകണ്ടുപിടിത്തങ്ങളാൽ നിറഞ്ഞ മറ്റൊരു മഹത്തായ ദശാബ്ദത്തിൽ നാം പ്രവേശിക്കുമ്പോൾ, 2022 ൽ നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റുമെന്നു പ്രതീക്ഷിക്കുന്ന ചില സാങ്കേതികവിദ്യകൾ ഇതാ അവതരിപ്പിക്കുന്നു.

**മിറ്റോ (Mitto)**

വൈദ്യുതകെറ്റിലിനുള്ള സുസ്ഥിരബദലാണിത്. ഇത് അധികജലത്തിന്റെയും ഊർജത്തിന്റെയും ഉപയോഗം കുറയ്ക്കുന്നു. വളരെ ലളിതമായി ഒരു പാത്രത്തിൽ നേരിട്ട് ഏതെങ്കിലും ദ്രാവകം ചൂടാക്കാൻ രൂപകല്പന ചെയ്തിരിക്കുന്ന ഉപകരണമാണിത്.



ഡിസൈൻ കപ്പുകൾ, പാത്രങ്ങൾ, ഗ്ലാസ്, ടീപ്പോട്ടുകൾ, നോൺ-ഫെറസ് പാത്രങ്ങൾ തുടങ്ങിയവയിൽ ഇവ പ്രവർത്തിക്കുന്നു. നിങ്ങൾക്ക് ഇഷ്ടമുള്ള പാത്രത്തിൽ വെള്ളം നിറയ്ക്കുക, ഇൻഡക്ഷൻ ബേസിൽ വയ്ക്കുക, ചൂടാക്കുന്ന ദണ്ഡ് ദ്രാവകത്തിൽ മുക്കി വയ്ക്കുക. തിളപ്പിക്കുക. ഇതിനു പാൽ, സൂപ്പ് തുടങ്ങി പല വിഭവങ്ങളെയും ചൂടാക്കാൻ കഴിയും.

**ഒർക്കാം മൈമി (OrCam MyMe)**

ശാരീരികവും ഡിജിറ്റൽ സാമൂഹികവുമായ ജീവിതങ്ങൾക്കിടയിൽ സന്തുലിതാവസ്ഥ കൈവരിക്കാൻ നിങ്ങളെ സഹായിക്കാനാണ് ഒർക്കാം മൈമി ലക്ഷ്യമിടുന്നത്. ഒരു സഹപ്രവർത്തകന്റെയോ പരിചയക്കാരന്റെയോ പേരു നിങ്ങൾ മറക്കാതിരിക്കാൻ, മുഖം തിരിച്ചറിയുന്ന ഇൻബിൽറ്റ് സ്മാർട്ട് ക്യാമറ ഉപയോഗിച്ചു നിങ്ങളുടെ കോളറിലോ പോക്കറ്റിലോ ഈ ചെറിയ ഗാഡ്ജെറ്റ് ഘടിപ്പിക്കുന്നു.



നിങ്ങൾ സാമൂഹിക ഇടപെടൽ നടത്തുമ്പോഴും ഈ ആപ്പ് ഉപയോഗിക്കാനും ചെലവഴിക്കുന്ന സമയത്തിന്റെ ഒരു അക്കൗണ്ട് സൂക്ഷിക്കാനും മൈമി നിങ്ങളെ അനുവദിക്കുന്നു. നമുക്ക് ആളുകളെ സഹപ്രവർത്തകർ, സുഹൃത്തുക്കൾ, കുടുംബം എന്നിങ്ങനെ ഗ്രൂപ്പുകളായി തരംതിരിക്കാനും ഓരോ ഗ്രൂപ്പിനും ടൈമറുകൾ സജ്ജമാക്കാനും കഴിയും. ഈ ഉപകരണം നിങ്ങൾ ഒരു സ്ക്രീനിനു മുന്നിൽ ചെലവഴിക്കുന്ന സമയവും പിടിച്ചെടുക്കുന്നു. മാത്രമല്ല ശ്രദ്ധ വ്യതിചലിപ്പിക്കുന്നതും ആവശ്യമില്ലാത്തതുമായ സ്ക്രീൻ സമയം വെട്ടിക്കുറയ്ക്കാൻ നമ്മെ സഹായിക്കും. മികച്ച ശ്രദ്ധ കേന്ദ്രീകരിക്കാൻ മാത്രമല്ല നമ്മുടെ ജീവിതത്തിൽ കൂടുതൽ നിയന്ത്രണം നേടാനും നമ്മെ സഹായിക്കും.

**സിയോമി ഹാൻഡ് വാമർ പവർബാങ്ക് (Xiaomi Handwarmer Powerbank)**



ശൈത്യകാലത്ത് നമ്മുടെ കൈകൾ ചൂടാക്കാൻ സൗകര്യപ്രദമായ ഒരു ഹാൻഡ്വാമർ എപ്പോഴെങ്കിലും ആഗ്രഹിച്ചിട്ടുണ്ടോ? പൂർണമായും പ്രവർത്തനക്ഷമമായ ഒരു പവർ ബാങ്ക് ആണിത്. ഇത് നമ്മുടെ കൈകൾക്കു ദോഷം വരുത്തില്ലെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഉയർന്ന താപനിലയിൽ രണ്ടു മണിക്കൂർ വരെയും കുറഞ്ഞ താപനിലയിൽ നാലു മണിക്കൂർ വരെയും ഉപയോഗിക്കാം.

**ഡോൾഫി (dolfi) ന്യൂ ജനറേഷൻ വാഷിങ് ഉപകരണം**



വസ്ത്രങ്ങൾ കഴുകുന്ന രീതിയെ സാങ്കേതികവിദ്യയ്ക്ക് എങ്ങനെ മാറ്റാൻ കഴിയുമെന്നതിന്റെ ഒരു ഉദാഹരണമാണ് ഡോൾഫി. ശ്രദ്ധാപൂർവം മോഡുലേറ്റു ചെയ്ത അൾട്രാസോണിക് തരംഗങ്ങൾ ഉപയോഗിച്ച്, ഡോൾഫി വസ്ത്രങ്ങളിൽനിന്ന് അഴുക്കു നീക്കുന്നു. വെള്ളവും ഡിറ്റർജന്റും നിറച്ച ഒരു ബക്കറ്റിൽ മുഷിഞ്ഞ വസ്ത്രങ്ങൾ വയ്ക്കുക, ഡോൾഫി അവ വൃത്തിയാക്കിക്കൊള്ളും.

**ഹൈമിറർ മിനി (HiMirror Mini)**



നമ്മുടെ കണ്ണാടികളും സ്മാർട്ടായിക്കൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് മുൻനിരയിലുള്ള കമ്പനിയാണ് ഹൈമിറർ. കമ്പനിയുടെ സ്മാർട്ട് മിററുകളുടെ കാറ്റലോഗിൽ ചേർത്തിട്ടുള്ള ഏറ്റവും പുതിയ ഉത്പന്നങ്ങളിലൊന്നാണ് അതിനൂതനമായ ഈ കണ്ണാടി. ഒരു സാധാരണ കണ്ണാടിയെ അപേക്ഷിച്ച് കൂടുതൽ വ്യക്തതയോടെ മുഖം നോക്കാം. ഇതിന് മുഖത്ത് മൊത്തം എട്ടു വ്യത്യസ്തതരം വിശകലനങ്ങൾ നടത്താനാകും.

ചുളിവുകൾ, നേർത്ത വരകൾ, കറുത്ത പാടുകൾ, പരുഷത, നിറം മുതലായവ നിങ്ങളുടെ മുഖത്തെ വിവിധ ഭാഗങ്ങളായി വിഭജിച്ച് ഓരോന്നും വ്യത്യസ്തമായി വിശകലനം ചെയ്യുന്നതിലൂടെ മുഖം കൂടുതൽ മനോഹരമാക്കാൻ കഴിയുന്നു. ഈ സ്മാർട്ട് മിററിൽ ഇൻബിൽറ്റ് ആയി വരുന്ന അലക്സയോടു ചോദിച്ച് നമുക്ക് കൂടുതൽ സൗന്ദര്യവർധക ഉത്പന്നങ്ങൾ ഉപയോഗിക്കാൻ അവസരം നൽകുന്നു.

**സ്മാർട്ട് കോപ്പി & പേസ്റ്റ് മെഷീൻ**




ഒരു നിർദിഷ്ട ഉള്ളടക്കമോ ചിത്രങ്ങളോ ഔട്ട്പുട്ട് ചെയ്യേണ്ട സാഹചര്യത്തിൽ അതിനാവശ്യമായ ഉപകരണം ഇല്ലെങ്കിൽ പകരം ഉപയോഗിക്കാവുന്ന ഉപകരണമാണ് സ്മാർട്ട് കോപ്പി & പേസ്റ്റ്. ഇത് ഒരു പോർട്ടബിൾ സ്കാനിങ്, പ്രിന്റിങ് ടൂൾ/ ഉപകരണമാണ്. നിങ്ങൾക്ക് ഹെവി പ്രിന്ററോ ഫോട്ടോ കോപ്പിയർ മെഷീനോ ആവശ്യമില്ല. വേണ്ടത് ഈ ഹാൻഡ്ഹെൽഡ് സ്കാനർ മാത്രമാണ്. ഇതിന് ഒരു ഉറവിടത്തിൽനിന്നു മറ്റൊരു ഉറവിടത്തിലേക്കു ചിത്രങ്ങളും വാചകങ്ങളും കൈമാറാൻ കഴിയും.

**യുഎസ്:ഇ സ്മാർട്ട് ക്യാമറ ഡോർ ലോക്ക് (US:E Smart Camera Door Lock)**



നമ്മുടെ വീടുകളുടെ പരിണാമത്തിനൊപ്പം വികസിച്ച ഒരു പ്രധാന ഘടകമാണ് ഡോർ ലോക്ക്. ലളിതമായ ലോക്കുകളിൽനിന്ന്, ലോക്ക് ഡെഡ്ബോൾട്ടുകളിലേക്കും ലിവറുകളിലേക്കും മുന്നേറി. സ്മാർട്ട് ലോക്കുകൾ ഡോർ ലോക്കങ്ങിനെ വിപ്ലവകരമായി മാറ്റിമറിച്ച ഏറ്റവും മികച്ച കണ്ടുപിടിത്തങ്ങളിൽ ഒന്നായി കരുതുന്നു. ഈ വിഭാഗത്തിലെ വലിയ കണ്ടുപിടിത്തം യുഎസ്: ഇ ആണ്. ഒരു വാതിൽ അൺലോക്ക് ചെയ്യുന്നതിനുള്ള ആറു വ്യത്യസ്ത രീതികൾ വാഗ്ദാനം ചെയ്യുന്ന ഒരു സ്മാർട്ട് ലോക്ക്.

**ക്ലെൻസ് ബോട്ട് (Cleanse Bot) ബാക്ടീരിയയെ കൊല്ലുന്ന റോബോട്ട്**

കഴിഞ്ഞ കുറച്ചു വർഷങ്ങളായി, വാക്വം ക്ലീനർ റോബോട്ടുകൾ, സാധാരണമായി റൂംബ (സങ്കല്പത്തെ ജനപ്രിയമാക്കിയ ബ്രാൻഡുകളിലൊന്ന്) വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, റൂംബയുടെ പരിധിക്കുപുറത്തുള്ള സ്ഥലങ്ങളുടെ കാര്യമോ? കിടക്ക പോലെയുള്ള സ്ഥലങ്ങൾക്കായി നമുക്ക് ക്ലെൻസ് ബോട്ട് ഉപയോഗിക്കാം. ഇത് ഒരു ചെറിയ ക്ലീനിംഗ് റോബോട്ടാണ്. ഇത് അനാവശ്യ രോഗകാരികളിൽനിന്ന്, പ്രത്യേകിച്ച് ഇ-കോളി പോലുള്ള ബാക്ടീരിയകളിൽനിന്നു നമ്മുടെ കിടക്കയെ അണുവിമുക്തമാക്കുന്നു.



ഏതു കിടക്കയും സ്വയമേവ വൃത്തിയാക്കാൻ കൃത്രിമബുദ്ധി പിന്തുണയുള്ള സ്മാർട്ട് മോഡുകൾ ഉപയോഗിച്ചാണ് റോബോട്ട് ക്ലീനർ നിർമിച്ചിരിക്കുന്നത്. നമ്മുടെ കിടക്കകൾ മാത്രമല്ല വായുവും അണുവിമുക്തമാക്കാൻ നാല് യുവി ലൈറ്റുകൾ ഉണ്ട്. ക്ലെൻസ്ബോട്ടിന്റെ ഭാരം അര പൗണ്ടിൽ താഴെയാണ്, നമ്മുടെ യാത്രകൾക്ക് ഒരു മികച്ച കൂട്ടാളിയാകാൻ കഴിയും, പ്രത്യേകിച്ചും ഒരു ഹോട്ടലിലെ ശുചിത്വത്തെക്കുറിച്ച് നമുക്ക് ഉറപ്പില്ലെങ്കിൽ ഇത് നമ്മെ സുരക്ഷിതരാക്കുന്നു. ഒതുക്കമുള്ള രൂപവും മികച്ച ഉപയോഗവും അതിനെ നമ്മുടെ ഏറ്റവും അദ്ഭുതകരവും ആകർഷണീയവുമായ കണ്ടുപിടിത്തങ്ങളിൽ ഒന്നാക്കി മാറ്റുന്നു.

**Li-Fi (ലൈ-ഫൈ)**

ലൈ-ഫൈ അല്ലെങ്കിൽ ലൈറ്റ് ഫിഡെലിറ്റി എന്നത് പരമ്പരാഗത വൈഫൈ സിസ്റ്റങ്ങളെ മാറ്റിസ്ഥാപിക്കാൻ കഴിയുന്ന മറ്റൊരു നെറ്റ്വർക്ക് പ്രോട്ടോക്കോൾ ആണ്. റേഡിയോ തരംഗങ്ങൾ ഉപയോഗിക്കുന്നതിനുപകരം ലൈഫൈയിൽ ഉപയോഗിക്കുന്നത് വൈദ്യുതകാന്തിക സിഗ്നലുകളാണ്. അത് മനുഷ്യർക്കു ദൃശ്യമാകുകയോ അദൃശ്യമാവുകയോ ചെയ്യാം. അതായത്, അൾട്രാവയലറ്റ്, ഇൻഫ്രാറെഡ് തരംഗങ്ങൾ ദൃശ്യപ്രകാശത്തിനു പുറമേ മനുഷ്യന്റെ ദൃശ്യപരതയ്ക്കു താഴെയായി മങ്ങിയ ലെഡുകൾ ഉപയോഗിച്ച്, ലൈഫൈ സിസ്റ്റങ്ങൾ നിലവിലെ വൈഫൈ റൂട്ടറുകളെക്കാൾ വേഗമേറിയതും വിശ്വസനീയവുമായ കണക്ഷനുകൾ വാഗ്ദാനം ചെയ്യുന്നു. ലൈഫൈ എന്ന ആശയം പുതിയതല്ല, എന്നാൽ, വരുംവർഷങ്ങളിൽ ഈ സാങ്കേതികവിദ്യ വ്യാപകമാവുമെന്നു പ്രതീക്ഷിക്കുന്നു.



**അംബാസഡർ ഹെഡ്ഫോൺ ട്രാൻസ്ലേറ്റർ**



ഇത് രൂപകല്പന ചെയ്തിരിക്കുന്നത് ഗ്ലോബ്ട്രോട്ടർ അല്ലെങ്കിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു വരുന്ന ആളുകളുമായി ഇടപഴകേണ്ടിവരുന്നർക്കുവേണ്ടിയാണ്. ഭാഷകൾ വിവർത്തനം ചെയ്യുന്നതിൽ മികവു പുലർത്തുന്ന ഒരു വിവർത്തനോപകരണമായിട്ടാണ് ഇത് രൂപപ്പെടുത്തിയിരിക്കുന്നത്. പൂർണമായും ഇഷ്ടാനുസൃതമാക്കാവുന്ന ക്രമീകരണം ഉപയോഗിച്ച്, നിങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി എല്ലാം മികച്ചതാക്കാൻ ഈ ട്രാൻസ്ലേറ്റർ നിങ്ങളെ അനുവദിക്കുന്നു. വളരെ സുഖപ്രദമായ ഓവർ-ദി-ഇയർ ഡിസൈനായതിനാൽ ഇത് സുഖകരമായി ദീർഘനേരം ധരിക്കാൻ കഴിയും.

**ജീവിതം എളുപ്പമാക്കുന്നതിനോ പണം ലാഭിക്കുന്നതിനോ വേണ്ടിയുള്ള പുതുതലമുറ അടുക്കള ഗാഡ്ജെറ്റുകൾ**

എൻവയൺമെന്റൽ പ്രൊട്ടക്ഷൻ ഏജൻസി, യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് എനർജിയുടെ അഭിപ്രായത്തിൽ, പുതിയ ഡിഷ്വാഷറുകൾ ജലവും ഊർജവും ലാഭിക്കുന്നു ഇത് നമ്മുടെ പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നു. അടുക്കളകളുടെ മാത്രമല്ല, ആധുനികവീടുകളുടെതന്നെ രൂപകല്പന അവ ശരിക്കും മാറ്റിമറിച്ചു.

മൾട്ടി ഡിഷ് വാഷർ: പാത്രങ്ങൾ കഴുകുന്നതിൽനിന്നു കൈകൾ സ്വതന്ത്രമാക്കാൻ സഹായിക്കുന്നു. പാത്രങ്ങൾ സെറ്റ് ചെയ്യുന്നു. സ്പർശിക്കാതെ പാത്രങ്ങൾ സുരക്ഷിതമാകുന്നു.

ഓട്ടോമാറ്റിക് റോബോട്ട് വാക്വം ക്ലീനർ: ഒരു വ്യക്തിയുടെ സഹായമില്ലാതെ അഴുക്കു കളയാനും തുടയ്ക്കാനും സഹായിക്കുന്ന ഒരു ഓട്ടോമാറ്റിക് വാക്വം ക്ലീനർ. ഏതു ചെറിയ സ്പേസിലും ക്ലീൻ ചെയ്യാൻ സാധിക്കുന്നു.


വസ്ത്രം ഉണക്കൽ യന്ത്രം: വസ്ത്രങ്ങൾ ഉണക്കേണ്ടതിന്റെ ആവശ്യകത ഇല്ലാതാക്കുന്നു. ഡ്രയറിൽനിന്ന് നിങ്ങളുടെ വസ്ത്രങ്ങൾ എടുക്കുമ്പോൾ, അത് ഉണങ്ങിക്കഴിഞ്ഞിരിക്കും. അലക്കിത്തേച്ചു തരുന്ന സാങ്കേതികവിദ്യപോലും ചില ഡ്രയറുകൾ നൽകുന്നു

**ആധുനിക ഹോം റോബോട്ട്**

ഹോം റോബോട്ട്, വാസ്തവത്തിൽ, സ്മാർട്ട് ഹോം സിസ്റ്റത്തിന്റെ ഒരു നൂതന നിയന്ത്രണ പാനലാണ്. ഇത് വോയിസ് റെക്കഗ്നിഷൻ ചെയ്യാൻ പ്രാപ്തമാണ്. വീട്ടിലെ മറ്റ് സ്മാർട്ട് ഹോം ഉപകരണങ്ങളുമായി ബന്ധിപ്പിക്കുന്നു. 'എയർ കണ്ടീഷണർ ഓണാക്കുക' അല്ലെങ്കിൽ 'ഡ്രയർ മോഡ് മാറ്റുക'പോലുള്ള വോയ്സ് കമാൻഡുകൾ ഉപയോഗിച്ച്, ഉപകരണം യാന്ത്രികമായി ചുമതല നിർവഹിക്കും. ഹോം റോബോട്ട് ഉടമയുടെ ശബ്ദം തിരിച്ചറിയുകയും മറ്റു വീട്ടുപകരണങ്ങൾ നിയന്ത്രിക്കുന്നതിന് അയാളുടെ കമാൻഡുകൾ നടപ്പാക്കുകയും ചെയ്യുന്നു.

പാചകക്കുറിപ്പുകൾപോലുള്ള പ്രസക്തമായ വിവരങ്ങൾ പ്രദർശിപ്പിക്കാൻ കഴിയുന്ന ഒരു ഇന്ററാക്ടീവ് ഡിസ്പ്ലേയും ഹോം റോബോട്ടിൽ സജ്ജീകരിച്ചിരിക്കുന്നു. കൂടാതെ, സംഗീതം പ്ലേ ചെയ്യുക, അലാറവും റിവൈൻഡറുകളും സജ്ജീകരിക്കുക തുടങ്ങി ഹോം റോബോട്ടിനു മറ്റു നിരവധി ജോലികൾ ചെയ്യാൻ കഴിയും. അതുപോലെ കാലാവസ്ഥയും ട്രാഫിക് വിവരങ്ങളും നൽകുന്നു.

ഈ 2022 ലെ സാങ്കേതികവികസനത്തിന്റെ പോരായ്മകളിലും വെല്ലുവിളികളിലും ധാരാളം ആളുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, പക്ഷേ, ഗുണങ്ങൾ നെഗറ്റീവ് വശങ്ങളെക്കാൾ കൂടുതലാണ് എന്നു കരുതാം. ശാസ്ത്രം വികസിപ്പിക്കുന്നതിലൂടെ ആരോഗ്യകരമായ ജീവിതശൈലിയുടെ അധികസൗകര്യങ്ങളും അവസരങ്ങളും കൊണ്ടുവന്ന് സാങ്കേതികവിദ്യ ലോകത്തെ വീണ്ടും മികച്ച സ്ഥലമാക്കി മാറ്റിയിരിക്കുന്നു. ■




**ഫെബ്രുവരി 27**
**നോമ്പുകാലം**
**ഒന്നാം ഞായർ**

**പുറ 24 : 12–18**
**പ്രഭാ 2 : 1–11**
**ഹെബ്രാ 2 : 10–18**
**ലൂക്കാ 4 : 1–13**

# പ്രലോഭനങ്ങളെ അതിജീവിക്കാൻ



**ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ**

**വ**ലിയനോമ്പിന്റെ ചൈതന്യത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ഉപവാസവും പ്രാർത്ഥനയും വഴി സാത്താനെ പുറത്താക്കാനും പ്രലോഭനങ്ങളെ അതിജീവിക്കാനും കഴിയുമെന്ന ഉറപ്പാണ് നോമ്പുകാലം നമുക്കു നല്കുന്നത്. നാല്പതു രാവും നാല്പതു പകലും മൂശെ ദൈവത്തോടൊത്ത് ആയിരിക്കുന്നതിനെക്കുറിച്ചാണ് നോമ്പുകാലം ആദ്യഞായറിലെ ഒന്നാം പ്രഘോഷണത്തിൽ (പുറ. 24:12–18) നാം കാണുന്നുത്. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസത്തിന്റെ മുൻരൂപമായി സീനായ് മലയിൽവച്ചുള്ള മൂശെയുടെ ഉപവാസം വർത്തിക്കുന്നു. ജീവിതത്തിൽ പ്രലോഭനങ്ങളുണ്ടാകുന്നതിനെക്കുറിച്ചാണ് രണ്ടാം വായന പരാമർശിക്കുന്നത്' എന്റെ മകനേ, നീ കർത്തൃശുശ്രൂഷയ്ക്ക് ഒരുമ്പെടുന്നെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ ഒരുങ്ങിയിരിക്കുക' എന്ന ഉപദേശത്തോടെയാണ് രണ്ടാം പ്രഘോഷണം (പ്രഭാ. 2:1–11) ആരംഭിക്കുന്നത്. പ്രലോഭനങ്ങളുടെ മദ്ധ്യേ പതറാതെയും തകരാതെയും ദൈവത്തിൽ ആശ്രയിച്ചു ജീവിക്കണമെന്നാണ് പ്രഭാഷകൻ നമ്മെ ഓർമിപ്പിക്കുന്നത്.

''അവൻ സഹിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ അവനു സാധിക്കും' എന്ന സാന്ത്വനവചസ്സുകളോടെയാണ് മൂന്നാം വായന (ഹെബ്രാ. 2:10–18) സമാപിക്കുന്നത്. പാപമൊഴികെ എല്ലാത്തിനോടും അവിടന്ന് നമ്മോടു സദൃശനായത് നമ്മെ രക്ഷിക്കാനായിരുന്നു. ഇതെക്കുറിച്ചാണ് ഹെബ്രായലേഖകൻ ഇപ്രകാരം എഴുതുന്നത്: ജനങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതിനുവേണ്ടി ദൈവികകാര്യങ്ങളിൽ വിശ്വസ്തനും കരുണയുള്ളവനുമായ പ്രധാന പുരോഹിതനാകാൻ അവൻ തന്റെ സഹോദരരോടു സദൃശനാകേണ്ടിയിരുന്നു (2:17). സഹനമരണങ്ങളിലൂടെ നമ്മോടു താദാത്മ്യപ്പെട്ട് ഈശോ മനുഷ്യവർഗത്തിന്റെ പ്രതിനിധിയാവുകയും നമ്മുടെമേൽ അധികാരം പുലർത്തിയിരുന്ന പിശാചിനെ കീഴ്പ്പെടുത്തുകയും ചെയ്തു. കർത്താവ് തന്റെ ഉത്ഥാനംവഴി പിശാചിനു നമ്മുടെമേലുള്ള ആധിപത്യം തകർത്തുകളഞ്ഞു. ആദ്യമനുഷ്യൻ ദുഷ്ടപിശാചിന്റെ പ്രേരണയ്ക്കു വഴങ്ങി ദൈവത്തോട് അനുസരണക്കേടു കാണിച്ചതിനു പരിഹാരമായി രണ്ടാം ആദമായ മിശിഹാ പിശാചിന്റെ തന്ത്രങ്ങൾക്കു കീഴ്പ്പെടാതെ പിതാവായ ദൈവത്തിന്റെ വചനങ്ങൾക്കു വിധേയപ്പെട്ടു നിത്യജീവന്റെ പാത നമുക്കു തുറന്നുതന്നു.

മരുഭൂമിയിൽവച്ച് ഈശോ നേരിട്ട പ്രലോഭനങ്ങളാണ് സുവിശേഷപാഠം (മത്താ. 4:1–11). സ്വഭാവത്താലേ പരിശുദ്ധനും, കളങ്കമറ്റവനും നന്മയിൽ പൂർണനുമായിരുന്ന മിശിഹാ എന്തിനാണ് ഉപവാസമനുഷ്ഠിച്ചത്? നമ്മിലെ വിഷയാസക്തിയെ നിഹനിക്കുന്നതിനും നമ്മുടെ ശരീരത്തിൽ കുടികൊള്ളുന്ന പാപത്തിന്റെ നിയമത്തെ എതിർക്കുന്നതിനും (1 കോറി. 9:27), ഭോഗേച്ഛയിലേക്കു നമ്മെ നയിക്കുന്ന വികാരങ്ങളെ നശിപ്പിക്കുന്നതിനുമുള്ള മാർഗമെന്ന നിലയിലാണ് ഈശോ ഉപവാസമനുഷ്ഠിച്ചത്. ബലഹീനരായ നമ്മുടെ പാപങ്ങളെ തുടച്ചുനീക്കാൻ അവിടുന്ന് ഉപവസിച്ചു.


ഈശോ മരുഭൂമിയിൽവച്ചു നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചു കഴിയുമ്പോഴാണ് പ്രലോഭകൻ സമീപിക്കുന്നത്. പ്രലോഭനംവഴിയുള്ള പോരാട്ടത്തിലൂടെ അവനെ പരീക്ഷിക്കാത്തിടത്തോളം കാലം അവനെ തിരിച്ചറിയാൻ തനിക്കു കഴിയുകയില്ലായെന്നു മനസ്സിലാക്കിയതുകൊണ്ടാണ് മരുഭൂമിയിൽവച്ച് സാത്താൻ ഈശോയെ പരീക്ഷിക്കുന്നതെന്ന് സഭാപിതാവായ വിശുദ്ധ അപ്രേം ഉദ്ബോധിപ്പിക്കുന്നു. ആഹാരം കൂടാതെ നാല്പതുദിവസങ്ങൾ മോശയും (പുറ. 24:18) ഏലിയായും (1 രാജ. 19:4) ദൈവവചനംകൊണ്ട് കഴിഞ്ഞു. അവർ ദൈവത്തിൽ ആശ്രയിച്ചതിനാൽ ഭൗതിക അപ്പം ആഗ്രഹിച്ചില്ല. എന്നാൽ, ദൈവത്തെപ്പോലെയാകാൻ ആഗ്രഹിച്ചതിനാൽ (ഉത്പ. 3:5) ആഹാരംവഴി ആദം വശീകരിക്കപ്പെട്ടു. ഭക്ഷണംവഴി ആദത്തിൽ നമ്മൾ പരാജിതരായെങ്കിൽ വർജനം വഴി മിശിഹായിൽ നമ്മൾ വിജയം നേടിയെന്ന് അലക്സാണ്ട്രിയായിലെ വിശുദ്ധ സിറിൽ പ്രസ്താവിക്കുന്നു. പറുദീസായിൽ ആദത്തിനുണ്ടായ പ്രലോഭനങ്ങളെയും മരുഭൂമിയിൽ ഇസ്രായേൽജനത്തിനുണ്ടായ പ്രലോഭനങ്ങളെയും സംക്ഷിപ്തമായി പുനരാവിഷ്കരിക്കുകയായിരുന്നു ഈശോ അഭിമുഖീകരിച്ച പ്രലോഭനങ്ങളെന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പ്രസ്താവിക്കുന്നു (മതബോധനഗ്രന്ഥം, 538).

ഈശോയുടെ ദൈവപുത്രത്വത്തെ ചോദ്യം ചെയ്യുന്നതായിരുന്നു മരുഭൂമിയിൽവച്ചുണ്ടായ പരീക്ഷണങ്ങൾ. 'നീ ദൈവപുത്രനാണെങ്കിൽ' എന്നു പറഞ്ഞുകൊണ്ടാണ് സാത്താൻ ഓരോ പ്രലോഭനത്തിലേക്കും ഈശോയെ നയിക്കുന്നത്. 'നീ ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്നിറങ്ങി വരുക' (മത്താ. 27: 40) എന്നു പടയാളികൾ ഈശോ കുരിശിൽ കിടക്കുമ്പോൾ പറഞ്ഞതിന്റെ മുൻരൂപമാണ് പ്രലോഭകന്റെ വാക്കുകളിൽ നിഴലിക്കുന്നത്. ദൈവികച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ആദിമനുഷ്യനും ദൈവമക്കളായി ജീവിക്കാൻ വിളിക്കപ്പെട്ട ഇസ്രായേൽജനവും പരാജയപ്പെട്ടത്, തങ്ങൾ ദൈവമക്കളാണെന്നു തെളിയിക്കുന്നതിലാണ്. എന്നാൽ, സാത്താന്റെ പ്രലോഭനങ്ങൾക്കു വഴങ്ങുകയോ കുരിശിൽനിന്നിറങ്ങി വരികയോ ചെയ്യാതെയും, തന്റെ ദൈവികശക്തി സ്വന്തം നേട്ടങ്ങൾക്ക് ഉപയോഗിക്കാതെയും താൻ ദൈവമാണെന്ന് ഈശോ തെളിയിക്കുന്നു.

ഈശോയുടെ ത്രിമാനപ്രലോഭനങ്ങളിൽ ഒന്നാമത്തേത് കല്ലുകളെ അപ്പക്കഷണങ്ങളാക്കി വിശപ്പുമാറ്റാനുള്ളതായിരുന്നു. മിശിഹാ ദൈവപുത്രനാണെന്നു തെളിയിക്കുന്നതിനുവേണ്ടി കല്ലുകളെ അപ്പമാക്കുകയെന്നാണു സാത്താൻ ഈശോയോടു പറയുന്നത്. ആദത്തെ വശീകരിച്ചതുപോലെ മിശിഹായെയും വശീകരിക്കാൻ സാത്താൻ ശ്രമിക്കുന്നു. മിശിഹാ ഈ വഞ്ചന തിരിച്ചറിയുകയില്ലെന്നും അവൻ കല്ലുകളെ അപ്പമാക്കുമെന്നുമാണ് സാത്താൻ കരുതിയത്. വിശപ്പാണല്ലോ മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിൽ മുഖ്യമായത്. ഇതിനു പരിഹാരമുണ്ടാക്കാനാണ് പിശാച് ഈശോയെ വെല്ലുവിളിച്ചത്. വിശന്നുവലഞ്ഞവൻ അപ്പം കാണുമ്പോൾ കീഴ്പ്പെടുമെന്ന് അവൻ ചിന്തിച്ചു. പഴം കഴിച്ച് വിശപ്പു മാറ്റാനും ദൈവത്തെപ്പോലെയാകാനുമുള്ള സർപ്പത്തിന്റെ പ്രലോഭനങ്ങൾക്കുമുമ്പിൽ ഒന്നാം ആദം പരാജയപ്പെട്ടുപോയെങ്കിൽ (ഉത്പ. 3:1–6) രണ്ടാം ആദമായ ഈശോ സാത്താന്റെ പ്രലോഭനത്തിനു മുമ്പിൽ കീഴടങ്ങുന്നില്ല. കല്ലുകളെ അപ്പമാക്കാനുള്ള പ്രലോഭനത്തെ അവിടന്ന് എതിർക്കുകയും, ഉത്ഥാനത്തിലൂടെ മരണത്തിന്റെ ശിലയെ നമുക്കുള്ള അപ്പമാക്കി ഈശോ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. എന്തെന്നാൽ, കുരിശുമരണത്തിലൂടെയാണ് അവിടുന്ന് സ്വയം ദിവ്യകാരുണ്യ അപ്പമായി നമുക്കു മുന്നിൽ മാറിയത്. ഈ ദിവ്യകാരുണ്യത്തിലൂടെത്തന്നെ ഈശോ ശിലാഹൃദയങ്ങളെ മാംസളഹൃദയങ്ങളാക്കി രൂപാന്തരപ്പെടുത്തുകയും ചെയ്തു.

ദൈവാലയത്തിന്റെ മുകളിൽനിന്നു താഴേക്കു ചാടി ദൈവപുത്രത്വം തെളിയിക്കാനാണ് പ്രലോഭകൻ രണ്ടാമതായി ഈശോയോട് ആവശ്യപ്പെടുന്നത്. ഒരു വൃക്ഷത്തിലൂടെ തനിക്കു ദൈവമാകാമെന്ന് ആദത്തെക്കൊണ്ട് ചിന്തിപ്പിക്കാൻ ഒരിക്കൽ സാത്താനു കഴിഞ്ഞു (ഉത്പ. 3:5). അതുപോലെ ദൈവാലയഗോപുരംവഴി ഈശോയെ കീഴ്പ്പെടുത്താൻ കഴിയുമെന്ന് സാത്താൻ പ്രതീക്ഷിച്ചുവെന്ന് വി. അപ്രേം പറയുന്നു. നിന്റെ പാദം കല്ലിന്മേൽ തട്ടാതെ ദൈവം താങ്ങുമെന്ന സങ്കീർത്തനവാക്യം ഉദ്ധരിച്ച് (സങ്കീ 91:11–12) സാത്താൻ ഈശോയെ പ്രലോഭിപ്പിക്കാൻ ശ്രമിക്കുന്നു. ശവക്കല്ലറയിൽനിന്ന് ഉയിർത്തുവരാൻ കഴിവുള്ള അവിടുത്തേക്ക് വളരെ അനായാസമായി ദൈവാലയത്തിന്റെ മുകളിൽനിന്നു ചാടി തന്റെ ദൈവപുത്രത്വം സാത്താനു മുമ്പിൽ വെളിപ്പെടുത്താമായിരുന്നു. പക്ഷേ, എളിമയുടെയും ക്ഷമയുടെയും മാതൃക പിന്തുടർന്നുകൊണ്ടും, 'നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്' (നിയ. 6:16) എന്ന ദിവ്യവചസ്സുകൾ ഉരുവിട്ടുകൊണ്ടും ഈശോ സാത്താനെ പരാജയപ്പെടുത്തുന്നു.

മൂന്നാമതായി, പ്രലോഭകൻ ഉയർന്ന ഒരു മലയിലേക്കാണ് ഈശോയെ ആനയിക്കുന്നത്. തന്നെ കുമ്പിട്ടാരാധിച്ചാൽ ലോകത്തിലെ സകല രാജ്യങ്ങളും പ്രതാപങ്ങളും നല്കാമെന്നാണ് പിശാച് ഈശോയോടു ചെയ്യുന്ന വാഗ്ദാനം. സാത്താനെ ആരാധിക്കുക എന്നു പറഞ്ഞാൽ തിന്മയുടെ വഴി തിരഞ്ഞെടുക്കുക എന്നർത്ഥം. സത്യത്തിന്റെയും നീതിയുടെയും പാത വെടിഞ്ഞ് സ്വാർത്ഥപൂരണത്തിനുവേണ്ടി ജീവിക്കാൻ സാത്താനെ ആരാധിക്കുക. ഈ മാർഗം പിന്തുടരാനുള്ള ആഹ്വാനമായിരുന്നു സാത്താൻ ഈശോയുടെ മുമ്പിൽ അവതരിപ്പിച്ചത്. ആരാധന ദൈവത്തിനു മാത്രം അർഹതപ്പെട്ടതാണ് എന്ന മറുപടിയോടെ (നിയ. 6:13) മൂന്നാം പ്രലോഭനത്തെയും അവിടന്നു നേരിട്ടു. മാത്രമല്ല, സാത്താൻ ഭൗമികരാജ്യങ്ങൾ വാഗ്ദാനം ചെയ്യുമ്പോൾ ഈശോ സ്വർഗീയരാജ്യമാണ് നമുക്കു വാഗ്ദാനം ചെയ്യുന്നത്. ഈശോ നമുക്കായി ഒരുക്കിയിരിക്കുന്ന സ്വർഗീയഭവനങ്ങൾ സ്വന്തമാക്കാൻ ലൗകികപ്രതാപങ്ങളും ആധിപത്യങ്ങളും ഉപേക്ഷിക്കേണ്ടതായി വരും.




ഈശോയെ പിശാച് വിട്ടുപോയ ഉടൻതന്നെ മാലാഖമാർ വന്നു ശുശ്രൂഷിച്ചു എന്നാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിരിക്കുന്നത്. പ്രലോഭനത്തെ കീഴ്പ്പെടുത്താൻ പരിശ്രമിക്കുന്നവർക്കാണ് ദൈവം മാലാഖമാരുടെ സംരക്ഷണം നല്കുന്നത്. നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ കഴിഞ്ഞ ഏലിയാപ്രവാചകന് കർത്താവിന്റെ ദൂതൻ ഭക്ഷണമൊരുക്കിയതുപോലെ, പ്രലോഭകൻ ഈശോയെ വിട്ടുപോയപ്പോൾ മാലാഖമാർ ഈശോയ്ക്കു ഭക്ഷണം നല്കുകയും ശുശ്രൂഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. അതുപോലെ, ജീവിതമാകുന്ന മരുഭൂമിയിൽവച്ച് ഉണ്ടാകുന്ന ശാരീരികദുർമോഹങ്ങളുടെയും ദ്രവ്യാഗ്രഹങ്ങളുടെയും അധികാരക്കൊതിയുടെയും പ്രലോഭനങ്ങളെ അതിജീവിക്കാൻ നോമ്പുകാലം ഒന്നാം ഞായറിലെ വിശുദ്ധ ഗ്രന്ഥവായനകൾ നമ്മെ ആഹ്വാനം ചെയ്യുന്നു.

■

# യോഗി പറഞ്ഞതല്ല ലോകം കണ്ട കേരളം

*1-ാംപേജ് തുടർച്ച*

**താരതമ്യങ്ങൾപോലും സാധ്യമല്ലാത്ത കേരളവും യുപിയും**

നീതി ആയോഗ് ഉൾപ്പടെ വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങളിൽ സാമൂഹികസുരക്ഷാ, ഭരണമേഖലകൾ ഉൾപ്പെടെ വിവിധ രംഗങ്ങളിൽ കേരളം കൈവരിച്ച നേട്ടങ്ങളും കേരളവും ഉത്തർപ്രദേശും തമ്മിലുള്ള ചില താരതമ്യങ്ങളും ശ്രദ്ധിക്കുക. രാജ്യാന്തരതലത്തിൽപ്പോലും ശ്രദ്ധിക്കത്തക്കവിധം നീതി ആയോഗിന്റെ സുസ്ഥിരവികസന ലക്ഷ്യസൂചികയിൽ (Sustainable Development Index) 2018 മുതൽ തുടർച്ചയായി രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തിയ സംസ്ഥാനമാണ് കേരളം. മുൻവർഷത്തെ സ്കോറിൽനിന്ന് അഞ്ച് പോയിന്റുകൂടി കൂട്ടി 100 ൽ 75 പോയിന്റോടെയാണ് 2020-2021 ൽ കേരളം വീണ്ടും ഒന്നാമതായത്. വ്യവസായവികസനം, ദാരിദ്ര്യനിർമാർജനം, മികച്ച ആരോഗ്യവും ക്ഷേമവും, ഗുണമേന്മയുള്ള വിദ്യാഭ്യാസം, ലിംഗപദവി സമത്വം എന്നീ മേഖലകളിലെ മിന്നുന്ന പ്രകടനമാണ് കേരളത്തെ വീണ്ടും മുന്നിലെത്തിച്ചത്. ഹിമാചൽപ്രദേശും തമിഴ്നാടും 74 പോയിന്റോടെ രണ്ടാം സ്ഥാനം പങ്കിട്ടു. 52 പോയിന്റുമായി ബീഹാറാണ് ഏറ്റവും പിന്നിൽ. ജാർഖണ്ഡ് (56), അസം (57), യോഗിയുടെ ഉത്തർപ്രദേശ് (60) എന്നീ സംസ്ഥാനങ്ങളാണ് ഏറ്റവും പിന്നിലുള്ളത്.

2018 ൽ നീതി ആയോഗിന്റെ ആദ്യസൂചികയിൽ ഒന്നാം സ്ഥാനം നേടിയ കേരളം തുടർന്നുള്ള വർഷങ്ങളിലും സ്ഥാനം നിലനിർത്തുകയായിരുന്നു. പട്ടിണി ഇല്ലാതാക്കൽ, ആരോഗ്യം, പൊതുവിദ്യാഭ്യാസം, ലിംഗസമത്വം, ശുദ്ധമായ കുടിവെള്ളം, ശുചീകരണം, സാമ്പത്തികഭദ്രത എന്നിവയെ അടിസ്ഥാനമാക്കിയാണ് പട്ടിക തയ്യാറാക്കിയത്. 115 വികസനസൂചകങ്ങളെ അടിസ്ഥാനമാക്കി 17 പ്രധാന സാമൂഹിക ലക്ഷ്യങ്ങൾ എത്രമാത്രം കൈവരിച്ചു എന്നു കണക്കാക്കുന്ന ഈ സൂചികയിൽ 100 ൽ 69 പോയിന്റായിരുന്നു കേരളം 2018 ൽ നേടിയത്. എന്നാൽ, ഇത്തവണ അത് 75 പോയിന്റായി ഉയർത്താൻ കേരളത്തിനു കഴിഞ്ഞപ്പോൾ തുടർച്ചയായി ഒരു പുരോഗതിയും കൈവരിക്കാൻ ഉത്തർപ്രദേശിനു കഴിഞ്ഞിട്ടില്ല. മെച്ചപ്പെട്ട ശൗചാലയങ്ങളുള്ള വീടുകൾ, ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണനിരക്ക് എന്നിവയിലും സൂചികപ്രകാരം കേരളം മുന്നിലാണ്. കേരളത്തിൽ 98.2 ശതമാനം വീടുകളിലും മികച്ച ശൗചാലയങ്ങളുണ്ട്. ഇക്കാര്യത്തിൽ 70 ശതമാനമാണ് ദേശീയ ശരാശരി. ഉത്തർപ്രദേശിൽ 36.4 ശതമാനം വീടുകളിൽ മാത്രമാണ് ശൗചാലയസൗകര്യം ഉള്ളത്. ആയുർദൈർഘ്യം ഏറ്റവും കൂടുതലും (75.3 വയസ്സ്), ശിശുമരണനിരക്ക് ഏറ്റവും കുറവും (ആയിരത്തിൽ 4.4) കേരളത്തിലാണ്. ഇക്കാര്യങ്ങളിലൊക്കെ വളരെ ദയനീയമാണ് ഉത്തർപ്രദേശിന്റെ അവസ്ഥ.

നീതി ആയോഗ് രൂപകല്പന ചെയ്തു വികസിപ്പിച്ചെടുത്ത സുസ്ഥിരവികസനസൂചിക തയ്യാറാക്കുന്നതിനു മുന്നോടിയായി സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളുമായും, ഇന്ത്യയിലെ വിവിധ യു എൻ ഏജൻസികൾ, കേന്ദ്ര സ്ഥിതിവിവരക്കണക്ക് പദ്ധതി നിർവഹണമന്ത്രാലയം (Ministry of Statistics and Programme Implementation), മറ്റു പ്രധാന കേന്ദ്രമന്ത്രാലയങ്ങൾ തുടങ്ങിയവയുമായും വിപുലമായ കൂടിയാലോചനകൾ നടത്തിയിരുന്നു. ഐക്യരാഷ്ട്ര സഭ മുന്നോട്ടു വച്ച സുസ്ഥിര വികസനലക്ഷ്യങ്ങളെ അധികരിച്ചാണ് നീതി ആയോഗ് റിപ്പോർട്ടു തയ്യാറാക്കിയത്. സുസ്ഥിര വികസനം ലക്ഷ്യം വച്ച് ഐക്യരാഷ്ട്രസംഘടനയുടെ 2015 സെപ്തംബറിൽ ചേർന്ന 193 അംഗരാജ്യങ്ങളുടെ ഉച്ചകോടിയാണ് വികസനവും ജനക്ഷേമവും വിലയിരുത്താനുള്ള സൂചികകൾക്കു രൂപം നല്കിയത്. 2018 മുതലാണ് ഇന്ത്യയിൽ സുസ്ഥിരവികസനസൂചിക പ്രസിദ്ധീകരിച്ചുതുടങ്ങിയത്. രാജ്യത്തിന്റെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ വിലയിരുത്താനുള്ള പ്രാഥമികസൂചികയാണിത്. രാജ്യാന്തരനിലവാരത്തിലേക്ക് എത്തുന്നതിൽ രാജ്യം നേടുന്ന പുരോഗതി വിലയിരുത്തുന്ന സൂചിക ഐക്യരാഷ്ട്രസഭയുടെ സഹകരണത്തോടെയാണു തയ്യാറാക്കുന്നത്. ഈ റിപ്പോർട്ട് പ്രകാരം അന്താരാഷ്ട്രമാനദണ്ഡങ്ങളോടുപോലും കിടപിടിക്കുന്ന സാമൂഹികസുരക്ഷാ സംവിധാനമാണ് കേരളത്തിലുള്ളത്. യു പിയിലേത് ഏറ്റവും പിന്നിലും.

അടുത്തതായി നീതി ആയോഗിന്റെതന്നെ ഏറ്റവും പുതിയ ബഹുമേഖല ദാരിദ്ര്യസൂചിക (എംപിഐ) റിപ്പോർട്ടിൽ രാജ്യത്ത് ഏറ്റവും കുറവ് ദരിദ്രരുള്ള സംസ്ഥാനം കേരളമാണ്. ജനസംഖ്യയിൽ 0.71 ശതമാനം പേർ മാത്രമാണ് ദാരിദ്ര്യം അനുഭവിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നീ മേഖലകളിലെ 12 മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ കണ്ടെത്തൽ. ബിഹാർ (51.91), ജാർഖണ്ഡ് (42.16), ഉത്തർപ്രദേശ് (37.79) സംസ്ഥാനങ്ങളിലാണ് ദാരിദ്ര്യം ഏറ്റവും രൂക്ഷം. ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നിവയുടെ അടിസ്ഥാനത്തിലാണ് സൂചിക തയ്യാറാക്കിയത്. പോഷകാഹാരം, കുട്ടികളുടെയും കൗമാരക്കാരുടെയും മരണനിരക്ക്, ഗർഭകാല പരിചരണം, സ്കൂൾവിദ്യാഭ്യാസം, സ്കൂൾ ഹാജർ, പാചക ഇന്ധനം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി, ഭവനം, ആസ്തികൾ, ബാങ്ക് അക്കൗണ്ടുകൾ എന്നിങ്ങനെ 12 സൂചകങ്ങൾ പരിശോധിച്ചാണ് നീതി ആയോഗിന്റെ ബഹുമേഖല ദാരിദ്ര്യസൂചിക റിപ്പോർട്ട് തയ്യാറാക്കിയത്.

ആരോഗ്യരംഗത്ത് കേരളത്തിന്റെ നേട്ടങ്ങൾ പരിശോധിച്ചാൽ ആരോഗ്യമേഖലയിലെ പ്രകടനം അടിസ്ഥാനമാക്കിയുള്ള നീതി ആയോഗ് സൂചികയിൽ തുടർച്ചയായ നാലാം തവണയും കേരളമാണ് ഒന്നാമതെത്തിയത്. നൂറിൽ 82.20 സ്കോർ നേടിയാണ് 2019-20 വർഷത്തെ സൂചികയിൽ കേരളത്തിന്റെ നേട്ടം. സ്കോർ 30.57 മാത്രം ലഭിച്ച യോഗിയുടെ ഉത്തർപ്രദേശാണ് ഇവിടെയും ഏറ്റവും പിന്നിൽ. 19 വലിയ സംസ്ഥാനങ്ങൾ, എട്ട് ചെറിയ സംസ്ഥാനങ്ങൾ, ഏഴു കേന്ദ്രഭരണപ്രദേശങ്ങൾ എന്നിങ്ങനെ തിരിച്ചാണ് സൂചിക. വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ ഉത്തർപ്രദേശിനു ലഭിച്ച സ്കോറിന്റെ 2.7 മടങ്ങ് കേരളം നേടി എന്നത് ഏറെ ശ്രദ്ധേയവും അഭിമാനകരവുമാണ്.

കൂടാതെ, 2021-22 ലെ നീതി ആയോഗിന്റെ പ്രഥമ നഗരസുസ്ഥിരവികസനലക്ഷ്യ (എസ്ഡിജി) സൂചികയിൽ (2021-22) നാലും അഞ്ചും സ്ഥാനങ്ങളിൽ എത്തിയത് തിരുവനന്തപുരവും കൊച്ചിയുമാണ്. സൂചികയിലെ ആദ്യ പത്തു നഗരങ്ങളിൽ യു.പിയിൽനിന്ന് ഒരു നഗരംപോലും ഉൾപ്പെട്ടില്ല എന്നതു ശ്രദ്ധേയമാണ്. രാജ്യത്തെ 56 നഗരങ്ങളെ 77 മാനദണ്ഡങ്ങളുടെയും 46 വികസനലക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തി പ്രസിദ്ധീകരിച്ച പട്ടികയിലാണ് തിരുവനന്തപുരത്തിനും കൊച്ചിക്കും അഭിമാനകരമായ നേട്ടം കൈവരിക്കാനായത്. ദാരിദ്ര്യനിർമാർജനം, ജീവിതനിലവാരം, പട്ടിണി ഇല്ലാതാക്കൽ, ആരോഗ്യം, പൊതുവിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് പട്ടിക തയ്യാറാക്കിയത്. ഇതോടൊപ്പം പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച 2021 ലെ പൊതുകാര്യസൂചിക (പബ്ലിക് അഫയേഴ്സ് ഇൻഡക്സ് - പിഎഐ 2021) പ്രകാരം, ഇന്ത്യയിലെ വലിയ 18 സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാമതെത്തിയത് കേരളമാണ്. 1.618 പി എഐ സ്കോറുമായി കേരളം ഏറ്റവും മുന്നിലെത്തിയപ്പോൾ മൈനസ് 1.418 പി എ ഐ സ്കോറുമായി ഏറ്റവും പിന്നിൽ പതിനെട്ടാം സ്ഥാനമാണ് ഉത്തർപ്രദേശിനുള്ളത്.

**അമർത്യാ സെൻ കണ്ട കേരളം**

ലോകപ്രശസ്ത സാമ്പത്തിക വിദഗ്ധനും നൊബേൽ സമ്മാന ജേതാവുമായ അമർത്യാ സെൻ ഒരിക്കൽ പറഞ്ഞു: "ഗുണമേന്മയുള്ള ജീവിതം പ്രദാനം ചെയ്യുന്ന കാര്യത്തിൽ കേരളത്തിൽനിന്ന് ഒരുപാട് പഠിക്കാനുണ്ട്." 'കേരള വികസനമാതൃകയുടെ' വലിയ ആരാധകനായ അമർത്യാ സെൻ നിരവധി അന്താരാഷ്ട്രവേദികളിലുൾപ്പെടെ നടത്തിയ പ്രഭാഷണങ്ങളിലും എഴുതിയ പ്രശസ്ത ഗ്രന്ഥങ്ങളിലും കേരളത്തിന്റെ മികവും ഉത്തർപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ കോട്ടങ്ങളും തെളിവുകൾ സഹിതം എടുത്തുകാട്ടിയിട്ടുണ്ട്. ഇന്ത്യയുടെ സാമ്പത്തിക-സാമൂഹികവികസനത്തെ അടിസ്ഥാനമാക്കി വിദ്യാഭ്യാസം, ആരോഗ്യസേവനങ്ങൾ, ഉടമാവകാശരീതികൾ, സാമൂഹിക വർഗീകരണം, ലിംഗബന്ധങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്ന 'ഇന്ത്യ - സാമ്പത്തിക വികസനവും സാമൂഹികാവസരവും' എന്ന പുസ്തകത്തിൽ കേരളവും ഉത്തർപ്രദേശും തമ്മിൽ വിശദമായ താരതമ്യപഠനം അമർത്യാ സെൻ നടത്തിയിട്ടുണ്ട്. കേരളത്തിന്റെ ഈ രംഗത്തെ വളർച്ചയെ വികസിത-വികസ്വരരാഷ്ട്രങ്ങളുമായും തുലനം ചെയ്ത് പുസ്തകത്തിൽ അമർത്യാ സെൻ പരിശോധിക്കുന്നുണ്ട്. കേരള വികസനമാതൃകയുടെ വലിയ വക്താവായ അമർത്യാ സെൻ കേരളം കൈവരിച്ച നേട്ടങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഉത്തർപ്രദേശ് പോലെയുള്ള സംസ്ഥാനങ്ങൾ വളരെ പിന്നാക്കാവസ്ഥയിലാണ് എന്നാണു സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

വസ്തുതകൾ ഇതായിരിക്കേ, സത്യത്തെ തമസ്കരിക്കാനും കേരളം കൈവരിച്ച നേട്ടങ്ങളെ ഇകഴ്ത്താനുമുള്ള ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ ശ്രമങ്ങൾ സ്വന്തം വീഴ്ചകളും ഭരണപരാജയങ്ങളും മൂടിവയ്ക്കാനുള്ള രാഷ്ട്രീയാഭ്യാസമായി കരുതേണ്ടിയിരിക്കുന്നു.

■

---

## ഈശോ

FROM THE BIBLE

7



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## നഷ്ടപ്പെടൽ

**തി**രുനാളിന്റെ ആഘോഷങ്ങളാൽ ജനനിബിഡവും സ്വരമുഖരിതവുമായ നടവഴികളിൽ നഷ്ടപ്പെടലിന്റെ ഞെട്ടിക്കുന്ന ചില ഓർമകൾ. ആരും പൊയ്പ്പോകാതിരിക്കാൻ പരിപാലകനായി അവതരിച്ചവനെത്തന്നെ അവന്റെ രക്ഷിതാക്കൾക്കു കുറച്ചുദിവസത്തേക്കു നഷ്ടപ്പെട്ടു. ആ കൊടിയ ദുഃഖത്തിന്റെ ഭാരവും പേറി അങ്കലാപ്പോടെ അവർക്ക് അന്വേഷിച്ചലയേണ്ടതായും വന്നു. ചില നഷ്ടപ്പെടലുകൾ ജീവിതയാത്രയിൽ സ്വാഭാവികമാണെന്ന് അവൻ നമുക്കു പറഞ്ഞുതരികയാണ്. എന്നാൽ, കൈമോശം വന്നവയെ ഓർത്തു വിലപിച്ചുകഴിയാതെ തിരഞ്ഞുകണ്ടെത്താൻ നമുക്കു ബാധ്യതയുണ്ട്. തേടിയിറങ്ങുന്നവർ കണ്ടെത്തുകതന്നെ ചെയ്യും. കണ്ടെത്താനാവാത്തവിധം യാതൊന്നും കൈവിട്ടുപോയിട്ടില്ല എന്നത് വേദഗ്രന്ഥപാഠം. മാതാപിതാക്കൾക്കു മകനെയാണു നഷ്ടമായത്. അവന് ആരെയും നഷ്ടമായില്ല. ഓർക്കണം, ദൈവത്തിനു നമ്മെ ഒരിക്കലും നഷ്ടപ്പെടുന്നില്ല. അവിടുത്തേക്കു സർവതും ദൃഷ്ടിഗോചരങ്ങളാണ്. നമ്മുടേതായ ജീവിതവ്യഗ്രതകൾ, തെറ്റുകൾ, തെറ്റുധാരണകൾ എന്നിവമൂലം നമുക്കവിടത്തെയാണു പലപ്പോഴും നഷ്ടപ്പെടുന്നത്. അവിടുന്ന് താൻ ആയിരിക്കേണ്ട ഇടത്തുണ്ട്. നാമാണ് അകന്നുപോകുന്നത്. അന്വേഷിച്ചിറങ്ങാനുള്ള നിശ്ചയദാർഢ്യം നമുക്കുണ്ടാവണം. ജീവിതത്തിൽ കാണാതെപോകലിന്റെ ചില കഥകൾ നമുക്കും പറയാനുണ്ടാവും. നിനച്ചിരിക്കാതെ ഇല്ലാതായ സമ്പത്ത്, സൽപ്പേര്, സ്ഥാനമാനങ്ങൾ, സ്വന്തബന്ധങ്ങൾ. എല്ലാറ്റിനും ഉപരിയായി ദൈവത്തെത്തന്നെ നഷ്ടപ്പെട്ടുപോയ നിമിഷങ്ങൾ. ചിലതൊക്കെ തിരികെക്കിട്ടിയിട്ടുണ്ടാവാം. കൂടുതലും കിട്ടാനുള്ളവയായിരിക്കാം. മനസ്സു മടുക്കേണ്ട, തേടിപ്പോകാം. നൊമ്പരങ്ങൾ നല്കിയവയാണെങ്കിലും അങ്ങനെയുള്ള നഷ്ടങ്ങളെ ദൈവഹിതത്തിന്റെ ഭാഗമായിക്കരുതാം. എല്ലാം നേട്ടങ്ങൾ മാത്രമായി എപ്പോഴും ഭവിക്കണമെന്നില്ല. ചില നഷ്ടങ്ങളും, തോൽവികളുമൊക്കെ അംഗീകരിക്കാനും അങ്ങനെയുള്ള അവസരങ്ങളെ അഭിമുഖീകരിക്കാനും നാം അറിഞ്ഞിരിക്കണം. ചിലതൊക്കെ കൈവിട്ടുപോകുമ്പോഴേ അവയുടെ മഹത്ത്വവും മൂല്യവും നമുക്കു മനസ്സിലാവൂ, അവ കൂടെയുണ്ടാകേണ്ടതിന്റെ ആവശ്യകത ബോധ്യമാകൂ. ഓർക്കണം, ദൈവത്തെ നഷ്ടമായാൽ പിന്നെ മറ്റു നേട്ടങ്ങൾക്കൊന്നും പ്രസക്തിയില്ല. നമ്മുടേതായ ദുഷ്കൃത്യങ്ങൾ നിമിത്തം ദൈവസന്നിധിയിൽനിന്നു ദൂരെയകലാതിരിക്കാം. കർത്താവിനെ കൈവിട്ടുപോകാതെ കരം കോർത്തു പിടിക്കാം. അനാവശ്യമായ വ്യഗ്രതകൾക്കിടയിൽ ആത്മീയ നഷ്ടങ്ങൾ സംഭവിക്കാതിരിക്കാനുള്ള ശ്രദ്ധ നമുക്കുണ്ടാവണം. ക്രൈസ്തവജീവിതം ചില നല്ല കണ്ടെത്തലുകളുടെ നാളുകളാകട്ടെ. അശ്രദ്ധയും അവിവേകവും അജ്ഞതയുംമൂലം കളഞ്ഞുപോയ നന്മകളെ തിരഞ്ഞുപിടിച്ച് കൈക്കുമ്പിളിൽ ഒതുക്കാം. മണ്ണിലെ നമ്മുടെ ശിഷ്ടായുസ്സിനെ അവയോരോന്നും മോഹനവും മഹനീയവുമാക്കി മാറ്റും. ഒപ്പം, നഷ്ടപ്പെടാതെ നോക്കാം. നാം കരുതലേകാൻ കടപ്പെട്ടിരിക്കുന്നവർക്കൊക്കെ കാവലാളായി നില്ക്കാം.

# മനക്കരുത്തും ആത്മവിശ്വാസവും

## ബാബുവിന്റെ അതിജീവനപാഠങ്ങൾ



അഡ്വ. ചാർളി പോൾ


"ആദ്യം വേണ്ടത് ആത്മവിശ്വാസമാണ്. മറ്റെല്ലാം പിന്നാലേ വന്നോളും." സ്വാമി വിവേകാനന്ദന്റെ വാക്കുകളാണിവ. മലമ്പുഴ കൂമ്പാച്ചി മലയിടുക്കിൽ കുടുങ്ങിയ ചെറാട് സ്വദേശി ആർ. ബാബുവിന്റെ രക്ഷപ്പെടൽ ദൗത്യത്തിന്, ബാബുവിന്റെ മനക്കരുത്തും ആത്മവിശ്വാസവും വലിയ നേട്ടമായെന്ന് ലെഫ്റ്റനന്റ് കേണൽ ഹേമന്ദ് രാജ് ചൂണ്ടിക്കാട്ടിയത് സ്വാമി വിവേകാനന്ദൻ പറഞ്ഞതു ശരിവയ്ക്കുന്നു. ആപത്ഘട്ടങ്ങളിൽ നഷ്ടധൈര്യരാകാതെ പ്രതീക്ഷയോടെ, ആത്മവിശ്വാസത്തോടെ കാത്തിരുന്നാൽ സഹായത്തിനായി ഒരു കൈ എവിടെനിന്നെങ്കിലും നീണ്ടുവരുമെന്ന സന്ദേശവും ഈ സംഭവം നമുക്കു കാണിച്ചുതരുന്നുണ്ട്.

ഒരുതുള്ളി വെള്ളമില്ല, ഭക്ഷണമില്ല. ചുട്ടുപഴുക്കുന്ന വെയിലിലും കൊടുംമഞ്ഞിലും മലമുകളിലെ പാറയിടുക്കിൽ രണ്ടു രാത്രിയും പകലും കഴിച്ചുകൂട്ടിയ ബാബുവിനു തുണയായത് തളരാത്ത മനോവീര്യമാണ്. അടുത്തുവരെ എത്തിയ രക്ഷാപ്രവർത്തനങ്ങളെല്ലാം ഓരോന്നായി പരാജയപ്പെട്ടപ്പോഴും ബാബു മനോധൈര്യം കൈവിട്ടില്ല. പാറയിടുക്കിൽ കുടുങ്ങി 34 മണിക്കൂർ പിന്നിട്ടപ്പോൾ ബാബു ഇരുപതടിയോളം താഴ്ചയിലേക്കു വീണ്ടും വീണു. മസിൽ കയറിയതിനാൽ കാലുയർത്താൻ ശ്രമിച്ചപ്പോഴാണ് വഴുതിവീണത്. കാൽ മറ്റൊരു പാറയിടുക്കിൽ ഉടക്കിനിന്നതിനാൽ അദ്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു. ഈ പ്രതിസന്ധികൾക്കിടയിലൊന്നും ബാബു പതറിയില്ല. 'മരണത്തിലേക്കോ ജീവിതത്തിലേക്കോ എന്നറിയാതെ പാറയിടുക്കിൽ ഇത്രനേരം കഴിഞ്ഞത് മറ്റാരെങ്കിലുമായിരുന്നെങ്കിൽ പേടികൊണ്ടുതന്നെ മരിച്ചേനേ' എന്നാണ് രക്ഷപ്പെടുത്തിയ സേനാംഗങ്ങൾ പറഞ്ഞത്. വെള്ളവും ഭക്ഷണവും ഉറക്കവുമില്ലാത്ത കഠിനാവസ്ഥയിലും ബാബു കാണിച്ച മനോധൈര്യവും ആത്മവിശ്വാസവും മാതൃകാപരമാണ്.

മലയിടുക്കിൽ അകപ്പെട്ട ഘട്ടംമുതൽ ഓരോ നിമിഷവും അവസരോചിതമായി പ്രവർത്തിക്കാനുള്ള മനസ്സും ബാബുവിനു തുണയായി. പ്രതിസന്ധി നേരിട്ടപ്പോൾ അതിനു മുന്നിൽ തകർന്നുപോകാതെ, മനസ്സു മടുക്കാതെ സാധ്യമായ മാർഗങ്ങളെല്ലാം ബാബു തേടി. കൈയിലുണ്ടായിരുന്ന ഫോണിൽനിന്ന് ബാബുതന്നെയാണ് അപകടത്തിൽപ്പെട്ട വിവരം വീട്ടുകാരെയും സുഹൃത്തുക്കളെയും അഗ്നിരക്ഷാസേനയെയും അറിയിച്ചത്. കുടുങ്ങിയ സ്ഥലം ഉൾപ്പെടെ സെൽഫിയെടുത്ത് ഫോട്ടോകളും കൈമാറി.

രാത്രിയിൽ രക്ഷാസംഘം ബാബുവിന് അരികിലെത്തിയെങ്കിലും പരസ്പരം കണ്ടില്ല. എങ്കിലും, രക്ഷാപ്രവർത്തകരുടെ ശബ്ദം കേട്ട് ഉറക്കെ നിലവിളിച്ച് പ്രതികരണം അറിയിച്ചു. ജീവന് ഒന്നും പറ്റിയിട്ടില്ലെന്ന് ഉറപ്പാക്കാൻ രക്ഷാപ്രവർത്തകർക്ക് ഇതിലൂടെ കഴിഞ്ഞു. ആദ്യദിവസം ഇരുട്ടുവീണതോടെ മൊബൈൽ ഫോണിലെ ടോർച്ച് തെളിയിച്ച് താനിരിക്കുന്ന സ്ഥലം മറ്റുള്ളവർക്കു മനസ്സിലാക്കിക്കൊടുക്കാൻ ബാബുവിനു സാധിച്ചു. ഹെലികോപ്റ്റർ വഴി രക്ഷാപ്രവർത്തനം നടക്കുമ്പോൾ അവശനാണെങ്കിൽപ്പോലും ഷർട്ടൂരി വീശിക്കാണിച്ച് സാന്നിധ്യമറിയിച്ചു. പ്രതിസന്ധികൾക്കു നടുവിൽ എല്ലാം അവസാനിച്ചു എന്നു കരുതാതെ സാധ്യമായ മാർഗങ്ങൾ ഉപയോഗിച്ച് സഹായം തേടുന്നതിലാണ് കാര്യം എന്ന് ബാബു നമ്മെ പഠിപ്പിക്കുന്നുണ്ട്.

ആത്മവിശ്വാസത്തോടൊപ്പം ആത്മധൈര്യം പകർന്നുകൊടുക്കുന്നതിലും പ്രാധാന്യമുണ്ട്. മലമുകളിലെത്തിയ സൈനികർ ഒട്ടും സമയം കളയാതെ കയറുപയോഗിച്ച് തൂങ്ങിയിറങ്ങി പുലർച്ചെ രണ്ടേകാലോടെ ബാബുവിന് 100 മീറ്റർ മുകളിൽവരെയെത്തി. ബാബുവിനെ വിളിച്ച് 'ഞങ്ങൾ അടുത്തെത്തി, ധൈര്യമായിരിക്ക്, ഞങ്ങൾ രക്ഷിക്കും' എന്ന് ഉറപ്പുകൊടുത്തു. ആത്മവിശ്വാസം പകർന്നുനൽകൽ രക്ഷാദൗത്യത്തിന്റെ ഭാഗമാണെന്ന് സൈനികർ പറഞ്ഞു. ഇതോടെ താൻ രക്ഷപ്പെടുമെന്ന ആത്മവിശ്വാസം വലിയ കരുത്തായി മാറി.





രാവിലെ സൈനികർ തനിക്കു സമീപത്ത് എത്തിയതോടെ ബാബു ക്ഷീണം മറന്നു കൈവീശിക്കാണിക്കുകയും ഒച്ചവയ്ക്കുകയും ചെയ്തു. കാലിനു പരിക്കുണ്ടെങ്കിലും മലകയറാൻ തയ്യാറാണെന്ന് അറിയിച്ച ബാബു ഉത്സാഹത്തിലായി. തകർക്കാനാവാത്ത ആത്മവിശ്വാസവും മലകയറാമെന്ന ബാബുവിന്റെ പാറപോലെ ഉറച്ച വാക്കുകളും സൈനികർക്കു ധൈര്യം പകർന്നു. കയ്യടിച്ച്, ആത്മവിശ്വാസം വീണ്ടും പകർന്നുനൽകിയാണ് സൈനികർ ബാബുവിനെ മലമുകളിൽ സ്വീകരിച്ചത്.

നല്ല വ്യക്തിത്വത്തിനായി ഒരാൾക്ക് ഒൻപതു ഗുണങ്ങൾ ഉണ്ടാകണമെന്ന് വിദഗ്ധർ നിഷ്കർഷിക്കുന്നു. അതിൽ ഒരു പ്രധാനഘടകമാണ് ആത്മധൈര്യം. അവനവനിൽത്തന്നെ വിശ്വാസമുള്ളവർക്കേ ഏതു കാര്യത്തിലും വിജയിക്കാനാകൂ. ആത്മവിശ്വാസമുള്ളവർ ഏതു സാഹചര്യവുമായും പൊരുത്തപ്പെടും. എന്തിനെയും തരണം ചെയ്യും. ജീവിതവിജയം നേടിയ പലരും ആത്മവിശ്വാസം ഒന്നുകൊണ്ടുമാത്രം ആ സ്ഥാനം കൈവരിച്ചവരാണ്. ഭാവിയെക്കുറിച്ച് നാം രൂപപ്പെടുത്തുന്ന പദ്ധതികളെല്ലാം വിജയിക്കുമോ പരാജയപ്പെടുമോ എന്നത് നമ്മുടെ ആത്മവിശ്വാസത്തെ ആശ്രയിച്ചാണിരിക്കുന്നത്. ആത്മവിശ്വാസം നമ്മുടെ പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്നു. വെൻഗ്ലർ എന്ന ചിന്തകൻ പറയുന്നു: "ആത്മവിശ്വാസം ധീരതയുടെ ആരംഭമാണ്." ആത്മവിശ്വാസമുള്ളവരാകുക; ധീരരാകുക.

**വാൽക്കഷണം:** ബാബുവിനോടും വാവ സുരേഷിനോടും ഒരു പഴഞ്ചൊല്ല് കൂടി ഓർമിപ്പിക്കുന്നു: "സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട." മുൻകരുതലും ജാഗ്രതയും നല്ലതാണ്.

■

# ജപമാലരഹസ്യഗീതങ്ങൾ ഏഴു ഭാരതീയഭാഷകളിൽ

ക്രിസ്തീയഭക്തിഗാനചരിത്രത്തിലാദ്യമായി പരിശുദ്ധ ജപമാലയുടെ 20 രഹസ്യങ്ങൾ കോർത്തിണക്കി 'ജപമാലരഹസ്യഗീതങ്ങൾ' എന്ന ഗാനമാല്യം മലയാളം, ഹിന്ദി, തമിഴ്, കന്നട, തെലുഗു, മറാത്തി, ഒറിയ എന്നീ ഏഴു ഭാരതീയ ഭാഷകളിൽ പരിഭാഷപ്പെടുത്തിയ വീഡിയോ ആൽബം പുറത്തിറങ്ങി. ഏഴു ഭാഷകളിലും ഈ ഗാനംപാടിയിരിക്കുന്ന റ്റീന മരിയ എബ്രാഹം എന്ന ഗായികയ്ക്ക് ഇതു ചരിത്രനേട്ടമാണ്. ഒരു പക്ഷേ, ഒരു ഗാനം ഇത്രയും ഭാഷകളിൽ പാടിയിരിക്കുന്ന പ്രഥമഗായികയാണ് ഈ കലാകാരി. കോറസ് പാടിയിരിക്കുന്നത് സിജി, റിൻസി, എയ്ഞ്ചലീന എന്നിവരാണ്. ക്ലരീഷ്യൻ സഭാംഗങ്ങളായ ഫാ. തോമസ് പാട്ടത്തിൽചിറയുടെ രചനയ്ക്ക് ഫാ. റോബിൻ മുതുമരത്തിൽ സംഗീതം നല്കി. പശ്ചാത്തലസംഗീതം ഒരുക്കിയിരിക്കുന്നത് സ്കറിയ ജേക്കബാണ്. ഫാ. ഷാജി തുമ്പേച്ചിറയിൽ, ഫാ. സെവേറിയോസ് തോമസ് എന്നീ സംഗീതപ്രതിഭകളുടെ അനുഗ്രഹാശിസ്സുകളോടെയാണ് ആൽബം ആരംഭിക്കുന്നത്. പരിശുദ്ധ അമ്മയോടു ചേർന്ന് ഈശോയെ ധ്യാനിക്കാനും വാഴ്ത്താനും ശ്രോതാക്കളെ സഹായിക്കുന്ന, ഈ വീഡിയോ ആൽബത്തിന് 49 മിനിറ്റു ദൈർഘ്യമാണുള്ളത്.






മാത്യൂസ് ആർപ്പൂക്കര

# പരുന്തുജാതികൾ

**ലോ**കത്തിന്റെ എല്ലാ ഭാഗത്തും കണ്ടുവരുന്ന ഒരു പക്ഷിയാണ് പരുന്ത്. പശ്ചിമഘട്ടത്തിലും കേരളത്തിന്റെ മിക്കയിടങ്ങളിലും പരുന്തിനെ കാണാം.



അമ്പതിലധികം ഇനം പരുന്തുകളുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. മികച്ച വേട്ടക്കാരായ ഇവ തങ്ങൾ കൊല്ലുന്ന ഇരകളെത്തന്നെയാണു പ്രധാനമായും തിന്നുക. അവശിഷ്ടഭോജ്യവും നടത്താറുണ്ട്. അതിനാൽ ഇവയെ സ്കാവൻജേഴ്സ് (Scavengers)എന്നു വിളിക്കുന്നു. പരുന്തുകളിൽത്തന്നെ ഓസ്പെറി (Ospery), ഹാക് (Hawk), ഈഗിൾ (Eagle), ഹാരിയർ (Harrier) എന്നിങ്ങനെ പല ജാതികളുണ്ട്. കേരളത്തിൽ കാണുന്ന പരുന്തുജാതികളാണ് കൃഷ്ണപ്പരുന്ത്, ചക്കിപ്പരുന്ത്, പ്രാപ്പിടിയൻ, വെള്ളിഎറിയൻ, കരിമ്പരുന്ത്, മലമ്പുള്ള് എന്നിവ. ഇവയിൽത്തന്നെ കൃഷ്ണപ്പരുന്ത് പ്രധാനയിനമാണ്.

കൃഷ്ണപ്പരുന്തുകൾ ഗരുഡൻ എന്നും ചെമ്പരുന്ത് എന്നും രണ്ടു തരമുണ്ട്. ചെമ്പൻ ശരീരവും തല, കഴുത്ത്, നെഞ്ച് ഇടങ്ങളിൽ വെള്ള നിറവുമുള്ള സുന്ദരപ്പക്ഷിയാണ് കൃഷ്ണപ്പരുന്ത് അഥവാ ബ്രാമിണി കൈറ്റ് (Brahminy kite). ആണും പെണ്ണും ഒരേപോലെ കാണപ്പെടുന്നു. അല്പം വലിപ്പവ്യത്യാസം കാണുമെന്നു മാത്രം. മീൻ ഭക്ഷണം നന്നേ ഇഷ്ടപ്പെടുന്ന കൃഷ്ണപ്പരുന്തുകൾ പുഴകളുടെയും ജലാശയങ്ങളുടെയും സമീപത്തു താമസിക്കുന്നു. തടിച്ചു നീണ്ട കൊക്കുകൾ, ബലവത്തായ കാൽവിരലുകൾ, നീണ്ടുവളഞ്ഞ നഖങ്ങൾ തുടങ്ങിയവ ഇതിന്റെ പ്രത്യേതകതകളാണ്. ഈ പക്ഷിക്ക് 80 സെന്റീമീറ്ററോ പരമാവധി ഒരു മീറ്റർവരെയോ നീളമുണ്ടാകും.

ഒന്നാന്തരം വേട്ടക്കാരും മാംസഭോജികളുമാണ് പരുന്തുകളിൽ മിക്കവയും. പക്ഷിക്കുഞ്ഞുങ്ങൾ, ഇഴജന്തുക്കൾ, മീനുകൾ എന്നിങ്ങനെ തരംപോലെ എന്തു കിട്ടിയാലും ആഹരിക്കുന്നു. തൂവൽത്തൊപ്പിക്കാരായ കിന്നരിപ്പരുന്തും ചെമ്പന്മാരായ മീൻപരുന്തുമാണ് കേരളത്തിൽ കാണുന്ന വമ്പൻപരുന്തുകൾ.

പ്രാപ്പിടിയന്മാർ കൃഷ്ണപ്പരുന്തിനെക്കാൾ ചെറുതും ആക്രമണകാരികളുമാണ്. ചാരനിറത്തിലോ തവിട്ടുനിറത്തിലോ, ഉള്ള പുറവും കൊക്കുമുതൽ വാലറ്റംവരെ കാണുന്ന തവിട്ടുപുള്ളിയുള്ള വെളുത്ത വയറും ഇതിന്റെ പ്രത്യേകതതന്നെ.

മാലിന്യങ്ങളുടെ സൂചകപ്പക്ഷികളാണു പരുന്തുകൾ. കഴുകനും കാക്കയുമൊക്കെ ഇതേ വർഗത്തിൽപ്പെടുന്നവരാണ്. പരുന്തുകളുടെ പ്രിയ വിഭവങ്ങളിലൊന്നാണ് എലി. ആയതിനാൽ, കർഷകന്റെ ഉറ്റ സഹായികൂടിയാണ് ഈ പക്ഷി.

ചിറകിനറ്റത്തും ചുമലിലും കറുപ്പും ദേഹമാസകലം ചാരനിറമാർന്നതുമായ ചുവന്ന കണ്ണുള്ള ചെറുപരുന്താണ് വെള്ളിഎറിയൻ (Black winged kite).

പശ്ചിമഘട്ടത്തിൽ കാണപ്പെടുന്നതാണ് കിന്നരിപ്പരുന്ത്. ചക്കിപ്പരുന്തിനെക്കാൾ കുറെക്കൂടി വലിപ്പമുണ്ടാകും. വാലിന്റെയറ്റം ചതുരാകൃതിയിലാണ്. കുഞ്ഞുങ്ങൾക്ക് ഏതാണ്ട് വെള്ളനിറമായിരിക്കും. കാടുകളിലും ധാരാളം മരങ്ങളുള്ള നാട്ടിൻപുറങ്ങളിലും കിന്നരിപ്പരുന്തിനെ കാണാനാവും.

മറ്റൊരു വിഭാഗമാണ് താലിപ്പരുന്ത്. കഴുത്തിൽ താലിമാല അണിയുമ്പോലെ ഒരു അടയാളമുള്ളതിനാലാണ് താലിപ്പരുന്തിന് ആ പേരുണ്ടായത്. നീളമുള്ള ചിറകും നീളം കുറഞ്ഞ വാലും പ്രത്യേകതയാണ്. ദേഹവും മറ്റു ഭാഗവും തവിട്ടും വെള്ളയും ചേർന്നതാണ്.

പരുന്തിന്റെ കുടുംബം: അക്സിപിട്രിഡേ. (Accipitridae).

■

# നായകർ



ജോസ് പോളയ്ക്കൽ

പാടില്ല തെല്ലുമധികാരിയിലഹംഭാവം
കൂടെയുണ്ടാകുമധീശത്വവും തേർവാഴ്ചയും;
നാടിനെച്ചൂഴുമസ്വാരസ്യവും കലാപവും
കൂടുവിട്ടോടുമൈക്യം, ശാന്തിയുമന്യമാകും.

മൂർഖനാണധികാരി, യാസുരഭാവദോഷ-
മാർന്നവനെങ്കിൽ ദേശവാസികൾക്കഹോ കഷ്ടം!
തീർച്ചയാണധീനരെയമർച്ച ചെയ്യു,മേതു
മാർഗവും പയറ്റി നിർവീര്യരാക്കിടും നൂനം.

സ്വാർത്ഥനും ദുർമോഹിയും ഭരണം കയ്യാളുകിൽ
ചോർത്തിടും മുതൽ, ഖജനാവിനെക്കാലിയാക്കും.
ആർത്തിമൂത്തതിവേഗം കീശ വീർപ്പിക്കുമൊപ്പം
ധൂർത്തിനാൽ വരുത്തിടും പിറകേ വറുതിയും.

* * *

കാവലേല്ക്കുന്നോരധികാരിക്കു പരോന്മുഖ-
ഭാവമുണ്ടെന്നാകിലോ നടത്തും സംവാദങ്ങൾ;
തേടിടും സമവായം വരുത്തും സമന്വയം
കൂടണച്ചീടുമൈകമത്യവും പ്രശാന്തിയും.

സദ്ഗുണസമ്പന്നനായ് വിളങ്ങും പ്രജാപതി
സദ്ഭരണത്താൽ സ്വർഗം ഭൂമിയിൽ വിരചിക്കും;
ഉത്തരം കാണും പ്രശ്നമെത്തരമായീടിലും
സത്വരം, ദേശം ക്ഷേമരാഷ്ട്രമായ് വളർന്നിടും.

ലോഭമോഹങ്ങൾക്കടി പണിയാതുള്ളോർദേശ-
പാലനം ചെയ്താൽ സമ്പൽസമൃദ്ധി വിളഞ്ഞിടും;
നീളവേ വികസനം കൈവരുമൈശ്വര്യവും,
മേളമായ് വാഴാം പഞ്ഞമെന്നതറിഞ്ഞിടാതെ.

* * *

ധർമവുമധർമവും വേർതിരിച്ചതിൽ ധർമം
കർമപഥത്തിലാക്കും നായകരാരുണ്ടിപ്പോൾ?
ധർമിഷ്ഠരായോർ, നല്ലോർ, രാജ്യഭരണത്തിലെത്താൻ
നിർമായ മാർഗമുതകുന്നതുമേതുണ്ടിപ്പോൾ?

ദുർഭരണത്താലുളവായിടും കെടുതികൾ
ദുർവഹമെന്നു കണ്ടുകൊണ്ടുമറിഞ്ഞിട്ടേവം
നിഷ്ക്രിയരാകും നമ്മൾ കൈമലർത്തീടിൽ ബത!
ദുർഗതി പൂകും തലമുറക,ളോർമവേണം!

നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്


# കെട്ടുകഥകൾ



അവനെപ്പറ്റി എഴുതൂ എന്ന് ഒരുവൾ. അവളെപ്പറ്റി എഴുതൂ എന്ന് ഒരുവൻ. അയാളെപ്പറ്റി എഴുതൂ എന്ന് ചിലർ. അവരെപ്പറ്റി എഴുതൂ എന്ന് വേറെ ചിലർ.

"ആരെപ്പറ്റിയും പറയാനല്ല എഴുതുന്നത്. ഭ്രഷ്ട് കല്പിക്കേണ്ട അരുതായ്മകളെപ്പറ്റിയും, പൊതുവെ അനുഷ്ഠിക്കേണ്ട ധർമ്മങ്ങളെപ്പറ്റിയും, ബന്ധപ്പെട്ടവരെയും സമൂഹത്തെയും ബോധ്യപ്പെടുത്താനാണ്. അതായത്, വ്യക്തിയല്ല വിഷയമാണു മുഖ്യം" എഴുത്തുകാരൻ പറഞ്ഞു.

ആ വാക്കുകൾ ഇഷ്ടപ്പെടാത്തതുകൊണ്ടാവാം അവന്മാരും അവളുമാരുമെല്ലാം ഇപ്പോൾ എഴുത്തുകാരനെപ്പറ്റി കെട്ടുകഥകൾ പറഞ്ഞുനടക്കുന്നത്!



നോവൽ 2

# ദേവസഹായം

ഗിരീഷ് കെ. ശാന്തിപുരം

**പ്രി**യമുള്ളവരേ...

ഞാൻ ദേവസഹായം പിള്ള. എന്റെ പൂർവാശ്രമത്തിലെ പേര് നീലകണ്ഠൻ എന്നായിരുന്നു. ഒരുപക്ഷേ, നിങ്ങളിൽ പലരും എന്നെ കേട്ടിട്ടുണ്ടാകില്ല. ചിലരെങ്കിലും എന്നെ കേട്ടിരിക്കാനും മതി. ഇതൊന്നും പറയാനല്ല ഞാനിപ്പോൾ മുതിരുന്നത്.

ഈ അടുത്തകാലത്തായി ഒരാൾ എനിക്കു ചുറ്റും സഞ്ചരിക്കുന്നു. എന്നോടു ചിരിക്കുന്നു. ചിലപ്പോഴൊക്കെ വിതുമ്പുന്നു. ചോദ്യങ്ങൾ ചോദിക്കുന്നു.

ഞാൻ പറയുന്ന ഉത്തരങ്ങളിലൊന്നും അയാൾ തൃപ്തിപ്പെടുന്നുമില്ല. ആയിരത്തിയെഴുന്നൂറ്റിപ്പന്ത്രണ്ടിലാണ് എന്റെ ജനനം. ആയിരത്തിയെഴുന്നൂറ്റി നാല്പത്തിയൊന്നിൽ ഭൂമിയിലെ വാസമുപേക്ഷിച്ച് ക്രിസ്തുദേവന്റെ തിരുവടികളിലേക്കു മടങ്ങുകയും ചെയ്ത നീലകണ്ഠപ്പിള്ള ദേവസഹായംപിള്ള എന്ന ഞാൻ, എനിക്കു ചുറ്റും കുറെക്കാലമായി സഞ്ചരിക്കുകയും ആവശ്യമില്ലാത്തതും എന്നാൽ, പലപ്പോഴും ജാഗ്രത്തുമായ ചോദ്യങ്ങൾകൊണ്ട് എനിക്കു സ്വസ്ഥത തരാതിരിക്കുകയും ചെയ്യുന്ന എന്റെ പ്രിയമിത്രത്തിന്റെ തൂലികയിലെ മഷിയായി വീണ്ടും ഉരുവാക്കപ്പെടുകയാണ്.

എന്റെ സന്തോഷങ്ങളും സങ്കടങ്ങളും പീഡാസഹനങ്ങളും നാനൂറു വർഷങ്ങൾക്കുശേഷം എന്റെ പ്രിയമിത്രത്തിലൂടെ നിങ്ങൾക്കായി പങ്കുവയ്ക്കുന്നു. ഈ പങ്കുവയ്ക്കൽ യേശുദേവന്റെ അന്ത്യത്താഴവുമായി നിങ്ങൾ തുലനം ചെയ്യണം. അത്രയ്ക്കുണ്ട് എന്റെ കഥ നിങ്ങളിലേക്ക് എത്തിക്കാൻ തൂലിക പിടിക്കുന്ന ഈ മനുഷ്യനും അനുഭവിക്കുന്നത്. അയാൾ പറയുന്നത്, ഒരു കഥയെഴുതുന്നത് തന്നെത്തന്നെ ബലികൊടുക്കുന്നതുപോലെയാണെന്നാണ്.

ഞാൻ നീലകണ്ഠൻ. കഥ പറഞ്ഞു തുടങ്ങുന്നതു ഞാനാണ്. തുടക്കം മാത്രമാണ് എന്നിൽനിന്നുണ്ടാകുക. ബാക്കി എന്റെ പ്രിയ എഴുത്തുകാരൻ പറയും. കഥ പറഞ്ഞുതീരുമ്പോൾ ഞാൻ വായനക്കാരെ കാണാൻ വരും. നിശ്ചയം.

നാനൂറു വർഷങ്ങൾക്കു മുമ്പുള്ള തിരുവിതാംകൂറിന്റെ തലസ്ഥാനമായിരുന്നു പത്മനാഭപുരം. ശ്രീപത്മനാഭസ്വാമികളുടെ പട്ടണം. ക്ഷേത്രസമുച്ചയങ്ങളുടെ നാട്.

കരിമ്പനകൾ കുടമാറ്റം നടത്തുന്ന വെളിമ്പറമ്പുകളും മാന്തോപ്പുകളും നെൽവയലുകളും നിറഞ്ഞ മനോഹരമായ ചെന്തമിഴ്നാട്. അതിനടുത്താണ് നട്ടാലം എന്ന ഗ്രാമം. നട്ടാലത്താണ് മരുതുകുളങ്ങര ഭവനം സ്ഥിതി ചെയ്യുന്നത്.

അന്ന് മരുതുകുളങ്ങര എന്നൊരു നാട്ടുരാജ്യമുണ്ടായിരുന്നു ഉത്തരതിരുവിതാംകൂറിൽ. അഴീക്കൽമുതൽ കായംകുളംവരെയായിരുന്നു അതിന്റെ വിസ്തൃതി. ആയിരത്തിയെഴുന്നൂറ്റിയിരുപതിൽ കായംകുളം രാജാവ് പിടിച്ചടക്കുന്നതുവരെ അതൊരു സ്വതന്ത്രനാട്ടുരാജ്യമായിരുന്നു.

മരുതുകുളങ്ങര കായംകുളം രാജാവിന്റെ അധീനതയിലാകുന്നതിനു രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പ് ആ നാട്ടിൽനിന്ന് ഒരു പോറ്റിയെ നട്ടാലത്തെ ഭദ്രകാളീ ക്ഷേത്രത്തിൽ പൂജാരിയായി നിയമിച്ചിരുന്നു. അദ്ദേഹം ആ നാട്ടുകാരിയായ ഒരു നായർ സ്ത്രീയെ വിവാഹം ചെയ്ത് തന്റെ രാജ്യനാമംതന്നെ ഭവനനാമമായി സ്വീകരിച്ച് നട്ടാലത്തു താമസമുറപ്പിച്ചു. ആ വംശത്തിലെ പിൻമുറക്കാരനായാണ് നീലകണ്ഠൻ ജനിച്ചത്.

അച്ഛൻ വാസുദേവൻ. അമ്മ ദേവകി. പതിനാറുകെട്ടും പടിപ്പുരയും പതിനായിരം പാടത്തിന്റെ നെൽക്കൃഷിയും അനവധിവിധ സ്വത്തുവകകളും മരുതുകുളങ്ങര ഭവനത്തിനു സ്വന്തം. ഈരേഴു പതിന്നാല് ലോകത്തുമുള്ള ദേവാസുരഗണങ്ങളും മുപ്പത്തിമുക്കോടി ദേവകളും കാവൽനിന്നു മരുതുകുളങ്ങര ഭവനത്തിന്.

പടിപ്പുരയ്ക്കുപുറത്ത് അടിയാന്മാരും കുടിയാന്മാരും കല്പനകൾക്കു കാതോർത്തു സദാ കാത്തുനിന്നു. കരിമ്പനകളും പുളിമരങ്ങളും വേപ്പുമരങ്ങളും നിറഞ്ഞ വെളിമ്പറമ്പുകളിൽ കൊഴുത്തു മെഴുത്ത കാലിക്കൂട്ടങ്ങൾ മേഞ്ഞുനടന്നു. കാലാകാലങ്ങളിൽ വയലിൽ സമൃദ്ധിയുടെ കതിരു കുനിഞ്ഞു. ഹരിതം നിറഞ്ഞ കൃഷിയിടങ്ങളും തൊടികളും സമൃദ്ധം. നാട് സമൃദ്ധം.



ത്രിസന്ധ്യകളിൽ നാമജപം കഴിഞ്ഞ് മരുതുകുളങ്ങരവീടിന്റെ പടിപ്പുരയിൽനിന്നൊരു വിളിച്ചു ചോദ്യം രാക്കാറ്റിൽ പറന്നുവരും:

''അത്താഴപ്പട്ടിണിക്കാരുണ്ടോ?"

"ഇല്ലേ തമ്പ്രാ..." മിക്കവാറും മറുപടിയുണ്ടാകും.

നട്ടാലത്താരും പട്ടിണി പുതച്ചുറങ്ങിയില്ല. മഴചോരുന്ന കുടിലുകളിലാർക്കും നിദ്ര മുടങ്ങിയില്ല. ഒരു പ്രഭാതത്തിലും അവർ മുഷിഞ്ഞ സൂര്യനെ കണ്ടുണർന്നില്ല.

എല്ലാം സേവാമൂർത്തികളുടെ അനുഗ്രഹം....

നട്ടാലം കാക്കാൻ അനവധിയായ ക്ഷേത്രങ്ങളിൽ കിരാതമൂർത്തികൾ കാവൽ നിന്നു. മൂർത്തീവിഗ്രഹങ്ങൾക്കു മുമ്പിൽ ബലിക്കല്ലുകൾ ദാഹം ശമിക്കാതെ കിടന്നു.

കാലാകാലങ്ങളായി നാട്ടുനന്മയ്ക്കായി ഗണകശ്രേഷ്ഠന്മാർ കവിടിപ്പലകകളിൽ മഹാജ്ഞാനത്തിന്റെയും ദീർഘദർശനത്തിന്റെയും കരുക്കൾ നിരത്തി. യോഗദൃഷ്ടിയുടെയും ത്രികാലജ്ഞാനത്തിന്റെയും നാരായമുനകളാൽ നട്ടാലത്തിനു മുകളിൽ അഭിവൃദ്ധിക്കുള്ള കവചം കുറിച്ചു.

"ആപത്തുകൾ വരുന്നു. നരബലി വേണം."

രക്തപാനംകൊണ്ടേ കിരാതമൂർത്തികളുടെ കലിയടങ്ങൂ. ആപത്തുകൾ അകലംകൊള്ളൂ. ഇല്ലെങ്കിൽ അനർത്ഥങ്ങൾ നാടിനെ ഗ്രസിക്കും.

രോഗങ്ങൾ, മഹാമാരികൾ, പ്രകൃതിക്ഷോഭങ്ങൾ, നാശനഷ്ടങ്ങൾ.... നാടുമുടിയും.

ബലിക്കൽപ്പുരകളിൽ കുരുതി നടന്നു. ബലിക്കായി തിരഞ്ഞെടുക്കപ്പെട്ടതോ ഹീനജാതിക്കാർ. ശൂദ്രർ, അശുദ്ധർ, അധമജന്മങ്ങൾ.

അശുദ്ധജാതിക്കാരുടെ ശുദ്ധരക്തം പാനം ചെയ്ത് സവർണരുടെ കിരാതമൂർത്തികൾ തൃപ്തിയടഞ്ഞു. ബലിക്കല്ലുകൾ രക്തം നനഞ്ഞ് മോക്ഷപ്രാപ്തിക്കായി കാത്തുകിടന്നു.

ബ്രഹ്മജ്ഞാനത്തിന്റെ പൊരുളറിയുന്ന ബ്രാഹ്മണ്യവർഗത്തിൽനിന്നാരും ബലിക്കല്ലുകളിൽ ശിരസറുക്കപ്പെട്ടില്ല. ബലിമൃഗങ്ങളെ അവർ ചൂണ്ടിക്കാട്ടുക മാത്രം ചെയ്തു.

അതൊക്കെ പഴയകാലം. കാലം മാറി. പക്ഷേ, കഥകളിൽ വലിയ മാറ്റം വന്നില്ല. ആചാരങ്ങളും അനുഷ്ഠാനങ്ങളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമായി പരിണാമംകൊണ്ടു. മനുഷ്യക്കുരുതി മൃഗബലിയിലേക്കു വഴിമാറി, അങ്ങനെ മാറ്റേണ്ടിവന്നു.

പക്ഷേ, മൂർത്തികൾ മനുഷ്യരക്തം കിട്ടാതെ പൊരിഞ്ഞു. ദേവകൾ മുഖം മറച്ചു. നട്ടാലത്തിനു മുകളിൽ കലികാലത്തിന്റെ നിഴൽ വീണു. ഋതുചക്രങ്ങൾ ക്രമം തെറ്റി. കൊടുംവേനലും പേമാരിയും നട്ടാലത്തെ പ്രഹരിച്ചു. ജനങ്ങൾ വലഞ്ഞു. മാറാരോഗങ്ങളും അകാലമരണങ്ങളും സംഭവിക്കുന്നു.

പ്രതിവിധി വേണം. ദേവപ്രീതിക്കായി മൃഗബലി. കുക്കുടബലി. രക്തപാനം ചെയ്തു മൂർത്തികൾ ശാന്തരായി. എങ്കിലും ഭക്തർക്കു തൃപ്തി വന്നില്ല. പൊങ്കാല. മഞ്ഞൾചാർത്ത്, പാലഭിഷേകം, നെയ്യഭിഷേകം, തുളസിമാല, കൂവളമാല, ഗുരുതി അങ്ങനെ അർപ്പണങ്ങളനവധി.

അങ്ങനെ, മനുഷ്യനും ദൈവങ്ങളും ഹിതകരമായി കഴിയുന്ന കാലം. പത്മനാഭപുരത്തിന്റെ കിഴക്കേ ആകാശത്തിൽ വെള്ളിടിപൊട്ടി. കാലം തെറ്റിവന്ന വർഷം വെള്ളിനൂലുകൾപോലെ ഭൂമിയിലേക്കിറങ്ങി. കരിമ്പനകളും വേപ്പുമരങ്ങളും മകരവർഷത്തിൽ കുളിരുകൊണ്ടു.

മഴയും കുളിരും പെയ്ത മകരപ്പുലരിയിൽ നട്ടാലം ഗ്രാമത്തിലെ മരുതുകുളങ്ങരത്തറവാട്ടിൽ ഒരുണ്ണി പിറന്നു. ഉദയാർക്കപ്രഭയോടെ ഒരുണ്ണി. തേജോമയൻ. സൗമ്യരൂപൻ.

നേരം തെളിഞ്ഞു. കാലം തെളിഞ്ഞു. കവിടിപ്പലകകളിൽ കരുക്കൾ നിറഞ്ഞു. രാശിചക്രങ്ങൾ തിരിഞ്ഞു. നക്ഷത്രവ്യൂഹങ്ങൾ തെളിഞ്ഞു.

ഇവൻ രോഹിണി നക്ഷത്രം. അഷ്ടമി രോഹിണി. ശ്രീകൃഷ്ണജന്മം. പക്ഷേ, ജീവിതം ശങ്കരസമാനം. ശിവശങ്കരം. ശങ്കരവാസം കൈലാസത്തിൽ. ഹൃദയത്തിൽ ആത്മജ്ഞാനത്തിന്റെ മൂന്നാം കണ്ണ്.

ഇരുപത്തെട്ടാം നാൾ നൂലുകെട്ട്. നട്ടാലത്തമ്മയുടെ തിരുനടയിൽ. നട്ടാലത്തമ്മ മഹാകാളി. മഹാമായ, ജഗദംബിക. അനുഗ്രഹവർഷിണി. സർവ്വംഹര...

മഹാമായ ഭദ്രകാളിയുടെ തിരുനടയിൽവച്ച് ഉണ്ണിക്കു പേരു കുറിച്ചു: നീലകണ്ഠൻ.

ജ്യോത്സ്യപ്രമുഖർ അകംതെളിച്ച് കരിമ്പനയോലക്കെട്ടിൽ നാരായം കോറി ജാതകം ദർശിച്ചു:

"ഇവൻ കൃഷ്ണജന്മം. ഔന്നത്യത്തിൽ ശങ്കരതുല്യൻ."

ജ്യോത്സ്യവചനങ്ങൾ അണുവിട പിഴച്ചില്ല. പത്മനാഭപുരത്തെ പുകൾപെറ്റ ജ്യോത്സ്യപ്രഭുതികൾക്കു പിഴയ്ക്കില്ല. ഉണ്ണി സമർത്ഥൻ. സ്ഥിരബുദ്ധി, സമാനതകളില്ലാത്ത ഗ്രഹണസിദ്ധി. ദൃഢഗാത്രം. ഐശ്വര്യരൂപം.

അനാദിയായ കാലത്തിന്റെ രഥചക്രമുരുണ്ടുകൊണ്ടിരുന്നു. ഋതുഭേദങ്ങൾ ക്രമം തെറ്റാതെ വന്നുപോയി.

ഉണ്ണി വളർന്നു. പഠനം മരുതുക്കുളങ്ങര വീട്ടിൽ ത്തന്നെ. പണ്ഡിതശിരോമണികൾ പാഠങ്ങൾ ചൊല്ലിക്കൊടുത്തു. ഗുരുക്കന്മാരിൽനിന്നു ചൊല്ലിക്കിട്ടിയതൊക്കെയും ശിലാചിത്രങ്ങളായി നീലകണ്ഠൻ വശപ്പെടുത്തി.

തമിഴ്, മലയാളം, സംസ്കൃതം എന്നീ ഭാഷകൾ വശമാക്കി. കാവ്യം, അലങ്കാരം, അർത്ഥശാസ്ത്രം ഒക്കെ ഉള്ളിലേക്കാവഹിച്ചു.

സിദ്ധരൂപം, അമരകോശം, തിരുക്കുറൾ, ചിലപ്പതികാരം, മേഘസന്ദേശം ഒക്കെയും നീലകണ്ഠനു മനഃപാഠം. തർക്കം, വേദാന്തം എന്നിവയിൽ അദ്വിതീയൻ. മെയ്യഭ്യാസത്തിലും ആയുധാഭ്യാസത്തിലും അതിനിപുണൻ.

ബുദ്ധികൂർമത, അതാകട്ടെ തുഷാരകണംപോലെ ശുഭ്രമായത്. സത്സ്വഭാവി. കറയറ്റ വ്യക്തിത്വം. കരുണാധരൻ. ഗുരുകുലസമ്പ്രദായത്തിലായിരുന്നു നീലകണ്ഠന്റെ വിദ്യാഭ്യാസത്തിലേറെയും. പഠനം കഴിഞ്ഞു മടങ്ങുമ്പോൾ ഓരോ ഗുരുക്കന്മാർക്കും ദക്ഷിണയും ദ്രവ്യങ്ങളും കാഴ്ച വച്ചാണ് നീലകണ്ഠൻ മടങ്ങിയത്.

തങ്ങളുടെ പ്രിയശിഷ്യനെ അനുഗ്രഹിച്ചയയ്ക്കുമ്പോൾ ഗുരുക്കന്മാരോരുത്തരും ദീർഘദർശനംപോലെ പറഞ്ഞു:

''പ്രിയ ശിഷ്യാ നിന്നെ കാലവും ലോകവും അടയാളപ്പെടുത്തും."

*ശേഷം 13-ാം പേജിൽ*

1-ാംപേജ് തുടർച്ച

# റഷ്യൻ യുക്രെയ്ൻ സംഘർഷം ആശങ്കയുണർത്തി വൻശക്തികൾ

സ്വാതന്ത്ര്യം നേടിയശേഷമുള്ള ആശയസംഘർഷങ്ങൾ രാജ്യത്തു സൃഷ്ടിച്ച പ്രതിസന്ധികളാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾക്കു കാരണമെന്ന് വിലയിരുത്തുന്ന രാഷ്ട്രീയനിരീക്ഷകരുണ്ട്. യു.എസ്., യു.കെ, ഫ്രാൻസ്, ജർമനി തുടങ്ങിയ വൻശക്തിരാഷ്ട്രങ്ങൾ അംഗങ്ങളായുള്ള 'നാറ്റോ' യിൽ ചേരാനും യൂറോപ്യൻ യൂണിയനിൽ അംഗമാകാനുമുള്ള ഭൂരിഭാഗം ജനങ്ങളുടെയും ആഗ്രഹമാണ് റഷ്യ എതിർക്കുന്നത്. റഷ്യൻ ഭാഷ സംസാരിക്കുന്ന ന്യൂനപക്ഷമാകട്ടെ, റഷ്യയുമായുള്ള സൗഹൃദവും സഹകരണവും തുടരണമെന്നും ആഗ്രഹിക്കുന്നു. ഇരുരാജ്യങ്ങളുടെയും ഇടയിലുള്ള പ്രശ്നങ്ങൾ പഴക്കമുള്ളതും ദേശീയസ്വത്വം മുറുകെപ്പിടിക്കുന്നതുമായി കാണേണ്ടതുണ്ട്.

ലോകത്തെ ഏറ്റവും വലിയ രാജ്യമായ റഷ്യയുടെ ആകെ വിസ്തീർണത്തിൽ (1,70,75,200 ചതുരശ്രകിലോമീറ്റർ) 25% വും യൂറോപ്പിലാണ്. സമ്പന്നമായ പ്രകൃതി വിഭവങ്ങളും ശാസ്ത്രസാങ്കേതിക ബഹിരാകാശമേഖലകളിലുള്ള വികാസവുംവഴി റഷ്യ കഴിഞ്ഞ നൂറ്റാണ്ടിൽത്തന്നെ വൻശക്തിരാഷ്ട്രങ്ങളിലൊന്നായി വളർന്നുകഴിഞ്ഞിരുന്നു. സോവിയറ്റുയൂണിയന്റെ തകർച്ചയ്ക്കുശേഷം നേരിടേണ്ടിവന്ന സാമ്പത്തിക പ്രതിസന്ധികളും പിന്നാക്കാവസ്ഥയും മറികടക്കാനുള്ള മാർഗങ്ങൾ പിന്നീട് രാജ്യം ഭരിച്ച ഭരണകർത്താക്കളെ ഏറെ ചിന്തിപ്പിച്ച സംഗതിയാണ്. സോവിയറ്റുയൂണിയന്റെ പതനം 20-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ രാഷ്ട്രീയദുരന്തമാണെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമർ പുടിൻ 2005 ൽ വിശേഷിപ്പിച്ചത് ഇനിയും മറക്കാറായിട്ടില്ല. പഴയകാല പ്രതാപത്തോടെ റഷ്യയുടെ മേധാവിത്വം ഉറപ്പിക്കുകയെന്ന ആത്യന്തികലക്ഷ്യമാണ് പുടിന്റെ മനസ്സിലുള്ളത്. മുൻ സോവിയറ്റ് റഷ്യൻ റിപ്പബ്ലിക്കുകളെ ഒരു കുടക്കീഴിൽ അണിനിരത്തി 'യൂറോപ്യൻ ഇക്കണോമിക് യൂണിയൻ' എന്നൊരു സംഘടനയുണ്ടാക്കി ഇതര യൂറോപ്യൻരാജ്യങ്ങളുടെ കൂട്ടായ്മയായ യൂറോപ്യൻ യൂണിയനു ബദലായി രൂപംകൊടുക്കുന്നതിന് പുടിൻ മുൻകൈയെടുത്തു. ഈ പദ്ധതിയിൽ യുക്രെയ്നെക്കൂടി ഉൾപ്പെടുത്തുകയാണ് പുടിന്റെ ഉദ്ദേശ്യം. യുക്രെയ്ൻ നാറ്റോയിൽ അംഗമാകുന്നത് തങ്ങളുടെ സുരക്ഷയ്ക്കു ഹാനികരമാണെന്ന് പുടിൻ പറയുന്നു: "യുക്രെയ്ന് നാറ്റോ അംഗത്വം നൽകുന്നത് ഞങ്ങളുടെ രാജ്യത്തിന് സുരക്ഷാഭീഷണിയാണ്. നാറ്റോ അംഗരാജ്യങ്ങളിലെ വിദേശ സൈനികരുടെ സാന്നിധ്യവും ആണവമിസൈലുകളുടെ വിക്ഷേപണ/ പ്രതിരോധസംവിധാനങ്ങളും ഞങ്ങളെ ലക്ഷ്യം വച്ചുകൊണ്ടാണ്. കിഴക്കൻ യൂറോപ്പിൽനിന്നു നാറ്റോ പിൻമാറിയാലേ ഞങ്ങളുടെ സുരക്ഷാ ആശങ്കകൾ പരിഹരിക്കപ്പെടുകയുള്ളൂ." പുടിൻ വെളിപ്പെടുത്തി.

എന്നാൽ, സ്വതന്ത്രരാജ്യങ്ങളായി മാറിയ മുൻസോവിയറ്റ് റിപ്പബ്ലിക്കുകളായ അൽബേനിയ, അസർബൈജാൻ, ജോർജിയ, മോൾഡോവ, എസ്റ്റോണിയ, ലാത്വിയ, ലിത്വാനിയ, ബെലാറൂസ് തുടങ്ങിയ രാജ്യങ്ങളുടെ മേലും തങ്ങളുടെമേലും അധീശത്വം ഉറപ്പിക്കാനുള്ള പുടിന്റെ തന്ത്രങ്ങളിൽ യുക്രെയ്നിലെ ഭൂരിപക്ഷം വരുന്ന ജനങ്ങളും അസ്വസ്ഥരാണ്. യൂറോപ്യൻ



യൂണിയനിലെ അംഗരാജ്യങ്ങളുടെ സാമ്പത്തികവളർച്ച അവർ കണ്ടുകൊണ്ടിരിക്കുന്നു. റഷ്യയുടെ മേധാവിത്വത്തിനു വഴങ്ങിയാൽ അത് അടിമത്തത്തിനു തുല്യമാകുമെന്ന് അവർ വിശ്വസിക്കുന്നു.

യുക്രെയ്നെ യൂറോപ്യൻ യൂണിയനിൽ ചേർക്കാനുള്ള കരാറിൽനിന്ന് റഷ്യൻ അനുകൂലിയായിരുന്ന മുൻപ്രസിഡന്റ് പിൻമാറിയതിനെതിരേ നടന്ന ജനകീയ പ്രക്ഷോഭത്തിനൊടുവിൽ യുക്രെയ്ന്റെ ഭാഗമായിരുന്ന ക്രീമിയൻ ഉപദ്വീപ് 2014 ൽ റഷ്യ പിടിച്ചെടുത്തു. സാംസ്കാരികമായും ചരിത്രപരമായും ക്രീമിയ തങ്ങളുടെ പ്രദേശമാണെന്ന് അവകാശപ്പെട്ടാണ് റഷ്യ സൈനികനടപടിയിലൂടെ അതു സ്വന്തമാക്കിയത്. വെറും കാഴ്ചക്കാരായി മാറിയ ഐക്യരാഷ്ട്ര സംഘടനയ്ക്കും പാശ്ചാത്യരാജ്യങ്ങൾക്കും ഏതാനും ഉപരോധങ്ങൾ ഏർപ്പെടുത്താനല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിയാതിരുന്നതും പുടിന്റെ വിജയമായി കണക്കാക്കപ്പെടുന്നുണ്ട്. 2014 മാർച്ചിൽ നടത്തിയ ഹിതപരിശോധനയും റഷ്യയ്ക്ക് അനുകൂലമായിരുന്നു. സർക്കാരിനെ അനുകൂലിക്കുന്നവരും റഷ്യൻ അനുകൂലവിമതരും തമ്മിലുള്ള സംഘർഷങ്ങളിൽ വിമതർക്ക് സാമ്പത്തികവും സൈനികവുമായ പിന്തുണ നൽകാനും പുടിൻ ഉത്തരവിട്ടിരുന്നു. 2014 നുശേഷം നടന്ന രണ്ട് ഏറ്റുമുട്ടലുകളിലും സർക്കാർസൈന്യം പരാജയപ്പെടുകയും കിഴക്കൻ യുക്രെയിനിലെ ഒരു വലിയ ഭൂപ്രദേശം വിമതരുടെ നിയന്ത്രണത്തിലാവുകയും ചെയ്തു.

യുക്രെയ്ൻ സംഘർഷത്തെ 1962 ലെ ക്യൂബൻ പ്രതിസന്ധിയോടു തുലനം ചെയ്യുന്നവരുണ്ട്. യുഎസും റഷ്യയും മുഖാമുഖം ഏറ്റുമുട്ടുമായിരുന്ന സാഹചര്യമാണ് അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺ എഫ്. കെന്നഡിയുടെ നിശ്ചയദാർഢ്യത്തിനു മുമ്പിൽ ഒഴിവായത്. ആറ്റംബോംബുകളും വഹിച്ചെത്തിയ ക്രൂഷ്ചേവിന്റെ കപ്പൽപ്പടയും അന്തർവാഹിനികളും അറ്റ്ലാന്റിക്കിൽനിന്ന് നിരുപാധികം പിൻവാങ്ങാതിരുന്നെങ്കിൽ വലിയൊരു ആണവയുദ്ധത്തിനിടയാകുമായിരുന്ന സംഘർഷമാണ് കൂടുതൽ വഷളാകാതെ അവസാനിച്ചത്.

തങ്ങളുടെ അയൽരാജ്യമായ യുക്രെയ്ൻ നാറ്റോ സഖ്യത്തിൽ അംഗമാകരുതെന്നും കിഴക്കൻ യൂറോപ്പിൽ വിന്യസിച്ചിട്ടുള്ള ആയുധശേഖരങ്ങൾ നീക്കണമെന്നും സൈനികരെ പിൻവലിക്കണമെന്നുമുള്ള നിലപാടിൽ മാറ്റമില്ലെന്ന് മോസ്കോയിലെത്തിയ ഫ്രഞ്ചുപ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിനെ പുടിൻ അറിയിച്ചു. യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ റഷ്യൻ പ്രസിഡന്റുമായി ടെലിഫോണിൽ ഒരു മണിക്കൂറിലേറെ സംസാരിച്ചെങ്കിലും തന്റെ നിലപാടിൽ അയവുവരുത്താൻ പുടിൻ തയ്യാറല്ലായിരുന്നു. നാറ്റോരാജ്യങ്ങളിൽനിന്നും രേഖാമൂലമുള്ള ഉറപ്പിൽ കുറഞ്ഞതൊന്നും തനിക്കു സ്വീകാര്യമല്ലെന്നും പുടിൻ അറിയിച്ചു. യുക്രെയ്നെ ആക്രമിച്ചാൽ ശക്തമായ തിരിച്ചടി നേരിടേണ്ടിവരുമെന്ന് പുടിനെ ഓർമിപ്പിക്കാനും ബൈഡൻ മുതിർന്നു. ആൻജലാ മെർക്കലിനുശേഷം ജർമൻ ചാൻസലറായ ഒലാഫ് ഷോൾസും മോസ്കോയിലെത്തി പുടിനുമായും യുക്രെയ്ൻ തലസ്ഥാനമായ കീവിൽ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കിയുമായും ഈയാഴ്ച കൂടിക്കാണുമെന്നു വാർത്തയുണ്ട്. യുക്രെയ്നെ ആക്രമിക്കുന്ന പക്ഷം കടുത്ത പ്രത്യാഘാതങ്ങളാകും റഷ്യയ്ക്കു നേരിടേണ്ടിവരികയെന്നു മോസ്കോയിലേക്കു യാത്ര തിരിക്കുംമുമ്പ് ബെർലിനിൽ നടത്തിയ പത്രസമ്മേളനത്തിൽ ഷോൾഡ് മുന്നറിയിപ്പു നൽകി.

റഷ്യയുടെ കടന്നാക്രമണം ഏതു സമയത്തും ഉണ്ടായേക്കാമെന്ന് യുഎസ് രഹസ്യാന്വേഷണവിഭാഗം അറിയിച്ചതിനെത്തുടർന്ന് എത്രയുംവേഗം യുക്രെയ്നു പുറത്തുകടക്കാൻ വിവിധ രാജ്യങ്ങൾ തങ്ങളുടെ പൗരന്മാരോട് ആവശ്യപ്പെട്ടതും ഭീതി പരത്തുകയാണ്. കീവിലെ യു.എസ്. എംബസി താത്കാലികമായി അടച്ചിടാനും ഉദ്യോഗസ്ഥരോടു നാട്ടിലേക്കു മടങ്ങാനും ബൈഡൻ നിർദേശിച്ചു. ഏറ്റവും വലിയ സൈനികസന്നാഹത്തെയാണ് നേരിടേണ്ടി വരികയെന്നും കാര്യങ്ങൾ വളരെവേഗം കൈവിട്ടുപോയേക്കാമെന്നും ബൈഡൻ സൂചിപ്പിച്ചു. ബെലാറൂസിലും റഷ്യൻ അതിർത്തിയിലും സൈനികാഭ്യാസങ്ങളും കരിങ്കടലിലും അസോവ് ഉൾക്കടലിലും നാവികാഭ്യാസങ്ങളും തുടരുന്ന പശ്ചാത്തലത്തിലാണ് അദ്ദേഹത്തിന്റെ പ്രതികരണം. യുക്രെയ്നിൽ യുദ്ധം ഉണ്ടാകുന്നതു തടയാൻ നടത്തുന്ന നയതന്ത്രനീക്കങ്ങൾ വിജയം കാണാത്തത് ഏറെ ആശങ്ക ഉളവാക്കുന്നുണ്ട്. യുക്രെയ്നെ ആക്രമിച്ചാൽ റഷ്യയ്ക്കെതിരേ വൻതോതിലുള്ള സാമ്പത്തികോപരോധം ഏർപ്പെടുത്തുമെന്നും യുക്രെയ്ന് എല്ലാവിധത്തിലുമുള്ള സൈനികസഹായം നൽകുമെന്നും ജി 7 രാജ്യങ്ങളുടെ സമ്മേളനവും തീരുമാനിച്ചു.

റഷ്യയുടെ സഖ്യകക്ഷികളിലൊന്നായ ബെലാറൂസും അതോടൊപ്പം ചൈനയും മാത്രമേ സൈനികനീക്കങ്ങളെ പിന്തുണച്ചിട്ടുള്ളൂ എന്നതു ശ്രദ്ധേയമാണ്. ഏതാനും മാസങ്ങളായി ആഭ്യന്തരസംഘർഷത്തിൽ കലുഷിതമായ ബെലാറൂസിലെ ജനാധിപത്യപ്രക്ഷോഭങ്ങളെ അടിച്ചമർത്തുന്നത് റഷ്യയുടെ പിന്തുണയോടെയാണ്. ക്രീമിയ തങ്ങളുടെ സ്വന്തമാണെന്ന അവകാശവാദമുന്നയിച്ചു പിടിച്ചെടുത്ത റഷ്യയുടെ അതേ മനോഭാവത്തോടെ തയ്വാന്റെമേൽ ചാടിവീഴാൻ ചൈനയും ഒരുങ്ങുന്നു. തയ്വാൻ വിഷയത്തിൽ ഷീചിൻപിംഗിന് പുടിന്റെ പൂർണപിന്തുണയുണ്ട്.

ഇച്ഛാശക്തിയുള്ള ഒരു രാഷ്ട്രീയനേതൃത്വം യുക്രെയ്നില്ലാതെ പോയതാണ് പ്രശ്നങ്ങൾ ഇത്രമാത്രം സങ്കീർണമാകാൻ കാരണമെന്നു വിമർശിക്കുന്നവരുണ്ട്. 'ജനങ്ങളുടെ ദാസൻ' എന്ന ജനപ്രിയസീരിയലിലെ നായകനടനായി പ്രശസ്തി നേടിയ സെലെൻസ്കി രാഷ്ട്രീയത്തിലിറങ്ങുകയും പ്രസിഡന്റു സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയുമായിരുന്നു. സീരിയലിന്റെ സംവിധായകനും തിരക്കഥാകൃത്തും നടന്മാരും സാങ്കേതികവിദഗ്ധരുമടങ്ങിയ ഒരു തട്ടിക്കൂട്ടുമന്ത്രിസഭയാണ് രാജ്യം ഭരിക്കുന്നതെന്നതു വിചിത്രമായിരിക്കുന്നു.

ഒരു തുറന്ന യുദ്ധം ആഗ്രഹിക്കുന്നില്ലെന്ന് പുടിൻ പ്രസ്താവിക്കുമ്പോഴും, ഏറ്റവും വലിയ സൈനികസന്നാഹം ഒരു അയൽ രാജ്യത്തിനുചുറ്റും ഒരുക്കിനിറുത്തിയിരിക്കുന്നത് എന്തിനെന്ന ചോദ്യം ബാക്കി നില്ക്കുന്നു. നാറ്റോയിൽ അംഗത്വം നേടാനുള്ള യുക്രെയ്ന്റെ താത്പര്യം അവരുടെ ആഭ്യന്തരകാര്യമായി വിട്ടുകളയാവുന്നതല്ലേയുള്ളൂ എന്നു ചിന്തിക്കുന്നവരുമുണ്ട്. ഒരു യുദ്ധമുണ്ടാകുന്ന പക്ഷം റഷ്യയുടെ മാത്രമല്ല, എല്ലാ യൂറോപ്യൻ രാജ്യങ്ങളുടെയും സാമ്പത്തിക നിലനില്പിനെയായിരിക്കും സാരമായി ബാധിക്കുക. യൂറോപ്യൻ രാജ്യങ്ങൾ ഉപയോഗിക്കുന്ന പ്രകൃതിവാതകങ്ങളുടെ മൂന്നിൽ ഒന്നും റഷ്യയിൽനിന്നു പൈപ്പുകളിലൂടെയാണ് എത്തുന്നത്. ജർമനിയടക്കമുള്ള രാജ്യങ്ങളിൽ ആഭ്യന്തരാവശ്യങ്ങൾക്കുള്ള ഇന്ധനം എത്തുന്നതും റഷ്യയിൽനിന്നാണ്. ചുരുക്കത്തിൽ, ലോകസമ്പദ്വ്യവസ്ഥ തകർന്നു തരിപ്പണമാകുന്ന അവസ്ഥയാണ് സംജാതമാവുക. ഇത് എല്ലാ ലോകരാജ്യങ്ങളെയും പരോക്ഷമായി ബാധിക്കുകയും ചെയ്യും. ആണവായുധങ്ങൾ കൈവശമുള്ള രാജ്യങ്ങൾ മുഖാമുഖം നില്ക്കുന്ന അവസ്ഥയിലേക്ക് സ്ഥിതിഗതികൾ എത്തിനില്ക്കുന്നതാണ് ഏറെ ആശങ്ക ജനിപ്പിക്കുന്നത്. ■



# അവസാനിക്കാത്ത കഥ

ഷാജി മാലിപ്പാറ

**ക**ഥയെക്കുറിച്ചുള്ള ഒരു കഥയാണിത്. ഈ കഥയുടെ ആരംഭത്തിൽ പ്രധാന കഥാപാത്രം ഒരു രാജാവാണ്. എന്നാൽ, കഥാന്ത്യത്തിൽ ഒരു ബുദ്ധിമാൻ പ്രധാന കഥാപാത്രമായി മാറുന്നു. അതെങ്ങനെ എന്നറിയണോ? ഇക്കഥ വായിച്ചോളൂ.

പണ്ടുപണ്ടുള്ളൊരു രാജ്യം. അവിടെയൊരു രാജാവ്. രാജ്യഭരണം വിശ്വസ്തരായ മന്ത്രിമാരെ ഏല്പിച്ചു. എല്ലാം നന്നായി നടക്കുന്നു. രാജാവിനൊരു ജോലിയുമില്ല. അദ്ദേഹം



വെറുതെയിരുന്നു മടുത്തു. ഇനിയെന്തു ചെയ്യും? മടുപ്പുമാറ്റാൻ എന്താണു വഴി? ഒരു വഴി മനസ്സിൽ തെളിഞ്ഞു.

പ്രഭാതംമുതൽ പ്രദോഷംവരെ പട്ടുമെത്തയിലിരുന്നു കഥ കേൾക്കുക. നല്ല രസമായിരിക്കുമല്ലോ. പക്ഷേ, കഥ പറയാൻ ആരാണുള്ളത്? രാജാവ് ഒരു വിളംബരം നടത്തി: "കഥ പറയാൻ താത്പര്യമുള്ളവർക്കു കൊട്ടാരത്തിലേക്കു സ്വാഗതം. അവർക്കു കഥ പറയാം. രാജാവ് കേട്ടിരിക്കും. സമ്മാനങ്ങൾ നൽകി തിരിച്ചയയ്ക്കും."

ദൂരെദേശങ്ങളിൽനിന്നുപോലും കഥപറച്ചിലുകാർ കൊട്ടാരത്തിലെത്തി. രാജാവ് എല്ലാവരെയും സ്വീകരിച്ചു സൽക്കരിച്ചു. ഓരോരുത്തരും ഊഴമിട്ടു കഥ പറയാൻ തുടങ്ങി. ഏതു കഥയും രാജാവ് ആസ്വദിച്ചു കേട്ടിരിക്കും. ഒരു കഥപോലും രാജാവിനെ മടുപ്പിച്ചില്ല. ഒറ്റക്കാര്യത്തിലേ അദ്ദേഹത്തിനു സങ്കടമുണ്ടായുള്ളൂ, കഥയെല്ലാം പെട്ടെന്നു തീർന്നുപോകുന്നു. ചെറിയ കഥകൾ രാജാവിനെ സംതൃപ്തനാക്കിയില്ല.

ലോകത്തുള്ള സകല കഥാകാരന്മാരും രാജാവിനെ മുഖം കാണിച്ചു കഥ പറയാൻ തുടങ്ങി. മിനിട്ടുകളും മണിക്കൂറുകളും ദിവസങ്ങളും ആഴ്ചകളും മാസങ്ങളും നീണ്ടുനിൽക്കുന്ന കഥകൾ രാജാവ് കേട്ടു. പക്ഷേ, ഓരോ കഥയും അവസാനിക്കുന്നത് അദ്ദേഹത്തെ ദുഃഖിതനാക്കി. അങ്ങനെയാണു രാജാവിന്റെ ബുദ്ധിയിൽ ഒരാശയം ഉദിച്ചത്. ഒരിക്കലും അവസാനിക്കാത്ത കഥ കേൾക്കുക. അതിനുവേണ്ടിയായി അടുത്ത വിളംബരം.

"ഒരിക്കലും അവസാനിക്കാത്ത കഥ പറയുന്ന ആളിനെ അടുത്ത രാജാവായി വാഴിക്കും."

വാഗ്ദാനം കേട്ട് ആഹ്ലാദിച്ച പല മത്സരാർത്ഥികളും കഥ പറയാൻ വന്നു. കഥ എപ്പോഴെങ്കിലും തീർന്നുപോയാൽ അവരെ വധിക്കും എന്ന വ്യവസ്ഥ അറിഞ്ഞ് പലരും ജീവനുംകൊണ്ട് രക്ഷപ്പെട്ടു. ധൈര്യപൂർവം കഥ പറഞ്ഞ ചിലരുടെയൊക്കെ പ്രാണൻ നഷ്ടമായി. അതോടെ കഥപറച്ചിലുകാരുടെ വരവും നിലച്ചു.

അങ്ങനെയിരിക്കേ ഒരു വഴിപോക്കൻ കൊട്ടാരത്തിലെത്തി കഥ പറയാൻ താത്പര്യം അറിയിച്ചു. വ്യവസ്ഥകളൊക്കെ അറിഞ്ഞിട്ടും അയാൾ പിന്മാറാൻ കൂട്ടാക്കിയില്ല. കഥാകാരൻ കഥ പറഞ്ഞുതുടങ്ങി. രാജാവ് ഉത്സാഹത്തോടെ കേട്ടിരുന്നു.

ഒരു ധാന്യപ്പുര. അതിൽ നിറയെ ധാന്യങ്ങൾ. സുരക്ഷിതമായി നിർമിച്ച അതിനുള്ളിൽ കടക്കാൻ ഒന്നിനും കഴിയുമായിരുന്നില്ല. എന്നാൽ, ധാന്യമണികൾ ഭക്ഷിക്കുന്ന വെട്ടുക്കിളികളുടെ കൂട്ടം അതു കണ്ടുപിടിച്ചു. ഒരു കിളിക്കുമാത്രം കയറാൻ കഴിയുന്ന ഒരു വിള്ളൽ അവ കണ്ടെത്തി. അതിലൂടെ ആദ്യത്തെ വെട്ടുക്കിളി അകത്തുകയറി. ഒരു ധാന്യമണി കൊത്തിക്കൊണ്ടു പുറത്തേക്കു പറന്നു. പിന്നെ രണ്ടാമത്തെ കിളി അകത്തുകയറി. രണ്ടാമത്തെ ധാന്യമണി കൊത്തിക്കൊണ്ട് പുറത്തെത്തി. അങ്ങനെ മൂന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും കിളികൾ വന്നുപോയി. ഓരോ കിളിയും ഓരോ ധാന്യമണി മാത്രമാണു കൊണ്ടുപോയിരുന്നത്. ഒന്നിനു പിന്നാലേ മറ്റൊന്നായി വെട്ടുക്കിളികൾ വന്നുകൊണ്ടേയിരുന്നു.

ദിവസങ്ങൾ കഴിഞ്ഞു. ആഴ്ചകൾ കഴിഞ്ഞു. മാസങ്ങൾ കഴിഞ്ഞു. വർഷം രണ്ടു തികഞ്ഞു. കഥാകാരൻ കഥ തുടർന്നുകൊണ്ടിരുന്നു. രാജാവിനു കഥ മടുത്തുതുടങ്ങിയിരുന്നു. അദ്ദേഹം ചോദിച്ചു: "ഇനിയും ധാന്യമണികൾ ബാക്കിയുണ്ടോ?"

"ഉവ്വ് പ്രഭോ... നൂറിലൊന്നു ധാന്യമണികൾ പോലും ഇതുവരെ കൊത്തിത്തീർന്നിട്ടില്ല."

"അപ്പോൾ വെട്ടുക്കിളികളോ?"

"അവ ഇപ്പോഴും വന്നുകൊണ്ടിരിക്കുകയാണ്. ധാന്യമണികൾ കിട്ടുമെന്നറിഞ്ഞ് ദൂരദേശത്തുനിന്നുപോലും കിളികൾ എത്തിക്കൊണ്ടിരിക്കുന്നു."

"ഹേ കഥാകാരാ, താങ്കൾ അടുത്ത രാജാവായിക്കോളൂ. കഥകേട്ട് എനിക്കു മതിയായി. ഇനിമേൽ വെട്ടുക്കിളികളെപ്പറ്റി എന്നോട് ഒന്നും പറയാതിരുന്നാൽ മതി."

ബുദ്ധിമാനായ കഥാകാരൻ അടുത്ത രാജാവായി രാജ്യം ഭരിച്ചു. അപ്പോഴൊക്കെ പഴയ രാജാവിന് ഒരപേക്ഷയേ ഉണ്ടായിരുന്നുള്ളൂ: "ദയവായി എന്നോടാരും കഥയൊന്നും പറയരുതേ!"

■

കാർഷികം

ജോഷി മുഞ്ഞനാട്ട്

# ചെത്തി

നമ്മുടെ പൂന്തോട്ടങ്ങളിൽ വളരെയെളുപ്പം വളർത്താവുന്ന ഒരു പൂച്ചെടിയാണ് ചെത്തി. ഇതിന് തെച്ചി, തെറ്റി എന്നൊക്കെ പേരുണ്ട്. റൂബിയേസി സസ്യകുലത്തിൽപ്പെടുന്ന ചെത്തി ഇക്സോറ എന്ന ജനുസിലാണ് ഉൾപ്പെടുക. ഈ ജനുസിൽ പലയിനങ്ങളുണ്ട്.

ഇന്ത്യയിൽ ജന്മംകൊണ്ട പൂച്ചെടിയായിട്ടാണ് ചെത്തിയെ കാണുന്നത്. പണ്ടേക്കുപണ്ടേ ചെത്തിക്കും പൂവിനം പ്രത്യേകമായ ഒരു സ്ഥാനംതന്നെയുണ്ട്. പ്രകാശമാനമായ കണ്ണഞ്ചിപ്പിക്കുന്ന ചുവന്ന പൂങ്കുലയാണ് ചെത്തിയുടെ അത്യാകർഷകമായ ഭാഗം. പൂങ്കുലയുടെ ഈ ചുവപ്പുനിറം നിമിത്തം ഇതിന് ഫ്ളെയിം ഓഫ് ദി വുഡ്, ജംഗിൾ ഫ്ളെയിം, ജംഗിൾ ജറേനിയ എന്നൊക്കെ വിളിപ്പേരും ഇവയ്ക്കുണ്ട്. തീജ്വാലയോടു സമാനമാണ് ഇതിന്റെ നിറം. ചെത്തിയിൽ ചുവപ്പിനു പുറമേ വെള്ള, മഞ്ഞ, ഓറഞ്ച്, ഇളംചുവപ്പ് എന്നിങ്ങനെ പല നിറങ്ങളിലുള്ള പൂക്കളുണ്ടാകുന്നവയും ഉണ്ട്. പ്രധാനമായും വേനൽക്കാലത്താണ് ചെത്തി പുഷ്പിക്കുന്നത്.

തെച്ചിക്കു വയറുവേദന ശമിപ്പിക്കാനും വയറിന് അസുഖമുണ്ടാക്കുന്ന ചില പ്രത്യേക അണുക്കളെ നശിപ്പിക്കാനും കഴിവുള്ളതായി പറയപ്പെടുന്നു. വ്രണവും, മുറിവുകളും പഴുക്കാതെ ഉണങ്ങാൻ സഹായിക്കുന്ന ആന്റിസെപ്റ്റിക് കൂടിയാണ് തെച്ചി.

ചൊറി, ചിരങ്ങ്, പുഴുക്കടി തുടങ്ങിയവയ്ക്ക് തെച്ചിപ്പൂവ് അരച്ച് വെളിച്ചെണ്ണയിൽ കാച്ചി



പുരട്ടാൻ പഴയ കാലങ്ങളിൽ ഉപയോഗിച്ചിരുന്നു. ചെത്തിപ്പൂവിട്ട് കാച്ചി തലയിൽ തേക്കാനും ഉപയോഗിച്ചിരുന്നു.

കമ്പുകൾ മുറിച്ചുവച്ചും തൈകൾ നട്ടും ഇവ വളർത്താം. നല്ല സൂര്യപ്രകാശമുള്ള സ്ഥലത്ത് നന്നായി വളരും. അടിവളമായി ചാണകപ്പൊടി, കംമ്പോസ്റ്റ് എന്നിവ ചേർത്തുകൊടുത്താൽ മതിയാകും. വേനൽക്കാലങ്ങളിൽ നന്നായി നനച്ചുകൊടുക്കണം. ചെത്തിച്ചെടി തഴച്ചുവളരുമ്പോൾ കൊമ്പു കോതി നല്ല ആകൃതിയിൽ വളർത്താം.




11-ാം പേജ് തുടർച്ച

മരുതുകുളങ്ങര ഭവനത്തിനു മനം നിറഞ്ഞു. നീലകണ്ഠനെ പ്രതി നട്ടാലം മുഴുവൻ അഭിമാനം കൊണ്ടു.

ഗുരുകുലകാലത്ത് അനുഷ്ഠിച്ചു പോന്ന ദിനചര്യകളെല്ലാം പഠനാനന്തരവും നീലകണ്ഠൻ തുടർന്നു. ബ്രാഹ്മ മുഹൂർത്തത്തിൽത്തന്നെ ഉറക്കമുണരും. പ്രഭാതകൃത്യങ്ങളെല്ലാം കഴിഞ്ഞ് മരുതുക്കുളങ്ങരത്തറവാടിനു തെക്കേനടയിലുള്ള ഭദ്രകാളീക്ഷേത്രത്തിലേക്കു നടക്കും. വെട്ടം തെളിച്ചുകൊണ്ട് സന്തതസഹചാരി കുമാരനുമുണ്ടാകും കൂടെ. കുമാരൻ നീലകണ്ഠന്റെ ഒരു ബന്ധുവാണ്. മരുതുക്കുളങ്ങരയിൽത്തന്നെ വാസം.

പൂജാരി നടതുറക്കുംമുമ്പേ നീലകണ്ഠൻ ക്ഷേത്രനടയിലെത്തും. നീലകണ്ഠനെത്തിയാൽ നടതുറക്കാൻ സമയമായി എന്നു പൂജാരിക്കു നിശ്ചയം. നീലകണ്ഠനു നേരവും നാവും പിഴയ്ക്കില്ല.

വിശേഷനാളുകളിൽ നീലകണ്ഠൻ ദർശനത്തിനായി മാരിയമ്മൻ കോവിലിൽ പോകും. വില്ലുവണ്ടിയിലാകും യാത്ര. സാരഥിയായി കുമാരനുമുണ്ടാകും.

ക്ഷേത്രദർശനം കഴിഞ്ഞു നേരേ കളരിയിലേക്കാണു പോകുക. ആയുധാഭ്യാസം. കരവാൾ, ഉറുമി തുടങ്ങിയവ. പിന്നെ മെയ്യഭ്യാസവും. പഠിച്ചതൊക്കെയും പരിശീലിച്ചുറപ്പിക്കും. നീലകണ്ഠന് എതിരാളിയായി കളരിയിലും കൂട്ടുകാരൻ കുമാരൻ തന്നെ.

കളരിയഭ്യാസം കഴിഞ്ഞ് നേരേ മരുതുകുളങ്ങരയിലേക്ക്. ദേഹശുദ്ധി വരുത്തി പ്രഭാതഭക്ഷണം കഴിക്കും. ചെമ്പാവരിക്കഞ്ഞിയാണു പഥ്യം. നെയ്യ് ചേർത്ത കഞ്ഞി. കനലിൽ പൊള്ളിച്ചെടുത്ത പപ്പടം. കൊണ്ടാട്ടം, ഉപ്പിലിട്ടത് അത്രയേ വേണ്ടൂ. ആവതുണ്ടെങ്കിലും വിഭവങ്ങൾ അധികമൊന്നും ഭക്ഷണത്തിനുണ്ടാകാറില്ല. എല്ലാം മിതമായിട്ടു മതി.

ഭക്ഷണം കഴിഞ്ഞ് നീലകണ്ഠൻ നടക്കാനിറങ്ങും.

കൂട്ടിനു കുമാരനുണ്ടാവില്ല. ഒറ്റയ്ക്കാണു നടത്തം. വെയിലുറച്ചിട്ടുണ്ടാവില്ല. നീലകണ്ഠൻ നടക്കാനിറങ്ങുമ്പോൾ ഇളംകാറ്റ് വീശുന്നുണ്ടാകും. കാറ്റിൽ കനകാംബരവും ജമന്തിയും മണക്കുന്നുണ്ടാവും. കരിമ്പനക്കാടുകൾ മെല്ലെ ചാമരം വീശും. മുളങ്കാടുകൾ കീർത്തനം പാടും.

നടത്തം കരുവാൻ മാണിക്കന്റെ ആലയിലേക്കാവും. നീലകണ്ഠന്റെ മിത്രമാണ് കരുവാൻ മാണിക്കൻ. കാരിരുമ്പിന്റെ മനസ്സറിഞ്ഞ കൊല്ലപ്പണിക്കാരൻ.

മാണിക്കന്റെ അപ്പൻ കരുമാണ്ടി കരുവാൻ നട്ടാലമറിയുന്ന കൊല്ലപ്പണിക്കാരനായിരുന്നു. അസ്ത്രമൂർച്ചയുള്ള ആയുധങ്ങൾ പണിയുന്നവൻ. പത്മനാഭപുരം കൊട്ടാരത്തിലേക്കുള്ള ആയുധങ്ങൾ പണിതിരുന്നത് കരുവാൻ കരുമാണ്ടിയായിരുന്നു. കരുമാണ്ടിയുടെ കാലശേഷം മാണിക്കനായി നട്ടാലത്തിന്റെ കരുവാൻ.

(തുടരും)

സിനിമ



വിനീഷ് പി.പി.




മനുഷ്യന്റെ അടിസ്ഥാനവികാരങ്ങളിലൊന്നാണ് ഭയം. അനാദിയായ കാലം മുതൽ ഭയമെന്ന അവസ്ഥ മനുഷ്യനോടൊപ്പമുണ്ട്. അവന് അപ്രാപ്യമോ കീഴടക്കാൻ പറ്റാത്തതോ ആയ എതിരാളികൾ, അധികാരസ്ഥാനങ്ങൾ, ഭൂഭാഗങ്ങൾ, കാട് എന്നിവമുതൽ ഇരുട്ടും ഏകാന്തതയുമെല്ലാം ചിലപ്പോൾ മനുഷ്യനിൽ ഭയം വിതയ്ക്കുന്നു. മനുഷ്യൻ പുരോഗതിയുടെ പല ഘട്ടങ്ങളിൽ എത്തിനിൽക്കുമ്പോളും ഭയത്തിന്റെ പുതിയ മേഖലകൾ ഉണ്ടാകുണ്ട്.

രാഹുൽ സദാശിവൻ സംവിധാനം ചെയ്ത പുതിയ ചിത്രമായ ഭൂതകാലം ഇത്തരം വഴികളിലൂടെയാണു സഞ്ചരിക്കുന്നത്. മാനസികമായ ചില പ്രശ്നങ്ങൾ നേരിടുന്ന അമ്മയുടെയും ബി.ഫാം കോഴ്സ് കഴിഞ്ഞിട്ടും ജോലിയൊന്നുമാകാത്ത നിരാശയുമായി കഴിയുന്ന മകന്റെയും ജീവിതത്തിൽ കിടപ്പുരോഗിയായ അമ്മൂമ്മയുടെ മരണത്തോടെ സംഭവിക്കുന്ന അസ്വാഭാവികമായ രംഗസംവിധാനങ്ങളിലൂടെ ചിത്രം ആരംഭിക്കുന്നു. വിനുവിന്റെ അമ്മ ആശ വർഷങ്ങളായി വിഷാദരോഗത്തിന്റെ പിടിയിലാണ്. അവരുടെ പ്രശ്നങ്ങൾ ഡോക്ടറോടുള്ള തുറന്നുപറച്ചിലിലൂടെ തുടക്കത്തിൽ പ്രേക്ഷകർക്കും നല്ലൊരളവിൽ മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ആശയുടെ അമ്മയ്ക്കും സമാനപ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നു പറയുന്നു. മദ്യവും പുകവലിയും പതിവാക്കിയ വിനുവിന്റെ ഭൂതകാലത്തെക്കുറിച്ചും കാണികളിൽ സംശയങ്ങൾ ഉണ്ടാക്കുന്നത് ഇവർ താമസിക്കുന്ന വീടിന്റെ ചരിത്രമാണ്. അമാനുഷികതയിൽ വിശ്വസിക്കുന്നവർക്കും ശാസ്ത്രത്തിൽ വിശ്വസിക്കുന്നവർക്കും ഒരുപോലെ തൃപ്തിയേകുന്ന ഈ ചിത്രം ക്ലൈമാക്സിൽ ഞെട്ടിക്കുമെന്നതിൽ തർക്കമില്ല.

രണ്ടു മനുഷ്യരുടെ വ്യക്തിപരമായ അന്തഃസംഘർഷങ്ങളും അകൽച്ചകളും പറഞ്ഞുകൊണ്ട് സിനിമ പതിയെപ്പതിയെ അവർ ഇരുവരും നേരിടേണ്ടിവരുന്ന പൊതുവായതും ഭീതിജനകവുമായ സംഭവങ്ങളിലേക്കു കടക്കുകയാണ്. അടുത്ത കൂട്ടുകാരില്ലാത്ത വിനുവിന്റെ രാത്രിജീവിതത്തിനിടയിൽ സംഭവിക്കുന്ന പേടിപ്പെടുത്തുന്നതും ദുരൂഹവുമായ സംഭവങ്ങളിലൂടെയും ശബ്ദങ്ങളിലൂടെയും അവർ രണ്ടു പേരുമല്ലാതെ മറ്റാരുടെയൊക്കെയോ ചില സാന്നിധ്യങ്ങൾകൂടി അവിടെയുണ്ടെന്ന് അവൻ മനസ്സിലാക്കുന്നു. എന്നാൽ, ഇത്തരം വിചിത്രാനുഭവങ്ങളെ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനോ വിശദീകരിക്കുന്നതിനോ വിനുവിനു സാധിക്കുന്നില്ല. നിത്യജീവിതത്തിൽ അയാൾ നേരിടുന്ന മാനുഷികമായ പ്രതിസന്ധികൾക്കൊപ്പം ഇത്തരം പുതിയ അനുഭവങ്ങൾ അയാളെ നിലവിട്ട ഒരു മനുഷ്യനാക്കി മാറ്റുന്നു. ഇതേ അനുഭവങ്ങൾതന്നെയാണ് അയാളുടെ അമ്മയും അനുഭവിക്കുന്നത്. അംഗൻവാടി റ്റീച്ചറായ ആശയുടെ തുച്ഛവരുമാനത്തിലാണ് അവരുടെ ജീവിതം മുന്നോട്ടുപോകുന്നത്. അതിന്റെ പിരിമുറുക്കത്തിനിടയിൽ തൊഴിൽരഹിതനായ മകന്റെ നിരുത്തരവാദിത്വപരമായ പെരുമാറ്റങ്ങളും കൂടിയാവുമ്പോൾ പുതിയ പ്രതിസന്ധി അവർക്കു നേരിടേണ്ടിവരുന്നു.

ഒറ്റമുറിയുടെ പരിമിതിക്കകത്തു നിന്നുകൊണ്ടാണ് സിനിമ വികസിക്കുന്നത്. ഹൊററർ സിനിമകളുടെ പരിമിതിയും സാധ്യതകളുമാണ് അടച്ചുപൂട്ടപ്പെട്ട ഇത്തരം സ്ഥലങ്ങളിലെ ചിത്രീകരണങ്ങൾ. മങ്ങിയ വെളിച്ചം, നിറമില്ലാത്ത ചുമരുകൾ, കഥാപാത്രങ്ങളുടെ അന്തഃസംഘർഷങ്ങൾ, നിരാശ എന്നിവയെല്ലാം പ്രേക്ഷകനിലേക്കു കൃത്യമായി സംവേദനം ചെയ്യാൻ ഈ പശ്ചാത്തലങ്ങൾക്കു സാധിച്ചിട്ടുണ്ട്. ചുരുക്കം കഥാപാത്രങ്ങളുള്ള ചിത്രത്തിൽ വീട്ടിനുള്ളിലെ ദൃശ്യങ്ങളാണ് കൂടുതൽ നേരവും കാണാനുള്ളത്. കാഴ്ചക്കാർക്ക് ഇതുമായി പൊരുത്തപ്പെടാൻ കുറച്ചു സമയമെടുക്കുമെങ്കിലും ബോറടിപ്പിക്കുന്നില്ല. ടൈറ്റിലും ചെറിയ ശബ്ദങ്ങളും നിശ്ശബ്ദതയും കഥാപാത്രങ്ങളുടെ മാനസികാവസ്ഥയും കൂട്ടത്തിലൊരാളുടെ മരണവും എല്ലാം പ്രേക്ഷകരിലും പതിയെ മാറ്റങ്ങൾ വരുത്തും. സിനിമ ക്രിയേറ്റു ചെയ്യുന്ന മൂഡിലേക്കു പ്രേക്ഷകരെ എത്തിക്കാൻ അനുയോജ്യമായ സാഹചര്യം ഒരുക്കിയെടുക്കാനും ക്ലൈമാക്സിൽ സംതൃപ്തി നൽകാനും കഴിഞ്ഞതിലൂടെ സംവിധായകൻ തന്റെ സംരംഭത്തെ വിജയപ്പിച്ചിരിക്കുന്നു.

ഹൊററർ സിനിമകളുടെ സ്ഥിരം ഘടകങ്ങളായ അതിഭീകരശബ്ദങ്ങൾ, കഥാഗതിയുടെ ഏതെങ്കിലുമൊരു ഘട്ടത്തിൽ ചോരയിറ്റു വീഴുന്ന ദംഷ്ട്രകളുമായി പ്രത്യക്ഷപ്പെടുന്ന ഭീകരസത്വം, മന്ത്രവാദത്തിന്റെ പശ്ചാത്തലം, മഴ, കൊടുങ്കാറ്റ് ഇവയുടെയൊന്നും സാന്നിധ്യമില്ലാതെതന്നെ പ്രേക്ഷകമനസ്സിൽ ഭീതിയുടെ സൂക്ഷ്മമാപിനികൾ ഉയർത്താൻ കഥാപരിസരമായ, നിറമില്ലാത്ത ചുമരുകളോടുകൂടിയ വീടിനു കഴിയുന്നുണ്ട്.

രേവതി, ഷെയിൻ നിഗം എന്നിവരുടെ പ്രകടനമാണ് ചിത്രത്തിന്റെ നട്ടെല്ല്. ഒന്നേമുക്കാൽ മണിക്കൂറിൽ ഭൂരിഭാഗം സമയവും നമ്മൾ ഇവരെത്തന്നെയാണു കണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ അവരുടെ പ്രകടനം വളരെയധികം നിർണായകമായിരുന്നു. അതിനനുസരിച്ച് രണ്ടുപേരും തകർത്ത് അഭിനയിച്ചിട്ടുമുണ്ട്.

വ്യക്തിയുടെ മാനസികസമ്മർദങ്ങളെ/പ്രശ്നങ്ങളെ ഭ്രാന്ത് എന്ന ഒറ്റക്കുറ്റിയിലേക്കു തളച്ചിടുന്ന പരമ്പരാഗതമായ പ്രവണതയ്ക്കു വലിയ പ്രോത്സാഹനം നൽകാതെ ഒരു മാനസികാരോഗ്യവിദഗ്ധന്റെ സഹായം തേടാൻ പ്രേരിപ്പിക്കുന്ന ചില മനുഷ്യരെക്കൂടി സിനിമയിൽ കാണാം. സൈക്കോളജിസ്റ്റായി വരുന്ന സൈജു കുറുപ്പും ജെയിംസ് ഏലിയ, ആതിര പട്ടേൽ, അഭിറാം രാധാകൃഷ്ണൻ, വൽസല മേനോൻ, മഞ്ജു പത്രോസ്, റിയാസ് നർമകല എന്നിവരും ചിത്രത്തിൽ അഭിനയിക്കുന്നു. രാഹുൽ സദാശിവനും ശ്രീകുമാർ ശ്രേയസ്സും ചേർന്നൊരുക്കിയ തിരക്കഥയാണു ചിത്രത്തിന്റെ കാതൽ. ഷെഹ്നാദ് ജലാലിന്റെ ഛായാഗ്രഹണം സിനിമയുടെ ഉദ്വേഗജനതയെ പ്രേക്ഷകരിലേക്കു കൃത്യമായി സന്നിവേശിപ്പിക്കുന്നതിൽ വിജയിച്ചിരിക്കുന്നു. ഭീതിയുടെയും ആകാംക്ഷയുടെയും സംവേദനങ്ങൾ ദൃശ്യങ്ങളിലൂടെ മാത്രമല്ല പശ്ചാത്തലസംഗീതത്തിലൂടെ പകരാൻ ഗോപി സുന്ദറിനും കഴിഞ്ഞു. എഡിറ്റിങ് നിർവഹിച്ചിരിക്കുന്നത് ഷഫീഖ് മുഹമ്മദാണ്. സിനിമയിലെ ഏകഗാനം ഷെയ്ൻ നിഗം എഴുതി ആലപിച്ചിരിക്കുന്നു. ■

---



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# വിഭക്തിയോടു വിരക്തിയോ?

നമ്മുടെ മാതൃഭാഷ നന്നായി കൈകാര്യം ചെയ്യാൻ ആവശ്യമാണെന്നു മനസ്സിലാക്കിയതുകൊണ്ടാണ് താഴ്ന്ന ക്ലാസിൽത്തന്നെ വിഭക്തി പഠിപ്പിക്കുന്നത്. വാക്യത്തിലെ മറ്റു പദങ്ങളുമായുള്ള ബന്ധത്തെ കുറിക്കാൻ നാമത്തിൽ വരുത്തുന്ന രൂപഭേദമാണ് വിഭക്തി. അങ്ങനെ രൂപഭേദം വരുത്താൻ ചേർക്കുന്ന പ്രത്യയങ്ങളാണ് പ്രധാനം. ഓരോ വിഭക്തിക്കും പ്രത്യേകം പ്രത്യേകം പ്രത്യയമാണുതാനും. ഇതു ഗ്രഹിക്കാതെ ഭാഷയിൽ എന്തെഴുതിയാലും ശരിയാവുകയില്ല. പള്ളിക്കൂടത്തിൽ വിഭക്തി പഠിപ്പിച്ചപ്പോൾ ക്ലാസിൽ കയറാത്തവർ ഗാനരചനാരംഗത്തുണ്ടെന്ന് ഇതിനകംതന്നെ തെളിഞ്ഞിട്ടുള്ളതാണ്. ഏറ്റവും ഒടുവിലത്തെ ഉദാഹരണം ഇതാ:

"നീയും ഞാനും ചേരുമൊരു പകലേ പകലേ
ചേരും മുമ്പെ മായരുതെ നീയിനി അകലേ
ആകാശംപോൽ നീ
ഞാൻ താഴെയേതോ കടലേ" (ചിത്രം-സുമേഷ് രമേഷ്; രചന-വിനായക് ശശികുമാർ; സംഗീതം-യക്സാൻ ഗാരി പെരേര, നേഹ എസ്. നായർ; ആലാപനം - സംഗീത്, സ്നേഹ എസ്. നായർ) ഗാനത്തിൽ പ്രാസമാകാം. പക്ഷേ, അത് ഔചിത്യത്തിനു നിരക്കുന്നതാകണം. ഇതാ ഇങ്ങനെ:

"മൊഞ്ചത്തിപ്പെണ്ണേ നിൻ ചുണ്ട് - നല്ല
ചുവന്ന താമരച്ചെണ്ട്
പറന്നു വന്നൊരു വണ്ട് - അതിൽ
മധുവും കാത്തിരുപ്പുണ്ട്." (ചിത്രം - മരം)

യൂസഫലി കേച്ചേരി എഴുതിയ ഈ വരികളിൽ അന്ത്യപ്രാസത്തിന്റെ അനായാസകരമായ പ്രയോഗവും അതുമൂലം ഇവയ്ക്കു വന്നുചേർന്ന ശ്രവണസുഖവും നാം തിരിച്ചറിയുന്നു. എന്നാൽ 'സുമേഷ് & രമേഷ്' എന്ന ചിത്രത്തിലെ ഗാനം ഇത്തരത്തിലാണോ? രണ്ടാമത്തെ വരിയിലെ 'അകലേ' എന്നതിനൊപ്പം നില്ക്കാൻ പാകത്തിൽ പകലിനെ 'പകലേ' (ഒരിക്കലല്ല, രണ്ടുതവണ) എന്നും കടലിനെ 'കടലേ' എന്നും രൂപഭേദം വരുത്തിയപ്പോൾ ഗാനം അരോചകമായി. അമൃതസമാനമായ ഭാഷയാണ് മലയാളം. അതിനെ കിരിയാത്തു കഷായംപോലെ കയ്പുളവാക്കുന്നതാക്കിയിരിക്കുന്ന പാട്ടെഴുത്തുകാരൻ.

"നീയും ഞാനും' (നായികാനായകന്മാർ) സംഗമിക്കുന്നത് ഒരു പകലിലാണെന്നു നമ്മെ അറിയിക്കാനാണ് ഈ പുകിലെല്ലാം. അവൻ ആകാശംപോലെ ഉയരെയും താൻ കടൽപോലെ താഴെയുമാണെന്നു വേറേ പറയുന്നുമുണ്ട് നായിക. ഈ നാലു വരികൾ ചേർത്തു വച്ചാൽ നമുക്ക് വായിച്ചെടുക്കാനാകുന്ന ആശയമെന്തെന്നു രചയിതാവ് ചിന്തിച്ചിട്ടുണ്ടോ എന്ന് എനിക്കു നിശ്ചയം പോരാ. തെല്ലൊന്ന് ആലോചിച്ചിരുന്നുവെങ്കിൽ ഇങ്ങനെ കടകവിരുദ്ധമായ വരികൾ അദ്ദേഹത്തിന്റെ തൂലികത്തുമ്പിൽനിന്ന് ഊർന്നുവീഴുമായിരുന്നില്ല എന്നു തീർച്ച.

"ദൂരെ മോഹം മാരിവില്ലായ് മാറി
ദാഹം ഓരോ നോക്കിലാകെ വിങ്ങി
മറുപടി ഒരു വരി
അതിലൊരു മധുനിലാച്ചിരി
പല പല ഞൊടികളിൽ
തിരഞ്ഞു വാടുകയായ് ഞാൻ
നിൻ കവിളിലെ തൂമണം തേടി ഞാൻ
എൻ ഇതളായ് വരൂ നീയരികെ"

മോഹവും ദാഹവും കൂടാതെ പാട്ടെഴുത്തുകാർക്ക് ഇന്നും പേനയുന്താൻ സാധ്യമല്ലാത്ത സ്ഥിതിയാണ്. മാരിവില്ലും നിലാവും ഇപ്പോഴും അവർക്ക് പ്രിയപ്പെട്ട കാവ്യപ്രതീകങ്ങളാണ്. ചിലരെല്ലാം അന്തസ്സായി അവയെ ഉപയോഗിച്ച് നമ്മെ അദ്ഭുതപ്പെടുത്തി. ഇത് യുഗ്മഗാനമാണ്. നായകനും നായികയും വരികൾ മാറി മാറി പാടുന്നു എന്നല്ലാതെ അതിന് ഒരു വ്യവസ്ഥയുമില്ല.

"കസ്തൂരി മണക്കുന്നല്ലോ കാറ്റേ നീ വരുമ്പോൾ
കൺമണിയെക്കണ്ടുവോ നീ
കവിളിണ തഴുകിയോ നീ" (ചിത്രം - പിക്നിക്)

എന്നെഴുതി ശ്രീകുമാരൻ തമ്പി. നായികയുടെ കവിളുകളിലെ കസ്തൂരിഗന്ധം നായകനു മാത്രമല്ല ആസ്വാദകർക്കും നേരിട്ടനുഭവിപ്പിച്ചുതന്നു പ്രഗല്ഭനായ ഈ പാട്ടെഴുത്തുകാരൻ. നവീനഗാനരചയിതാവ് നായികയുടെ കവിളിലെ തൂമണം തേടി നടക്കുന്നു. അവൾ ഇതളായി അരികിലെത്താൻ (അതെങ്ങനെയെന്ന് അദ്ദേഹംതന്നെ പറഞ്ഞുതരണം) അതിയായ മോഹത്തോടെ കഴിയുകയും ചെയ്യുന്നു. ഈ രചയിതാവിനോടു സഹൃദയർക്ക് പുച്ഛമല്ലാതെ മറ്റെന്തു തോന്നാൻ?

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത് അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.



# ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

KTS PRODUCTS

www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും

LITHOS PAVING TILES
ISO 9001:2015





## Royal Industries
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008

Deepanalam Weekly
RNI No : 16998/68
Vol. 54 No. 45 Date of Publication 17 February 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org